## പതിനാലാം കേരള നിയമസഭ

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

### 65 -ാമത് റിപ്പോർട്ട്

**(2020 ഫെബ്രുവരി മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## 65-ാമത് റിപ്പോർട്ട്

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ)
2014 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ
വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ്
ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്

197/2020.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം : | | |
| 1. പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 47 |
| 2. ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 56 |

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. വി. ഡി. സതീശൻ, ചെയർമാൻ.

അംഗങ്ങൾ :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. എ. പ്രദീപ് കുമാർ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. എസ്. ശിവകുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ചിത്ര കെ. ഐ., അണ്ടർ സെക്രട്ടറി.

# മുഖവുര

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2014 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിന്മേൽ തയ്യാറാക്കിയ സമിതി (2019-2021) യുടെ 65-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2014 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 29-6-2015-ാം തീയതി സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

2020 ഫെബ്രുവരി മാസം 3-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2020 ഫെബ്രുവരി 3.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി*

## റിപ്പോർട്ട്

## വിനോദസഞ്ചാര വകുപ്പ്

## കേരളത്തിലെ വിനോദസഞ്ചാര ഫലപ്രാപ്തിയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ്

### ആമുഖം

ഭാരത സർക്കാരിന്റെ (ജി.ഒ.ഐ.) വിനോദസഞ്ചാരനയം (2002)-ന്റെ പ്രധാന ലക്ഷ്യം, സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സജീവ പങ്കാളിത്തത്തോടെ വിനോദസഞ്ചാര മേഖലയെ സാമ്പത്തിക വികസനത്തിന്റെ ഒരു പ്രധാന മാധ്യമമാക്കി നേരിട്ടും ഗുണിതഫലങ്ങളോടു കൂടിയതുമായ തൊഴിലവസരങ്ങളുടേയും സന്തുലിതമായ ദാരിദ്ര്യ നിർമ്മാർജനത്തിനുള്ള പ്രധാന ഉപാധിയാക്കി മാറ്റുക എന്നതാണ്. വിനോദ സഞ്ചാര നയത്തിന്റെ ഊന്നൽ നിയന്ത്രാവ് എന്നതിൽ നിന്നും പ്രേരകശക്തിയെന്ന തലത്തിലേക്ക് പുനർനിർവ്വചിക്കപ്പെട്ടു. താഴെപ്പറയുന്ന ഏഴ് പ്രധാന വിഭാഗങ്ങൾ വിനോദസഞ്ചാര വികസനത്തിന് ആക്കം കൂട്ടുന്നതായി സർക്കാർ നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(1) സംരചന - അടിസ്ഥാന സൗകര്യങ്ങളുടെ വികസനം.

(2) സൂചന - വിവര വിന്യാസവും യാത്രാസൗകര്യങ്ങൾ പ്രദാനം ചെയ്യലും.

(3) സഫായി - വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും കടൽത്തീരങ്ങളുടെയും ശുചിത്വം.

(4) സ്വാഗത് - ആതിഥ്യവും മറക്കാനാവാത്ത അനുഭവവും

(5) സുവിധ - സൗകര്യങ്ങളുടെ വികസനം.

(6) സഹയോഗ് - വകുപ്പുകൾ/ഏജൻസികളുടെ ഏകോപനം.

(7) സുരക്ഷ - സുരക്ഷിതത്വവും സംരക്ഷണ ഏർപ്പാടുകളും.

പ്രകൃതിദത്തവും സാംസ്കാരികവുമായ വിനോദസഞ്ചാര ആകർഷണങ്ങളുടെ അദ്വിതീയമായ ഒരു സഹവർത്തിത്വം കേരളത്തിലുണ്ട്. ഇത് വിനോദസഞ്ചാര വകുപ്പിനെ മുൻപന്തിയിലാക്കുന്നതിന് ഒരു ആക്കം കൊടുക്കുന്നു. സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ പ്രധാനമായും സാംസ്കാരിക കേന്ദ്രങ്ങളും (18 മ്യൂസിയങ്ങളും ചരിത്രസ്മാരകങ്ങളും ഏഴ് കോട്ടകളും പുണ്യസ്ഥലങ്ങളും) പ്രകൃതിദത്ത കേന്ദ്രങ്ങളുമായി (33 കടൽത്തീരങ്ങൾ, 16 കായലുകൾ, 26 ഹിൽസ്റ്റേഷനുകൾ, 14 വന്യജീവി സങ്കേതങ്ങൾ) തരംതിരിച്ചിട്ടുണ്ട്.

### വിനോദ സഞ്ചാര വകുപ്പിന്റെ കർത്തവ്യങ്ങൾ

വിനോദസഞ്ചാര വികസനത്തെ സംബന്ധിച്ച് വകുപ്പിന്റെ പ്രധാന കർത്തവ്യങ്ങൾ താഴെ പറയുന്നവയാണ്.

എ വിനോദസഞ്ചാരത്തിന്റെ ആസൂത്രണവും വികസനവും.

ബി വിനോദസഞ്ചാരത്തിന്റെ വിപണനവും പ്രോത്സാഹനവും.

സി മറ്റ് ഏജൻസികൾക്ക് വേണ്ട സഹായങ്ങൾ.

**ഘടനാ സംവിധാനം**

വിനോദ സഞ്ചാര വികസനത്തിനായി വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനം ആസ്പദമാക്കിയുള്ള രേഖാചിത്രം താഴെ കൊടുത്തിരിക്കുന്നു:

| | | | | |
|---|---|---|---|---|
| | **സെക്രട്ടറി**- സർക്കാർ തലത്തിലെ മേധാവി | | | |
| | **ഡയറക്ടർ** - വകുപ്പ് തലവൻ | | | |
| പ്ലാനിംഗ് ഓഫീസർ കേന്ദ്ര- സംസ്ഥാന പദ്ധതികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ജില്ലാ വിനോദ സഞ്ചാര വികസന സമിതികൾ, ഇക്കോ ടൂറിസം, വിവിധ സമിതികൾ, അവലോകന യോഗങ്ങൾ, ബഡ്ജറ്റും ധനവിന്യാസവും. | അഡീഷണൽ ഡയറക്ടർ (ജനറൽ) ഗവേഷണവും വിവരശേഖരണവും- സാമ്പത്തിക വിശകലനത്തിനുവേണ്ടി വിനോദ സഞ്ചാര വിവരങ്ങളും റിപ്പോർട്ടുകളും സമാഹരിക്കൽ | | | ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിംഗ്)- അച്ചടിയും ദൃശ്യമാധ്യമങ്ങളും വഴിയുള്ള പരസ്യം, പരിപാടികളുടെ പ്രയോജകത്വം, സംസ്ഥാനത്തിനകത്തുള്ള മേളകളും ഉത്സവങ്ങളും, ദേശീയ അന്തർ ദേശീയ മേളകൾ/ പ്രദർശനങ്ങൾ, റോഡ്ഷോകൾ |
| | റിസർച്ച് ഓഫീസർ സാമ്പത്തിക വിശകലത്തിനുവേണ്ടി വിനോദ സഞ്ചാര വിവരങ്ങളും റിപ്പോർട്ടുകളും സമാഹരിക്കുന്നു. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ- സ്ഥാപനപരവും ഭരണപരവുമായ കാര്യങ്ങൾ | ഫിനാൻസ് ഓഫീസർ ക്യാഷും അക്കൗണ്ട്സും, പരിശോധനയും ബഡ്ജറ്റും | |

**വിനോദസഞ്ചാര പ്രോജക്ടുകൾ/ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഏജൻസികൾ**

വിവിധ സ്ഥലങ്ങളിലേക്കുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുക, വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ ഏർപ്പാടാക്കുക, വിവിധ ഏജൻസികളെ ഏൽപ്പിച്ച പദ്ധതികളുടെ ഏകോപനം, ഭൂമി ഏറ്റെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാരുമായി ചേർന്ന് പ്രവർത്തിക്കുക ഇടങ്ങിയ പ്രവർത്തനങ്ങൾ വിനോദസഞ്ചാര വകുപ്പ് നേരിട്ട് നടപ്പാക്കുന്നു. വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാത്തതിനാൽ, അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ട പദ്ധതികൾ, ജലസേചന വകുപ്പ്, പൊതുമരാമത്തുവകുപ്പ്, കേന്ദ്ര പൊതുമരാമത്തുവകുപ്പ് മുതലായ വകുപ്പുകളിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളായ കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.ടി.ഡി.സി.), കേരള ഇൻഡസ്ട്രിയൽ ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ(കിറ്റ്കോ), കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ.), ബേക്കൽ റിസോർട്ട്സ് വികസന കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.), മറ്റ് ഏജൻസികളായ ജില്ലാ വിനോദസഞ്ചാര പ്രമോഷൻ കൗൺസിൽ (ഡി.ടി.പി.സി.), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) ഇടങ്ങിയവയിലൂടെയാണ് നടപ്പിലാക്കുന്നത്.

**കേരളത്തിലെ വിനോദസഞ്ചാര സംരഭങ്ങളുടെ നേട്ടങ്ങളും ലഭിച്ച അംഗീകാരങ്ങളും**

വിനോദസഞ്ചാര വികസനത്തിനുവേണ്ട വിപണന തന്ത്രങ്ങളുടെ ഭാഗമായി വിനോദ സഞ്ചാരവകുപ്പ് വിവിധ ദേശീയ അന്തർദേശീയ വിപണനമേളകളിൽ പങ്കെടുക്കുകയും റോഡ്ഷോകൾ നടത്തുകയും ഇത്തരം പ്രവർത്തനങ്ങളുടെ അംഗീകാരമായി പുരസ്കാരങ്ങൾ ലഭിക്കുകയും ചെയ്തത് താഴെ പറയുന്നു:

- നാഷണൽ ജ്യോഗ്രാഫിക് ചാനൽ (2004) സംസ്ഥാനത്തെ "ജീവിതകാലത്ത് കാണേണ്ട 50 ,സ്ഥലങ്ങളിൽ ഒന്ന് " ആയി തെരഞ്ഞെടുക്കുന്നു.
- ഇന്റർനാഷണൽ ടൂറിസം ബോർഷെ, ബെർളിൻ-കായലുകളുടെ അച്ചടി പ്രചരണത്തിനായുള്ള 2014-ലെ ഗോൾഡൻ സിറ്റിഗേറ്റ് ഗോൾഡ് പുരസ്കാരം; ആയുർവേദ പ്രചാരത്തിനായുള്ള ദാസ് ഗോൾജൻ സ്റ്റാറ്റ്ഡോർ പുരസ്കാരം 2013;
- പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പി.എ.റ്റി.എ.) 2013-ലും 2014-ലും ഇ-ന്യൂസ്‌ലെറ്ററിനായുള്ള ഗോൾഡ് പുരസ്കാരം, 2010-ലെ ഏറ്റവും നല്ല വെബ്സൈറ്റിനായുള്ള ഗോൾഡ് പുരസ്കാരം;
- വേൾഡ് ട്രാവൽ മാർട്ട്, ലണ്ടൻ (ഡബ്ല്യൂ.റ്റി.എം.)- ബെസ്റ്റ് സ്റ്റാൻഡ് പുരസ്കാരം, 2011-ഉം

- എഫ്.ഐ.ടി.യു.ആർ., സ്പെയിൻ- ഏറ്റവും മികച്ച അന്തർദേശീയ പ്രദർശന സ്റ്റാൻഡ് -കേരള വിനോദസഞ്ചാര പവലിയൻ, 2010, 2011, 2012, 2014 വർഷങ്ങളിലെ വിവര സാങ്കേതിക വിദ്യയുടെ ഏറ്റവും നൂതനമായ ഉപയോഗം/ഏറ്റവും നല്ല വെബ്സൈറ്റിനുള്ള ദേശീയ പുരസ്കാരം, 2012-13-ലെ ഏറ്റവും നല്ല സിവിക് മാനേജ്മെന്റ്- ഉത്തരവാദിത്വമുള്ള വിനോദസഞ്ചാരം കുമരകം, ഏറ്റവും നൂതന വിനോദസഞ്ചാര പദ്ധതി 2012-13 കൊച്ചി-മുസിരീസ് ബിനാലെ.

## ഓഡിറ്റ് ലക്ഷ്യങ്ങൾ

കേരള സർക്കാരിന്റെ (ജി.ഒ.കെ.) വിനോദസഞ്ചാര വകുപ്പിന് ലഭിച്ച അന്താരാഷ്ട്ര അംഗീകാരങ്ങളുടെ വെളിച്ചത്തിൽ ഏഴ് പ്രത്യേക ഊന്നൽ മേഖലകളായ സംരചന, സൂചന, സഫായി, സ്വാഗത്, സുവിധ, സഹയോഗ്, സുരക്ഷാ എന്നിവയിൽ വിനോദസഞ്ചാര വകുപ്പ് എത്രത്തോളം വിജയം നേടിയിട്ടുണ്ടെന്ന് മനസ്സിലാക്കാനായി ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തി.

## ഓഡിറ്റ് മാനദണ്ഡങ്ങൾ

ഓഡിറ്റ് മാനദണ്ഡങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു:

1. ദേശീയ വിനോദസഞ്ചാര നയം 2002, ഭാരത സർക്കാർ.
2. സംസ്ഥാന വിനോദസഞ്ചാര നയം 2012.
3. 2002-03 മുതൽ 2021-22 വരെയുള്ള വീക്ഷണ പദ്ധതി- ദർശനം 2025.
4. 2009 മുതൽ 2012 വരെയുള്ള കാലയളവിൽ വിനോദസഞ്ചാര വകുപ്പ് പ്രസിദ്ധീകരിച്ച സ്ഥിതിവിവര റിപ്പോർട്ടുകൾ.
5. വിനോദസഞ്ചാര വകുപ്പിന്റെ ഭരണ റിപ്പോർട്ടുകൾ (2009-10 മുതൽ 2012-13).
6. വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ.
7. ഭാരത സർക്കാരിന്റെ വിനോദസഞ്ചാര മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവുകൾ, സർക്കുലറുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ.
8. വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ, ഏജൻസികൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ നിയമങ്ങൾ, മാർഗ്ഗ നിർദ്ദേശങ്ങൾ, ഉത്തരവുകൾ.
9. കേരള വിനോദസഞ്ചാരം (സ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും) ആക്ട് 2005.
10. 12-ാം പഞ്ചവത്സരപദ്ധതി- വിനോദസഞ്ചാരത്തെപ്പറ്റിയുള്ള വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട്.

11. 2012-13-ലെ റിസൾട്ട്-ഫ്രെയിംവർക്ക് ഡോക്യുമെന്റ് (ആർ.എഫ്.ഡി.)- കേരളം.

12. വിനോദസഞ്ചാര വികസനത്തിനെക്കുറിച്ചുള്ള കേരളത്തിന്റെ സമീപനം-ഒരു കേസ് സ്റ്റഡി (ഭാരതസർക്കാർ വിനോദസഞ്ചാര സാംസ്കാരിക മന്ത്രാലയം)

## ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും

2009-10 മുതൽ 2013-14 വരെയുള്ള കാലയളവിലെ, വിനോദസഞ്ചാര ഡയറക്ടറേറ്റ്, കിറ്റ്കോ, ഡി.റ്റി.പി.സി., സി.പി.ഡബ്ല്യു.ഡി., കിറ്റ്സ് തുടങ്ങിയ വിവിധ ഏജൻസികൾ നടപ്പാക്കിയ വിവിധ വിനോദസഞ്ചാര പദ്ധതികൾ തുടങ്ങിയവയിലെ റിക്കോർഡുകൾ 2014 ജൂൺ മുതൽ 2015 ജനുവരിവരെയുള്ള കാലയളവിൽ പരിശോധിച്ചു. 438 പദ്ധതികളിൽ 107 എണ്ണം സിമ്പിൾ റാൻഡം സാമ്പ്ലിംഗ് രീതിയിലൂടെ തെരഞ്ഞെടുത്ത് വിശദമായ ഓഡിറ്റിന് വിധേയമാക്കി. തെളിവ് ശേഖരണത്തിന്റെ ഭാഗമായി വകുപ്പുദ്യോഗസ്ഥരുമായി ചേർന്ന് ഭൗതികപരിശോധന നടത്തുകയും സാധ്യമായ സ്ഥലങ്ങളിൽ നിന്നെല്ലാം ഫോട്ടോഗ്രാഫിക് തെളിവുകൾ ശേഖരിക്കുകയും ചെയ്തു.

2014 ജൂലൈ 31-ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുമായി ഒരു എൻട്രി കോൺഫറൻസ് നടത്തി ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, ഓഡിറ്റ് രീതി എന്നിവ ചർച്ച ചെയ്യുകയുണ്ടായി.

2015 മാർച്ച് 12-ന് സർക്കാർ അഡീഷണൽ സെക്രട്ടറിയും വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുമായി ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച നടത്തുന്നതിനായി ഒരു എക്സിറ്റ് കോൺഫറൻസ് നടത്തി. റിപ്പോർട്ട് പൂർത്തിയാക്കുന്ന അവസരത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ അഭിപ്രായങ്ങൾ/മറുപടികൾ പരിഗണിക്കപ്പെട്ടിരുന്നു.

## ഓഡിറ്റ് കണ്ടെത്തലുകൾ

### നയരൂപീകരണത്തിലും പദ്ധതി തയ്യാറാക്കലിലുമുണ്ടായ ന്യൂനതകൾ

### സംസ്ഥാനത്തിന്റെ വിനോദസഞ്ചാരനയം

1995-ലെ കേരള വിനോദസഞ്ചാരനയമാണ് സംസ്ഥാനത്തിലെ ആദ്യ വിനോദസഞ്ചാര നയവും അടിസ്ഥാന സൗകര്യങ്ങളുടെയും ഉല്പന്നവികസനം അഥവാ വിനോദസഞ്ചാര പ്രവർത്തനത്തിന്റെയും അടിസ്ഥാനം. 2012-ലെ രണ്ടാം നയത്തിൽ വിവിധ വകുപ്പുകളായ തദ്ദേശസ്വയംഭരണം, ആരോഗ്യം, തുറമുഖം, കൃഷി, മൃഗസംരക്ഷണം, മത്സ്യം, സാംസ്കാരികം, വനം, ജലസേചനം തുടങ്ങിയവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ വിനോദസഞ്ചാര വിഭവങ്ങളുടെ വികസനവും മാനേജ്മെന്റും ലക്ഷ്യമിട്ടു.

വിവിധ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ നൽകുക, ഹോട്ടലുകളിലും സന്ദർശന കേന്ദ്രങ്ങളിലും തുടർച്ചയായ മെച്ചപ്പെട്ട സേവനം വികസിപ്പിക്കുക, വിവിധ സ്ഥലങ്ങളിലെ സന്ദർശക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, നിലനിർത്തുക, തദ്ദേശീയ കേന്ദ്രങ്ങളുടെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിപാലനം നടത്തുക എന്നിവയിലൂടെ ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം നൽകാൻ ഇതിലൂടെ ലക്ഷ്യമിട്ടു. ഈ

നയത്തിൽ, മാലിന്യ സംസ്കരണം ഉറപ്പുവരുത്തൽ, തെരുവുവിളക്കുകൾ, വിവിധ സ്ഥലങ്ങളിലേക്കുള്ള എളുപ്പത്തിലുള്ള പ്രവേശനം, ജലവിതരണ സംവിധാനത്തിന്റെ വിപുലീകരണം തുടങ്ങിയ പ്രധാന പദ്ധതികളും പ്രധാന സ്ഥലങ്ങളിലേയും അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഉൾപ്പെടുന്നു.

വിനോദസഞ്ചാര വികസനത്തിനായി തയ്യാറാക്കിയ ഫ്രെയിംവർക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന വിവരങ്ങൾ വെളിവായി.

- 2012-ലെ വിനോദസഞ്ചാരനയത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (എൽ.എസ്സ്.ജി.ഡി.), വനം-വന്യജീവി, തുറമുഖം, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് (കെ.എസ്.ഇ.ബി.), ജലസേചനം, മത്സ്യബന്ധനം, കൃഷി, മൃഗസംരക്ഷണം എന്നിവയുടെ ഏകോപനം ലക്ഷ്യമിട്ടെങ്കിലും ഓരോ വകുപ്പിന്റെയും കടമകളും കർത്തവ്യങ്ങളും വ്യക്തമാക്കിയില്ല;
- ദീർഘകാലാടിസ്ഥാനത്തിൽ, വിവിധ സ്ഥലങ്ങളിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന സമഗ്രമായ മാസ്റ്റർ പ്ലാൻ വകുപ്പ് തയ്യാറാക്കിയില്ല.

സംസ്ഥാനത്തിന്റെ വിനോദസഞ്ചാരനയം, ദേശീയ വിനോദസഞ്ചാരനയം 2002-നെക്കാൾ ബഹുദൂരം മുന്നിലാണെന്ന് വിനോദസഞ്ചാരവകുപ്പ് സെക്രട്ടറി എൻട്രി കോൺഫറൻസിൽ പ്രസ്താവിച്ചു. എന്നാൽ തീർത്ഥാടന വിനോദസഞ്ചാരം, സാഹസിക വിനോദസഞ്ചാരം, സുഗന്ധവ്യഞ്ജന വിനോദസഞ്ചാരം തുടങ്ങിയ വിനോദസഞ്ചാരത്തിന്റെ കാതലായ വിഷയങ്ങളെ, 2012 കേരള വിനോദസഞ്ചാരനയത്തിൽ വിഭാവനം ചെയ്തു പോലെ വേണ്ടവിധം പര്യവേക്ഷണം ചെയ്തിരുന്നില്ല.

## കാബിനറ്റ് കമ്മിറ്റിയും കർമ്മസേനയും വിനോദസഞ്ചാരപുരോഗതിക്കും വികസനത്തിനുമായി വിനോദസഞ്ചാര സമിതി/കൗൺസിലുകൾ രൂപീകരിക്കാത്തത്

### കാബിനറ്റ് കമ്മിറ്റിയും കർമ്മസേനയും

ഭൂമി, ഫണ്ട്, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യാനായി വിവിധ സമിതികൾ രൂപീകരിക്കാൻ 2012-ലെ വിനോദസഞ്ചാരനയങ്ങൾ വിഭാവനം ചെയ്തിരുന്നത് ചുവടെ പറയുംവിധമാണ്:

എ വിനോദസഞ്ചാരത്തിന്റെ കാബിനറ്റ് സമിതി - വിനോദസഞ്ചാര മേഖലയിൽ അത്യന്താപേക്ഷിതമായ അടിസ്ഥാന സൗകര്യ പദ്ധതികൾ തയ്യാറാക്കാനായി.

ബി അടിസ്ഥാന സൗകര്യവികസനത്തിനായുള്ള കർമ്മസേന- അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട ഉചിതവും പ്രാധാന്യമുള്ളതുമായ പദ്ധതികൾ ആവിഷ്കരിക്കാൻ വിനോദസഞ്ചാര മേഖലയിലെ അംഗങ്ങളും വിവിധ വകുപ്പു പ്രതിനിധികളുമായി കൂടിയാലോചന നടത്താൻ.

സി കേരള മാലിന്യരഹിതകേന്ദ്രം (കെ.ഡബ്ല്യൂ.എഫ്.ഡി.) ഫലപ്രദമാക്കുന്നതിനുള്ള കർമ്മസേന വിനോദസഞ്ചാര വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏകോപിച്ച് മാലിന്യസംസ്കരണം നടത്താനും പ്രധാന വിനോദസഞ്ചാര ഇടനാഴികൾ വൃത്തിയായി സൂക്ഷിക്കാനും സഹായിക്കുക.

നയത്തിൽ പറയും പ്രകാരം, ഈ സമിതികൾ വിനോദസഞ്ചാര പദ്ധതികളുടെ ഫലപ്രദമായ നടപ്പാക്കലിൽ ഒരു പ്രധാന പങ്ക വഹിക്കുന്നു. എന്നാൽ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് നിർദ്ദേശം സമർപ്പിക്കാത്തതിനാൽ ഈ സമിതികൾ ഇതുവരെയും രൂപവൽക്കരിച്ചില്ല.

**പ്രധാനകേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലെ പരാജയം**

സമയബന്ധിതമായി വികസന പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ, ഓരോ കേന്ദ്രത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്. താഴെപറയുന്ന പദ്ധതികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ വേണ്ട ഒൻപത് പ്രധാന കേന്ദ്രങ്ങളിലായി വകുപ്പ് അഞ്ച് കൺസൾട്ടന്റുമാരെ ഏർപ്പാടാക്കാൻ അനുമതി നൽകി.

**പട്ടിക : മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | അനുമതി നൽകിയ വർഷം |
|---|---|---|
| 1 | ഫോർട്ട് കൊച്ചി, എറണാകുളം, തേക്കടിയും പരിസരപ്രദേശങ്ങളും, കോട്ടയത്തെ കുമരകം, കോവളം-പൂവാർ വിനോദസഞ്ചാര ഇടനാഴി എന്നിവിടങ്ങളിൽ 30 വർഷ മുൻകൂർ വീക്ഷണം തയ്യാറാക്കൽ. | 2012-13 |
| 2 | കൊല്ലം ജില്ലയിലെ അഷ്ടമുടി, തിരുവനന്തപുരത്തെ ഗോൾഡൻ വാലി, കാലടി-മലയാറ്റൂർ അതിരപ്പള്ളി വിനോദസഞ്ചാര സർക്യൂട്ട്, നിലമ്പൂർ-കക്കയം-പെരുവണ്ണാമൂഴി എന്നിവയ്ക്കായുള്ള മാസ്റ്റർപ്ലാൻ. | 2013-14 |

2014 മാർച്ചിനും 2015 മാർച്ചിനുമിടയിൽ കൺസൾട്ടന്റുമാർ അവരുടെ റിപ്പോർട്ട് ഡയറക്ടർക്ക് നൽകി. ഈ റിപ്പോർട്ടുകൾ പരിശോധനക്കും തുടർന്ന് സർക്കാരിലേക്കുള്ള സമർപ്പണത്തിനുമായി ഡയറക്ടറുടെ പക്കൽ അനിശ്ചിതമായി ഇരിക്കുന്നതായി കാണപ്പെട്ടു. ഈ കാലയളവിൽ ജില്ലാ വിനോദസഞ്ചാര വികസന കൗൺസിൽ/

കേന്ദ്രമാനേജ്മെന്റ് കൗൺസിൽ, കേന്ദ്രങ്ങൾ പരിപാലിച്ച. മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിലെ കാലതാമസം കേന്ദ്രങ്ങൾ പരിപാലിക്കാനുള്ള മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിലെ കാലതാമസം വിനോദസഞ്ചാരപ്രവർത്തനങ്ങൾ അനൗപചാരികമായി കൈകാര്യം ചെയ്യാനിടയായി.

*[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ 2.7 മുതൽ 2.7.1.3 വരെയുള്ള ഖണ്ഡികകൾ]*

*(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)*

1. സംസ്ഥാനത്തിന്റെ വിനോദസഞ്ചാരനയം പരിഗണിച്ച സമിതി, കേന്ദ്രസർക്കാരിന്റെ ദേശീയ വിനോദസഞ്ചാര നയത്തിനനുസൃതമായി സംസ്ഥാനത്ത് പുതിയ വിനോദസഞ്ചാരനയം രൂപീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞതിന് അന്തർദ്ദേശീയ വിനോദസഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം അമ്പത് ശതമാനം വർദ്ധിപ്പിക്കുന്നതിനും ആയതിനായുള്ള മാസ്റ്റർപ്ലാനും ഇൻഫ്രാസ്ട്രക്ചറും തയ്യാറാക്കുന്നതിനായി 2017 നവംബറിൽ സർക്കാർ പുതിയ വിനോദസഞ്ചാരനയം പ്രഖ്യാപിച്ചിട്ടുണ്ടെന്നും ആയതിന്റെ പകുതിയിലേറെ പരിപാടികളും പൂർത്തിയായിട്ടുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഓരോ ജില്ലയിലും സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഡയറക്ടർ വ്യക്തമാക്കി.

2. ഫാം ടൂറിസത്തിന്റെ സാധ്യതകളെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് 50 ഏക്കർ ഭൂമിയുണ്ടെങ്കിൽ ഫാമായി കണക്കാക്കുമെന്നും പ്ലാന്റേഷൻ സെക്ടറിൽ 15 ഏക്കർ ഭൂമിയുണ്ടാകണമെന്നും ഇത്രയും ഏക്കർ ഭൂമിയുള്ള വ്യക്തികൾ കുറവായതിനാൽ 15 ഏക്കർ എന്നത് 5 ഏക്കറായി കുറയ്ക്കണമെന്ന പുതിയ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്നും ഇതുവഴി ഹോം സ്റ്റേ പോലെ ഫാം സ്റ്റേകൾ കൊണ്ടുവരാൻ സാധിക്കുമെന്നും പ്രസ്തുത ആവശ്യം സർക്കാരിന്റെ പരിഗണനയിലാണെന്നും വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

3. ഫാം ടൂറിസത്തിന്റെ പേരിൽ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് റോഡുണ്ടാക്കി കൃഷിസ്ഥലം നികത്തുന്ന രീതി ഇപ്പോൾ നിലവിലുണ്ടെന്നും ഇപ്രകാരം ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ വകുപ്പിന്റെ ഭാഗത്ത് ഇത് സംബന്ധിച്ച് ജാഗ്രതയുണ്ടായിരിക്കണമെന്നും കൃഷിഭൂമി സംരക്ഷിച്ചുകൊണ്ട് മാത്രമേ പ്രോജക്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവൂയെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി.

4. തീർത്ഥാടന വിനോദസഞ്ചാരം, സാഹസികവിനോദസഞ്ചാരം, സുഗന്ധ വ്യഞ്ജന വിനോദസഞ്ചാരം തുടങ്ങിയവ വിനോദസഞ്ചാരനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വകുപ്പിനോട് ആരാഞ്ഞതിന്, ഇവയെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും സാഹസിക വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് ഒരു മാർഗ്ഗരേഖ സർക്കാരിന് സമർപ്പിച്ചതായും വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ അറിയിച്ചു. സാഹസിക വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും ആയതിന് സാമ്പത്തികസഹായവും പിന്തുണയുമാണ് വകുപ്പ് നൽകി വരുന്നതെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. ഇക്കാര്യത്തിൽ വകുപ്പിന്റെ മേൽനോട്ടമുണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു.

5. 2012-ലെ ടൂറിസം നയത്തിൽ പറഞ്ഞിട്ടുള്ള കമ്മിറ്റികളുടെ രൂപീകരണം സംബന്ധിച്ച് ഇപ്പോഴത്തെ പോളിസിയിൽ വ്യക്തമാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് 2017-ലെ വിനോദസഞ്ചാര നയപ്രകാരം മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള 'ക്യാബിനറ്റ് കമ്മിറ്റി ഓൺ ടൂറിസം' എന്ന പേരിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ജലവിഭവം, റവന്യൂ, തദ്ദേശസ്വയംഭരണം, പരിസ്ഥിതി, വനം എന്നീ വകുപ്പുമന്ത്രിമാരും, സെക്രട്ടറിമാരും പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളാണെന്നും വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു. വനം, ജലവിഭവം തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പിനുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് മുഖ്യമന്ത്രി ചെയർമാൻ ആയിട്ടുള്ള സബ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതെന്നും ഓരോ നിയമസഭാ മണ്ഡലങ്ങളിലേയും വിനോദസഞ്ചാര പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനായി പ്രസ്തുത മണ്ഡലങ്ങളിലെ എം.എൽ.എ. അദ്ധ്യക്ഷനായ "ഡെസ്റ്റിനേഷൻ മോണിറ്ററിംഗ് കമ്മിറ്റിയും" രൂപീകരിച്ചിട്ടുണ്ടെന്നും, ഡെപ്യൂട്ടി ഡയറക്ടറും, ഡി.ടി.പി.സി. സെക്രട്ടറിയും ഇതിന്റെ കൺവീനർമാരാണെന്നും വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ അറിയിച്ചു.

6. വിനോദസഞ്ചാരവികസനത്തിനായി ആരംഭിച്ച വൻ തുകകൾ മുടക്കമുതലുള്ള മിക്ക പദ്ധതികളും പല കാരണങ്ങളാൽ വർഷങ്ങളായി പ്രവർത്തനരഹിതമാണെന്നും ആയതിനാൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇപ്പോൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന പദ്ധതികൾ നവീകരിച്ച് നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും നല്ലൊരു തുക വേണ്ടി വരുമെന്നും അടുത്ത വർഷത്തെ എസ്റ്റിമേറ്റ് പ്ലാൻ തയ്യാറാക്കുമ്പോൾ ഇതിനായി തുക മാറ്റി വയ്ക്കേണ്ടതുണ്ടെന്നും എല്ലാ വർഷവും അതിനായി തുക വകയിരുത്തണമെന്നും സമിതി ചൂണ്ടിക്കാട്ടി. ഇത് സംബന്ധിച്ച് വകുപ്പിന് തുറന്ന നിലപാടാണുള്ളതെന്നും പ്ലാൻഫണ്ട് ഉപയോഗിക്കുന്നത് പുതിയ പദ്ധതികൾക്ക് വേണ്ടിയാണെന്നും ഇപ്പോഴുള്ള വിനോദസഞ്ചാരകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ചിട്ടുള്ള 'ഗ്രീൻ കാർപ്പെറ്റ് ഇനിഷ്യേറ്റ് ' എന്ന പദ്ധതിയ്ക്കായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ

വ്യക്തമാക്കി. എം.എൽ.എ.-മാർ അവരവരുടെ മണ്ഡലങ്ങളിലെ വിനോദസഞ്ചാര വികസനം സംബന്ധിച്ച കമ്മിറ്റിയിൽ എടുക്കുന്ന തീരുമാനങ്ങൾ യഥാസമയം വകുപ്പിനെ അറിയിക്കുകയാണെങ്കിൽ പല വിനോദസഞ്ചാര പദ്ധതികളും നല്ല രീതിയിൽ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് നൽകി.

7. 30 വർഷത്തെ വികസനം മുന്നിൽ കണ്ട് കൊണ്ട് ഒൻപത് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾക്കായി അഞ്ച് കൺസൾട്ടൻസികൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചുവെങ്കിലും നാളിതുവരെ ഫോർട്ട് കൊച്ചിയുടെ മാസ്റ്റർപ്ലാൻ മാത്രമാണ് അംഗീകരിച്ചതെന്ന് സമിതി വിലയിരുത്തി. 2014-15-ൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചുവെങ്കിലും നാളിതുവരെ അംഗീകാരം ലഭിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു.

8. പത്തോളം മാസ്റ്റർ പ്ലാനുകളുടെ കരട് തയ്യാറാക്കിയതായും എന്നാൽ മാസ്റ്റർപ്ലാൻ പൂർണ്ണമായും നടപ്പിലാക്കാൻ വിനോദസഞ്ചാരവകുപ്പിന് മാത്രമായി കഴിയുകയില്ലെന്നും നഗരകാര്യ-തദ്ദേശസ്വയംഭരണവകുപ്പുകളുമായി യോജിച്ച് പ്രവർത്തിക്കുകയും, വ്യവസായ സംരംഭകർ അനുകൂലിക്കുകയും ചെയ്താൽ മാത്രമേ ഇത്തരം പ്രവർത്തനങ്ങൾ വിനോദസഞ്ചാരവകുപ്പിന് ഏറ്റെടുക്കാൻ സാധിക്കുകയുള്ളുവെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

9. മുൻപ് പ്രഖ്യാപിച്ച ടൂറിസം പോളിസി എത്രമാത്രം നടപ്പിലാക്കി, എന്തുകൊണ്ട് അത് പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചതിന് ശേഷം മാത്രമാണ് പുതിയ പോളിസിയുണ്ടാക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു. മാസ്റ്റർ പ്ലാൻ തയ്യാറാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് പരാമർശം വന്നിട്ടുള്ളത് 2013-14-ൽ ആണെന്നും തുടർന്ന് നാലുവർഷം കഴിഞ്ഞിട്ടും മാസ്റ്റർപ്ലാനിന്റെ കരടുപോലും അംഗീകരിച്ചു ലഭിച്ചിട്ടില്ലായെന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. മൂന്ന് വർഷമായിട്ടും പ്രസ്തുത മാസ്റ്റർപ്ലാനിന്റെ കരട് ഡയറക്ടറുടെ കൈവശം തീർപ്പാകാതെ തുടരുന്നതിനെ സമിതി രൂക്ഷമായി വിമർശിച്ചു. പല പ്രധാന കേന്ദ്രങ്ങളുടെയും വികസനത്തിനായുള്ള പദ്ധതികൾക്കായി തുക അനുവദിച്ച് ലഭ്യമായിട്ടും മാസ്റ്റർപ്ലാൻ അംഗീകരിക്കാത്തത് കാരണം ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയുടെ 50% വരെ ഉപേക്ഷിച്ചിരിക്കുകയാണെന്നും സമിതി ചൂണ്ടിക്കാട്ടി.

10. സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർപ്ലാൻ അംഗീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം, 4 വർഷമായിട്ടും ഇതുവരെ മാസ്റ്റർപ്ലാനിന്റെ കരട് പോലും സൂക്ഷ്മപരിശോധന നടത്താതിരുന്നതിന്റെ കാരണം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി വകുപ്പിനോട് ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

11. ഫാം ടൂറിസത്തിന്റെ പേരിൽ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് റോഡുണ്ടാക്കി കൃഷിസ്ഥലം നികത്തുന്ന രീതി നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം കൃഷിഭൂമി ദുരുപയോഗം ചെയ്യാനുള്ള സാധ്യത മുന്നിൽ കണ്ട് വകുപ്പിന്റെ ഭാഗത്ത് ജാഗ്രതയുണ്ടായിരിക്കണമെന്നും, കൃഷിഭൂമി നിലനിർത്തുകയും സംരക്ഷിച്ചും കൊണ്ടുള്ള പദ്ധതികൾ മാത്രമേ ഫാം ടൂറിസത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവൂ എന്നും സമിതി നിർദ്ദേശിക്കുന്നു.

12. സാഹസിക വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായവും, പിന്തുണയും നൽകി വിനോദസഞ്ചാര വകുപ്പ് സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനങ്ങളിൽ വകുപ്പിന്റെ മേൽനോട്ടമുണ്ടായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

13. വിനോദസഞ്ചാര വികസനത്തിനായി ആരംഭിച്ച വൻ തുകകൾ മുടക്കമുതലുള്ള മിക്ക പദ്ധതികളും വർഷങ്ങളായി പ്രവർത്തനരഹിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി പൂർത്തീകരണത്തിന് തടസ്സമായുള്ള പ്രശ്നങ്ങൾ നിയമവിധേയമായി പരിഹരിക്കുന്നതിനും നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പദ്ധതികൾ നവീകരിച്ച് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും നല്ലൊരു തുക ആവശ്യമായതിനാൽ വരും വർഷത്തെ എസ്റ്റിമേറ്റ് പ്ലാൻ തയ്യാറാക്കുമ്പോൾ ഇതിനായി തുക മാറ്റിവയ്ക്കണമെന്നും, എല്ലാ വർഷവും കുടിശ്ശിക പദ്ധതി പൂർത്തീകരണത്തിനായി ഒരു നിശ്ചിത തുക വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. ടൂറിസം നയമനുസരിച്ച് ക്യാബിനറ്റ് കമ്മിറ്റിയും ഡെസ്റ്റിനേഷൻ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയത് ഏകോപനമില്ലാത്തതിനാൽ ശരിയായി പ്രവർത്തിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. വിവിധ പദ്ധതികൾക്കായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കാത്തത് സംബന്ധിച്ച് 2013-14-ൽ ഓഡിറ്റ് പരാമർശം വന്ന്, വർഷങ്ങൾ കഴിഞ്ഞിട്ടും മാസ്റ്റർ പ്ലാനിന്റെ കരട് പോലും നാളിതുവരെ അംഗീകരിച്ചിട്ടില്ലായെന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. മാസ്റ്റർപ്ലാൻ അംഗീകരിക്കാത്തതുകാരണം പല പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും വികസന പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ 50% വരെ ഉപേക്ഷിച്ചിരിക്കുകയാണെന്ന വസ്തുത സമിതി ഗൗരവപൂർവ്വം കാണുന്നു. തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിലെ നഗരാസൂത്രണ, ഗ്രാമവികസന വിഭാഗങ്ങളുമായി ബന്ധപ്പെട്ടാണ് വിവിധ ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കുന്നത് എന്നതിനാൽ പദ്ധതികളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിൽ ടി

വിഭാഗങ്ങളുടെ സഹകരണവും അനുമതിയും ആവശ്യമാണ് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പുമായി യോജിച്ച് ഓരോ ടൂറിസ്റ്റ് കേന്ദ്രത്തിനും അനുയോജ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അനുമതി ലഭ്യമാക്കുവാനും സമയബന്ധിതമായി ടൂറിസം വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനും വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. നിലവിലെ ടൂറിസം നയത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനിലുള്ള പാളിച്ചകൾ അപഗ്രഥിച്ച്, ന്യൂനതകൾക്ക് പരിഹാരം കണ്ടെത്തിയ ശേഷം മാത്രമേ പുതിയ വിനോദസഞ്ചാര നയം രൂപീകരിക്കുവാൻ പാടുള്ളൂ എന്ന് സമിതി നിർദ്ദേശിക്കുന്നു.

## പദ്ധതികൾ നടപ്പാക്കിയതിലെ കുറവുകൾ

2009-10 മുതൽ 2013-14 വരെ വകുപ്പ് ₹ 818.23 കോടി പദ്ധതിയടങ്കലുള്ള 438 പദ്ധതികൾക്ക് അനുമതി നൽകി.

സപ്തസകാര്യങ്ങളെ മുന്നിൽകണ്ടു കൊണ്ട് പദ്ധതി നടപ്പാക്കിയതിലെ കുറവുകൾ താഴെ വിവരിച്ചിരിക്കുന്നു.

### സംരചന

### അടിസ്ഥാന സൗകര്യ വികസനം

വിനോദസഞ്ചാരത്തിന്റെ വികസനം പ്രധാനമായും റോഡ്, ജലവിതരണം, പ്രകാശ വിന്യാസ സംവിധാനം, വൃത്തിയുള്ള ശൗചാലയ സൗകര്യം, വാർത്താവിനിമയം തുടങ്ങിയ പ്രാഥമിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മിതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ ഫലപ്രദമായ നിർമ്മാണത്തിന് ഡി.ടി.പി.സി., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ ഭാഗഭാക്കുകളുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ വിനോദ സഞ്ചാരകേന്ദ്രങ്ങൾ കണ്ടെത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഫണ്ട് തിരിച്ചടയ്ക്കുന്നതും പദ്ധതി ഉപേക്ഷിക്കുന്നതുമായ അവസരങ്ങൾ ഒഴിവാക്കാൻ ധനപരവും ഭൗതികമായുമുള്ള പ്രായോഗികത കൂലങ്കഷമായി വിലയിരുത്തിയതിനുശേഷം മാത്രമേ പദ്ധതികൾ തെരഞ്ഞെടുക്കാവൂ. കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുമ്പോൾ, സ്ഥലത്തിന്റെ ആകർഷണീയത, എത്താനുള്ള സൗകര്യം, ലഭ്യമായ താമസസൗകര്യങ്ങൾ എന്നിവയും കണക്കിലെടുക്കേണ്ടതാണ്.

₹ 532.72 കോടിയുടെ അടങ്കലുള്ള 230 പദ്ധതികൾ അടിസ്ഥാനസൗകര്യ വികസനത്തിനായി, വകുപ്പ് അനുമതി നൽകിയതിൽ ₹ 139.34 കോടി ചെലവുള്ള 73 പദ്ധതികൾ പൂർത്തിയാക്കിയപ്പോൾ ₹ 204.02 കോടിയുടെ 98 എണ്ണം പ്രവൃത്തി

നടന്നുകൊണ്ടിരിക്കുകയും ₹ 189.36 കോടിയുടെ 59 പദ്ധതികൾ ഉപേക്ഷിക്കപ്പെടുകയോ ഇതുവരെയും ആരംഭിക്കാതിരിക്കുകയോ ചെയ്തു. അനുവദിച്ച പദ്ധതികൾ പ്രധാനമായും നാല് വിഭാഗങ്ങളിൽപ്പെടുന്നു.

- വിനോദസഞ്ചാര അടിസ്ഥാന സൗകര്യ പദ്ധതികളുടെ ആസൂത്രണം- 10 പദ്ധതികൾ.
- റോഡ് സൗകര്യവികസനം - 38 പ്രവൃത്തികൾ.
- വിനോദസഞ്ചാരകേന്ദ്ര വികസനം- 30 പ്രവൃത്തികൾ.
- അടിസ്ഥാനസൗകര്യം, സാംസ്കാരികം, പൈതൃകവും - 152 പ്രവൃത്തികൾ.

വിനോദസഞ്ചാര അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ താഴെപറയും പ്രകാരം കുറവുകളുണ്ടെന്ന് ഓഡിറ്റ് കണ്ടെത്തി.

## റോഡ് സൗകര്യങ്ങളുടെ വികസനം

'റോഡ് സൗകര്യ വികസനം' എന്ന വിഭാഗത്തിൽ 38 പദ്ധതികൾക്കായി വകുപ്പ് ₹ 112.35 കോടി അനുമതി നൽകിയത് പ്രധാനമായും അടുത്തുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് നിലവിലുള്ള റോഡുകളുടെ യാത്രാനിലവാരം മെച്ചപ്പെടുത്താൻ വേണ്ടിയാണ്. മുകളിൽ പറഞ്ഞവയിൽ, ₹ 84.77 കോടിയുടെ 24 പദ്ധതികൾ പൂർത്തിയാക്കുകയും ₹ 19.75 കോടിയുടെ അഞ്ച് പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയും ₹ 7.83 കോടിയുടെ ഒൻപത് പദ്ധതികൾ തുടങ്ങാതിരിക്കുകയോ ഉപേക്ഷിക്കപ്പെടുകയോ ആണ്.

താഴെപ്പറയുന്ന കാരണങ്ങളാൽ ഒമ്പത് പദ്ധതികൾ തുടങ്ങിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

- വിനോദസഞ്ചാര വകുപ്പിന്റെ തെറ്റായ ആസൂത്രണം, ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം, അടങ്കൽ പരിഷ്കരണം, വിശദമായ രൂപരേഖ കൈമാറുന്നതിലെ കാലതാമസം എന്നിവ കാരണം റോഡ് മെച്ചപ്പെടുത്താൻ/വികസന പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.
- വനം, റവന്യൂ, കൃഷി, ജലസേചനം തുടങ്ങിയ വകുപ്പുകളുമായുള്ള ഏകോപനം പരാജയപ്പെട്ടതിനാൽ ഒൻപത് പദ്ധതികളുടെ നടപ്പാക്കലിന് കാലതാമസം നേരിട്ടു.

ഏത് പദ്ധതിയിലും പ്രധാനമായി അനുവർത്തിക്കേണ്ട പദ്ധതികൾ ആരംഭിക്കുന്നതിനുമുമ്പ് ബാധ്യതരഹിതമായി ഭൂമി ലഭ്യമാക്കണമെന്ന പൊതുനിർദ്ദേശം വിനോദസഞ്ചാരവകുപ്പ് തീർത്തും അവഗണിച്ചു.

### വിനോദസഞ്ചാര കേന്ദ്ര വികസനം

വിനോദസഞ്ചാരകേന്ദ്ര വികസനപദ്ധതിയിൽ സ്വീകരണസ്ഥലം, ശൗചാലയം, ആംഫിതിയേറ്റർ, പാർക്കിംഗ്, പ്രകൃതിദൃശ്യം എന്നിവ ഉൾപ്പെട്ട ഏറ്റവും കുറഞ്ഞ സൗകര്യങ്ങൾ ഉൾപ്പെടുന്നു. ₹ 62.50 കോടിയുടെ 30 പദ്ധതികൾ അനുവദിച്ചതിൽ ₹ 8.80 കോടിയുടെ 3 പദ്ധതികൾ പൂർത്തിയാക്കുകയും ₹ 18.98 കോടിയുടെ 11 പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും ₹34.72 കോടിയുടെ 16 പദ്ധതികൾ ഇതുവരെയും തുടങ്ങാതിരിക്കുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്ത നിലയിലാണ്.

വകുപ്പ് ആരംഭിച്ച 'വിനോദസഞ്ചാര കേന്ദ്രവികസനം' എന്ന വിഭാഗത്തിലെ 50 ശതമാനം പദ്ധതികൾക്കും കാലതാമസം നേരിട്ടത് വകുപ്പിന്റെ പിഴവുകൾ കാരണമാണെന്ന് ഓഡിറ്റ് കണ്ടെത്തി.

### സാംസ്കാരികവും പൈതൃകപരവുമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനം

സാംസ്കാരിക-പൈതൃക വിഭാഗത്തിലെ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി ₹ 353.44 കോടി അടങ്കലിൽ 152 പദ്ധതികൾക്ക് വകുപ്പ് അനുമതി നൽകിയതിൽ ₹ 45.77 കോടി അടങ്കലിൽ 46 പദ്ധതികൾ പൂർത്തീകരിക്കുകയും ₹ 160.86 കോടി അടങ്കലിൽ 72 പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും ₹ 146.81 കോടി അടങ്കലിൽ 34 പദ്ധതികൾ ഇതുവരെയും തുടങ്ങാതെയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്തു.

### രൂപരേഖാഘടനയിൽ മാറ്റംവന്നതുകൊണ്ട് പൂർത്തീകരിക്കാനാവാത്ത പദ്ധതികൾ

ഭാരത സർക്കാർ വിനോദസഞ്ചാര മന്ത്രാലയം എച്ച്.ഇ.ഡി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ തിരുവനന്തപുരം കോവളത്ത് ഒരു കലാ-കരകൗശല ഗ്രാമം, സ്ഥാപിക്കാനായി ₹അഞ്ച് കോടിയുടെ ഭരണാനുമതി നൽകി. പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതം ₹ 2.20 കോടി (ആകെ ₹ 7.20 കോടി)യാണ്. പദ്ധതിക്കായി 3.68 ഹെക്ടർ ഭൂമി കൈമാറ്റം ചെയ്യുന്നതിന് 14 മാസത്തെ കാലതാമസം നേരിട്ടു. അതിനുശേഷം ഈ പ്രവൃത്തി മെസേഴ്സ് കിറ്റ്കോ (2008)-യെ ഡെപോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ ഏല്പിക്കുകയും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ വാസ്തുവിദ്യ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. ₹ 6.96 കോടി ചെലവാക്കിയതിനുശേഷം കിറ്റ്കോ പൂർത്തീകരണ സാക്ഷ്യപത്രം നൽകി (2012 മാർച്ച്). ഗേറ്റ്, ചുറ്റുമതിൽ, ലാൻഡ്സ്കേപ്പിങ് തുടങ്ങിയ പണികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്.

പിന്നീട്, വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ ശിപാർശകൾക്കനുസൃതമായി 'കോവളം കരകൗശല ഗ്രാമം (കേരൾഹാറ്റ്) വിനോദ മേഖലയും വിപണനമേഖലയും'

പുനരുജ്ജീവിപ്പിക്കൽ'-പദ്ധതിയ്ക്കായി സർക്കാർ ഏഴ് കോടിയുടെ ഭരണാനുമതി (ഫെബ്രുവരി 2013) നൽകിയതിൽ നിലവിലുള്ള കെട്ടിടത്തിന് മാറ്റം വരുത്താനുള്ള ₹ 67.10 ലക്ഷം ഉൾപ്പെടുന്നു (വിനോദമേഖലയിലും വിപണനമേഖലയിലുമുൾപ്പെടെ).

കോവളം കരകൗശല ഗ്രാമത്തിന്റെ നിർവ്വഹണ ഏജൻസി കിറ്റ്കോയും വാസ്തുവിദ്യാ കൺസൾട്ടന്റ് മെസേഴ്സ് ഹാബിറ്റാറ്റ് ആയിരുന്നു. എന്നിരുന്നാലും പുനരുജ്ജീവിപ്പിക്കൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയും കൺസൾട്ടന്റും മെസേഴ്സ് ഹാബിറ്റാറ്റ് തന്നെയായിരുന്നു. കോവളം കരകൗശല ഗ്രാമത്തിന്റെ പുനരുജ്ജീവന പദ്ധതിയിൽ 2004 ഡിസംബറിലെ ഭരണാനുമതി പ്രകാരം നേരത്തേ പൂർത്തിയാക്കിയ ചില മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി. ഹാബിറ്റാറ്റ് മുന്നോട്ടുവച്ച രൂപരേഖയിലുണ്ടായ ചില മാറ്റങ്ങൾ കാരണമാണ് ഈ വ്യതിയാനങ്ങൾ വേണ്ടി വന്നത്. വാസ്തുവിദ്യാകൺസൾട്ടന്റ് ആദ്യത്തെ പ്രവൃത്തിയിൽ യഥാസമയം ഇടപെട്ടിരുന്നുവെങ്കിൽ രണ്ടാംഘട്ടത്തിലെ രൂപരേഖ/ഘടനയിലെ മാറ്റങ്ങൾ ഒഴിവാക്കാമായിരുന്നു. അവരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച രണ്ട് ഘടകങ്ങളിലായി ₹ 67.10 ലക്ഷത്തിന്റെ ഒഴിവാക്കാമായിരുന്ന ചെലവിനിടയാക്കി.

## പ്രധാനപ്പെട്ട സമുദ്ര വിമാന പദ്ധതിയുടെ പരാജയം

ജലാശയങ്ങളുടേയും അവയ്ക്ക് വിനോദസഞ്ചാരകേന്ദ്രങ്ങളുമായുള്ള സാമീപ്യവുംകൊണ്ട് അനുഗ്രഹീതമായ സംസ്ഥാനമായതിനാൽ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് വികസനസാദ്ധ്യതയുള്ള ഒരു പ്രധാന ഭാഗമാണ്. വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് റോഡ്-റെയിൽ ഗതാഗതമാർഗ്ഗങ്ങളിലുള്ള സമ്മർദ്ദം കുറയ്ക്കാനായി, മാരിടൈം എനർജി ഹെലി എയർ സർവീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ (മെഹെയർ) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ, സംസ്ഥാനത്ത് സീ പ്ലെയിൻ സേവനം, സംസ്ഥാനത്തിന്റെ അഞ്ച് സ്ഥലങ്ങളിൽ നിന്നും ജലവിമാനയാത്ര ആരംഭിക്കാൻ തീരുമാനിച്ചു. വകുപ്പ് പദ്ധതി നടപ്പാക്കുന്നതിനായി ഒൻപത് സ്ഥലങ്ങളിൽ പ്രാഥമിക സ്ഥലപരിശോധന നടത്തി (2012 ജൂൺ).

പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ.) മുഖാന്തരം നടപ്പാക്കാനായി സംസ്ഥാന സർക്കാർ ₹ 11.77 കോടിയുടെ ഏഴ് ഭരണാനുമതികൾ പുറപ്പെടുവിച്ചു. (2013 മേയ് മാസത്തിനും 2014 ജനുവരിക്കും മദ്ധ്യേ) പ്രായോഗികത പഠനം നടത്താനായി പരിഗണിച്ച 25 സ്ഥലങ്ങളിൽ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചത് കൊല്ലം ജില്ലയിലെ അഷ്ടമുടിയിലും ആലപ്പുഴ ജില്ലയിലെ പുന്നമടയിലും മാത്രമാണ്. മത്സ്യബന്ധനം നടത്തുന്ന വിഭാഗത്തിന്റെ മത്സ്യ പ്രജനനത്തിന്റെയും തൽഫലമായുള്ള കടൽ വിഭവങ്ങളുടെ കുറഞ്ഞ ലഭ്യതയും കുറിച്ചുള്ള ആശങ്കകൾ കാരണം പദ്ധതി ആരംഭിക്കാനായില്ല. മത്സ്യബന്ധനം നടത്തുന്നവരുടെ ആശങ്കകൾ പരിശോധിച്ച വിദഗ്ദ്ധ സമിതി പദ്ധതി മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് ഹാനികരമല്ലാത്തതിനാൽ പദ്ധതിയെ അനുകൂലിച്ചു മത്സ്യബന്ധനം നടത്തുന്നവരുടെ ജീവനോപാധി ബാധിക്കുന്ന പ്രദേശങ്ങളിൽ അത് മെച്ചപ്പെടുത്താൻ വേണ്ടി വകുപ്പ് കേജ്ഫാമിങ് പദ്ധതി ആരംഭിക്കുകയും (2013-14) ₹ 1.44 കോടി കെ.ടി.ഐ.എൽ.-ന് പ്രശ്നപരിഹാരത്തിനായി നൽകുകയും (2014 ജനുവരി) ചെയ്തു.

വകുപ്പ് ₹ 11.77 കോടിയുടെ അനുമതി നൽകുകയും ₹ 11.46 കോടി പദ്ധതിക്കായി അനുവദിക്കുകയും ചെയ്തെങ്കിലും വകുപ്പിന് സമുദ്രവിമാന പദ്ധതി വിജയകരമായി നടപ്പാക്കാനായില്ല. കൂടാതെ, സർക്കാർ കെ.എസ്.ഐ.ഡി.സി. നടപ്പാക്കുന്ന സമുദ്രവിമാന പദ്ധതിയുമായി ബന്ധപ്പെട്ട ജല വിമാനത്താവളം നിർമ്മിക്കുന്നതിനുവേണ്ടി ₹ 11.83 കോടിയുടെ ഭരണാനുമതി വ്യവസായ വകുപ്പിന് നൽകി (2012 ഡിസംബർ). വിനോദസഞ്ചാര വകുപ്പ് ജലവിമാനത്താവളത്തിനുവേണ്ട ഫണ്ട് കെ.എസ്.ഐ.ഡി.സി.-ൽ നിന്നും കെ.ടി.ഐ.എൽ.-ലേക്ക് കൈമാറ്റം ചെയ്യാൻ വ്യവസായവകുപ്പിന് 2012 ഡിസംബറിൽ നിർദ്ദേശം നൽകി.

സമിതി പദ്ധതിയ്ക്കനുകൂലമായിരുന്നുവെങ്കിലും, മത്സ്യബന്ധന സമൂഹത്തിന്റെ ആശങ്കൾ വേണ്ടവിധം വകുപ്പ് കൈകാര്യം ചെയ്തില്ല. പദ്ധതിയുടെ സാധ്യത പരിശോധിച്ചപ്പോൾ പദ്ധതി കാരണം ജീവനോപാധിയെ ബാധിക്കുന്നവരെ കൂടി ഉൾപ്പെടുത്തേണ്ടതായിരുന്നു. തദ്ദേശീയരുടെ ആശങ്കകൾ കണ്ടെത്തുന്നതിലും ദൂരീകരിക്കുന്നതിലും വകുപ്പ് പരാജയപ്പെട്ടത് ജീവനോപാധി നഷ്ടപ്പെടുമെന്ന ഭയത്താൽ മത്സ്യബന്ധനം നടത്തുന്നവരുടെ എതിർപ്പിൽ കലാശിച്ചു. പദ്ധതിയ്ക്കനുകൂലമായ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സീ പ്ലെയിൻ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കേണ്ട സ്ഥലങ്ങളിലുള്ളവരുടെ ഉൽക്കണ്ഠ ദൂരീകരിക്കാൻ പര്യാപ്തമായിരുന്നില്ല. തദ്ദേശീയരായ മത്സ്യബന്ധന സമൂഹത്തിലുള്ളവരുടെ ആശങ്കയകറ്റാൻ വകുപ്പ് ശരിയായ പരിശ്രമം നടത്തിയിരുന്നുവെങ്കിൽ അവരുടെ എതിർപ്പും തൽഫലമായുണ്ടായ കാലതാമസവും ഒഴിവാക്കാമായിരുന്നു. പദ്ധതിയുടെ ഉദ്ഘാടന വേളയിൽ തന്നെ സമുദ്രവിമാന പ്രവർത്തനം തദ്ദേശീയരായ മത്സ്യബന്ധന സമൂഹത്തിന്റെ ജീവനോപാധിയെ ബാധിക്കുമെന്ന അവകാശവാദത്തിനും എതിർപ്പിനുമിടയാക്കി. പിന്നീട്, കേരള സർക്കാർ ഉൾനാടൻ മത്സ്യബന്ധനത്തെ സമുദ്രവിമാന പ്രവർത്തനങ്ങൾ എത്രത്തോളം ബാധിക്കുമെന്ന് പഠിക്കാൻ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു (2003 ആഗസ്റ്റ്). വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ടിന്റെ (ജൂൺ 2014) അടിസ്ഥാനത്തിൽ കേരള സർക്കാർ കേജ്ഫാമിംഗ് എന്ന ഒരു പുതിയ സംരംഭം തുടങ്ങി.

മുകളിൽ പറഞ്ഞ സംഭവങ്ങൾ പദ്ധതി നിർവ്വഹണത്തിൽ വളരെയധികം സമയം (12 മാസം) നഷ്ടപ്പെടാനിടയാക്കി. അങ്ങനെ, ₹ 23.29 കോടി അനുവദിച്ചിട്ട് രണ്ടുവർഷത്തിന് ശേഷവും വകുപ്പിന്റെ പ്രധാന പദ്ധതി നടപ്പാക്കാനായില്ല (2015 ഫെബ്രുവരി).

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ 2.8 മുതൽ 2.8.1.6 വരെയുള്ള ഖണ്ഡികകൾ]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

17. 230 പദ്ധതികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുള്ള ₹ 532.72 കോടി രൂപയിൽ ₹ 189.36 കോടിയുടെ 59 പദ്ധതികൾ ഉപേക്ഷിക്കപ്പെടുകയോ ആരംഭിക്കാതിരിക്കുകയോ ചെയ്തുവെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു.

18. വിനോദസഞ്ചാരവകുപ്പിന് സ്വന്തമായി ഒട്ടനവധി ഗസ്റ്റ് ഹൗസുകൾ ഉണ്ടെങ്കിലും വകുപ്പിന്റെ അധീനതയിൽ വളരെക്കുറച്ച് ഭൂമി മാത്രമെയുള്ളൂവെന്നും മിക്ക വിനോദസഞ്ചാരപദ്ധതികളും മറ്റ് വകുപ്പുകളുടെ ഭൂമിയിലാണ് തുടങ്ങുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതെന്നും അപ്രകാരം തുടങ്ങുന്നതിന് ജില്ലാ ഓഫീസറുടെയും ജില്ലാ കളക്ടറുടെയും നിയന്ത്രിതാനുമതി ഉണ്ടായാലും പദ്ധതി നടപ്പിൽ വരുത്തണമെങ്കിൽ അതത് വകുപ്പിന്റെ ഉത്തരവ് ഉണ്ടായിരിക്കണമെന്ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വ്യക്തമാക്കിയിട്ടുള്ളതായി വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

19. ഒരു വകുപ്പിന്റെ ഭൂമി മറ്റൊരു വകുപ്പിന്റെ പദ്ധതികൾക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ ഓഫീസർമാർക്കില്ലെന്നും ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ സമ്മതത്തോടെ അതത് വകുപ്പുകൾ തന്നെ ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമെ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂവെന്നും സമിതി ചൂണ്ടിക്കാട്ടി.

20. വിനോദസഞ്ചാരവകുപ്പിന്റെ പുതിയ പദ്ധതികൾ നടപ്പാക്കുന്നതിലുള്ള കാലതാമസം കുറയ്ക്കുന്നതിനും മറ്റ് വകുപ്പുകളുമായി നിയമപരമായും ഭരണപരമായും പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിന് മുൻപ് തന്നെ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ഇതിനായുള്ള തീരുമാനങ്ങൾ എടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

21. നിലവിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിൽ യഥാക്രമം 50 സെന്റ്, 25 സെന്റ്, 10 സെന്റ് ഭൂമി ഉപയോഗിച്ചുകൊണ്ടുള്ള വിനോദസഞ്ചാര പദ്ധതികൾക്ക് അനുമതി നൽകാൻ കളക്ടർമാർക്ക് അധികാരം നൽകി സർക്കാർ ഉത്തരവുള്ളതിനാൽ ചെറിയ പദ്ധതികൾക്ക് സമിതി നിർദ്ദേശിച്ച പ്രകാരം ചെയ്യുന്നുണ്ടെന്ന് ഡയറക്ടർ അറിയിച്ചു.

22. വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള 'റോഡുസൗകര്യ വികസന' പദ്ധതികൾ ആരംഭിക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം സമിതി ആരാഞ്ഞു. കാലതാമസത്തിന് രണ്ട് കാരണങ്ങളാണുള്ളതെന്നും പദ്ധതി തുടങ്ങുന്നതിനുള്ള നിയന്ത്രിതാനുമതിയും പദ്ധതി

പൂർത്തിയായതിനുശേഷം വൈദ്യുതി കണക്ഷൻ വാട്ടർകണക്ഷൻ എന്നിവ ലഭിക്കുന്നതിനുമുള്ള കാലതാമസമാണ് വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായിട്ടുള്ളതെന്ന് വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ ബോധിപ്പിച്ചു. മറ്റ് വകുപ്പുകളുടെ ഭൂമിയിൽ പദ്ധതികൾ ആരംഭിക്കുമ്പോൾ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് റവന്യൂവകുപ്പിൽനിന്നോ പഞ്ചായത്തിൽ നിന്നോ ലഭിക്കാത്തത് കാരണം ഇലക്ട്രിസിറ്റി/വാട്ടർ കണക്ഷനുകൾ കിട്ടുന്നില്ലായെന്നും ഡയറക്ടർ അറിയിച്ചു.

23. സംസ്ഥാന വികസനം ലക്ഷ്യമാക്കി ടൂറിസം പദ്ധതികൾ ആരംഭിക്കുമ്പോൾ പല കാരണങ്ങളാൽ പ്രസ്തുത പദ്ധതികൾ തടസ്സപ്പെടുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. വിനോദസഞ്ചാരവകുപ്പിന് പദ്ധതി തുടങ്ങുന്നതിനായി മറ്റ് വകുപ്പുകളുടെ രണ്ട് ഏക്കർ വരെയുള്ള സ്ഥലത്തിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ ഓഫീസർക്ക് നൽകിയാൽ ഉടമസ്ഥാവകാശം മാറ്റാതെ തന്നെ 95 ശതമാനം പദ്ധതികളും പൂർത്തിയാക്കാൻ സാധിക്കുമെന്നും ഇപ്രകാരമുള്ള ശിപാർശ സർക്കാരിന് നൽകണമെന്നും ഡയറക്ടർ സമിതിയോട് അഭ്യർത്ഥിച്ചു.

24. പദ്ധതി തുടങ്ങുന്നതിനായി രണ്ടേക്കർ വരെയുള്ള സ്ഥലത്തിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാതല ഓഫീസർക്കോ ജില്ലാ കളക്ടർക്കോ നൽകുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. കൂടാതെ അത്തരത്തിൽ അനുമതി നൽകുന്നതിനോടൊപ്പം ഇലക്ട്രിസിറ്റി/വാട്ടർ കണക്ഷനുകൾ എടുക്കുന്നതിന് വിനോദ സഞ്ചാരവകുപ്പിന് അധികാരമുണ്ടെന്നുള്ള അനുമതി പത്രവും അതത് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി വകുപ്പിനോട് നിർദ്ദേശിച്ചു.

25. വിനോദസഞ്ചാരകേന്ദ്രവികസനത്തിന്റെ ഭാഗമായി എത്ര പദ്ധതികളാണ് നിലവിലുള്ളതെന്നും എത്ര പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടുവെന്നും എത്ര പദ്ധതികളാണ് നടപ്പാക്കാൻ സാധിക്കാത്തതെന്നും ഇപ്രകാരം സംഭവിക്കുന്നതിനുള്ള കാരണങ്ങളെന്താണെന്നും വ്യക്തമാക്കി വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം സമിതിക്ക് ലഭ്യമാക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകി.

26. സാംസ്കാരികവും പൈതൃകപരവുമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യവികസനം സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 34 പദ്ധതികൾ ഉപേക്ഷിക്കാനുണ്ടായ കാരണം സമിതി ആരാഞ്ഞു. പ്രസ്തുത പദ്ധതികൾ രണ്ട് വർഷം കഴിഞ്ഞിട്ടും ആരംഭിക്കാത്തതും വിജയസാധ്യതയില്ലാത്തതായതും കൊണ്ടാണ് ഉപേക്ഷിക്കാൻ തീരുമാനിച്ചതെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഒരു പദ്ധതി തയ്യാറാക്കി ടെൻഡർ ചെയ്ത് പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് തന്നെ പദ്ധതി പ്രായോഗികമാണോയെന്നും അതിന്റെ വിജയസാധ്യതയെക്കുറിച്ചും പരിശോധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

27. പദ്ധതി നടത്തിപ്പിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ച കൺസൾട്ടന്റിനെ മാറ്റാൻ എന്തെങ്കിലും നടപടി സ്വീകരിച്ചോയെന്ന് സമിതി ആരാഞ്ഞതിന് കുറച്ചുപേരെ ബ്ലാക്ക്ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും 15 ആർക്കിടെക്റ്റുമാരോളമാണ് വകുപ്പിന് കുറച്ച് വർഷങ്ങളായി ഉണ്ടായിരുന്നതെന്നും കുറച്ചുവർഷങ്ങളായി ഇവരായിരുന്നു 14 ജില്ലകളിലെയും പദ്ധതി നിർവ്വഹണ പ്രവൃത്തികൾ ചെയ്തിരുന്നതെന്നും ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു. ഇപ്പോൾ ആഗോളതലത്തിൽ ആർക്കിടെക്റ്റുമാരെ വിളിക്കുകയും ഇപ്രകാരം നിയമിച്ചിട്ടുള്ള 45 പേരെ, 5 കോടി രൂപയ്ക്ക് മുകളിൽ പ്രവൃത്തി ചെയ്യാൻ കഴിവുള്ളവർ, 1 കോടി മുതൽ 5 കോടി രൂപ വരെയുള്ളപ്രവൃത്തികൾ ചെയ്യുന്നവർ, ചെറുകിട ആർക്കിടെക്റ്റുമാർ എന്നിങ്ങനെ യഥാക്രമം എ, ബി, സി കാറ്റഗറി തിരിച്ചാണ് പ്രവൃത്തികൾ ഏൽപ്പിക്കുന്നതെന്നും ടൂറിസം വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

28. വിനോദസഞ്ചാരകേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി 132 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും കേന്ദ്ര സഹായമുള്ള പദ്ധതികൾക്കായി 346 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ടൂറിസം ഡയറക്ടർ സമിതിയെ അറിയിച്ചു. ഏകദേശം 500 കോടി രൂപ പദ്ധതി നിർവ്വഹണത്തിനായി വിനോദസഞ്ചാരവകുപ്പ് വകയിരുത്തുമ്പോൾ വകുപ്പിന് സ്വന്തമായി സൂപ്പർവൈസറി പവർ ഉള്ള ഒരു എഞ്ചിനീയറിംഗ് വിംഗോ ഡിസൈൻവിംഗോ ഇല്ലാത്തത് വളരെ ഖേദകരമായ അവസ്ഥയാണെന്ന് സമിതി വിലയിരുത്തി. സൂപ്പർവൈസറി പവറുള്ള ഒരു എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

29. രൂപരേഖാഘടനയിൽ മാറ്റം വന്നതുകൊണ്ട് പൂർത്തീകരിക്കാനാവാത്ത പദ്ധതികൾ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി കിറ്റ്കോ നിർവ്വഹണ ഏജൻസിയും ഹാബിറ്റാറ്റ് വാസ്തുവിദ്യാ കൺസൾട്ടന്റുമായി 6.96 കോടി രൂപ ചെലവാക്കി കോവളത്ത് നിർമ്മിച്ച കലാ-കരകൗശല ഗ്രാമത്തിൽ പിന്നീട് "കോവളം കരകൗശല ഗ്രാമം (കേരൾഹാറ്റ്) വിനോദമേഖലയും വിപണനമേഖലയും പുനരുജ്ജീവിപ്പിക്കൽ" പദ്ധതിയ്ക്കായി സർക്കാർ ഏഴുകോടിയുടെ ഭരണാനുമതി നൽകി ഇതിൽ നിലവിലുള്ള കെട്ടിടത്തിന് മാറ്റം വരുത്താനുള്ള തുകയായ ₹ 67.10 ലക്ഷം രൂപയും ഉൾപ്പെടുന്നുവെന്നും ഹാബിറ്റാറ്റ് മുന്നോട്ട് വച്ച രൂപരേഖയിലുണ്ടായ ചില മാറ്റങ്ങൾ കാരണമാണ് ഈ വ്യതിയാനം വേണ്ടിവന്നതെന്നും ഏജൻസികളുടെ ശരിയായ ഇടപെടലുണ്ടാകാതിരുന്നത് കൊണ്ടും ഹാബിറ്റാറ്റിന്റെ ആദ്യ പ്രൊപ്പോസൽ ശരിയായ പ്രൊപ്പോസൽ അല്ലായിരുന്നതു കൊണ്ടുമാണ് പുനരുജ്ജീവിപ്പിക്കൽ പദ്ധതി കൊണ്ടു വരേണ്ട സാഹചര്യമുണ്ടായതെന്നും ഇക്കാരണമാണ് അധിക ചെലവിനിടയാക്കിയതെന്നും സമിതി വിലയിരുത്തി.

30. കൃത്യമായ മേൽനോട്ടമില്ലാത്തതു കൊണ്ട് കിറ്റ്കോ ചെയ്യുന്ന നിർമ്മാണങ്ങളിൽ വളരെയധികം അപാകതകളുണ്ടാകുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. ഒരു ഏജൻസി

ചെയ്ത പദ്ധതി അതേ ഏജൻസിയുടെ വീഴ്ചകാരണം പുനരുജ്ജീവനം ചെയ്യേണ്ടി വന്നപ്പോൾ അധിക തുക ചെലവഴിക്കാനിടയായ സാഹചര്യം, പദ്ധതിയുടെ നിലവിലെ അവസ്ഥ, ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രകാരം ഹാബിറ്റാറ്റിന് തുക നൽകിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് വകുപ്പിനോട് നിർദ്ദേശിച്ചു.

31. സമുദ്രവിമാനപദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് പ്രസ്തുത പദ്ധതി ഉപേക്ഷിച്ചതായി വകുപ്പ് ഡയറക്ടർ അറിയിച്ചു. പദ്ധതിയ്ക്കായി ₹ 11.83 കോടി രൂപ വകയിരുത്തിയിരുന്നുവെന്നും ആയതിൽ ₹ 5.88 കോടി രൂപ അടിസ്ഥാന സൗകര്യങ്ങൾക്കായി ചെലവാക്കിയിട്ടുണ്ടെന്നും ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

32. അഷ്ടമുടിയിലും മറ്റും സ്ഥാപിച്ചിട്ടുള്ള വാട്ടർ ഡ്രോംസ് എന്ന എയർപോർട്ട് ഇൻഫ്രാസ്ട്രക്ചറിൽ സെക്യൂരിറ്റി ഉപകരണങ്ങളും ജെട്ടിയും റെസ്റ്റ് റൂമും ഫർണീച്ചറും ഉണ്ടെന്നും ഈ പദ്ധതി ഉപേക്ഷിച്ചതിനാൽ ഉപകരണങ്ങൾ ഉപയോഗ രഹിതമായിരിക്കുന്നതുകൊണ്ട് അവ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

33. മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുള്ള ശക്തമായ എതിർപ്പുണ്ടായതിനാലാണ് സമുദ്രവിമാന പദ്ധതി നടപ്പാകാതിരുന്നത് എന്ന് സമിതി അഭിപ്രായപ്പെട്ടു. ഇത്തരമൊരു പദ്ധതി ആരംഭിക്കുമ്പോൾ അതിന്റെ സാമൂഹിക പ്രതിഫലനം സംബന്ധിച്ച് വ്യക്തമായ ഒരു പഠനം നടത്തേണ്ടതായിരുന്നുവെന്നും അത്തരമൊരു പഠനം നടത്താതെ ഉപകരണങ്ങൾ വാങ്ങുകയും അതെല്ലാം തുരുമ്പെടുത്ത് നശിക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു.

34. സമുദ്രവിമാന പദ്ധതി സംബന്ധിച്ച് പഠനം നടത്തിയപ്പോൾ ഒരു പ്രശ്നവുമില്ലെന്ന റിപ്പോർട്ടാണ് ലഭിച്ചതെന്നും പ്രസ്തുത റിപ്പോർട്ട് 2014 ജൂലൈയിൽ മുഖ്യമന്ത്രിയ്ക്ക് കൈമാറിയെന്നും ആയതിൻപ്രകാരമാണ് പ്രസ്തുത പദ്ധതി തുടങ്ങാൻ തീരുമാനിച്ചതെന്നും എന്നാൽ മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നും എതിർപ്പുണ്ടായതിനെത്തുടർന്ന് പദ്ധതി ഉപേക്ഷിക്കേണ്ടതായി വന്നുവെന്നും ഡയറക്ടർ വ്യക്തമാക്കി. പദ്ധതിയിൽ നഷ്ടം വന്നിട്ടില്ലെന്നും 5.83 കോടി രൂപ മുതൽ മുടക്കിയ ഇൻഫ്രാസ്ട്രക്ചർ ഉപയോഗ ശൂന്യമാകാതിരിക്കാൻ വിവിധ ഡി.ടി.പി.സി.-കൾക്ക് കൈമാറിയിട്ടുണ്ടെന്നും സെക്യൂരിറ്റിക്ക് ശമ്പളയിനത്തിൽ നൽകിയ തുക മാത്രമേ നഷ്ടമായിട്ടുള്ളൂയെന്നും ഡയറക്ടർ വ്യക്തമാക്കി.

35. സമുദ്രവിമാന പദ്ധതിയ്ക്കായി നാളിതുവരെ ചെലവാക്കിയ തുക, പദ്ധതി ഉപേക്ഷിക്കാനുണ്ടായ കാരണം, ഉപകരണങ്ങൾ പുനരുപയോഗിക്കുന്നതിനുള്ള സാധ്യത; നഷ്ടം വന്ന തുക; എന്നിവ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെട്ടു. കൂടാതെ പദ്ധതി നടപ്പിലാക്കാത്തതിനാൽ ഈ പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ധനകാര്യവകുപ്പ് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

36. പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന് കൈവശമുള്ള ഭൂമി അപര്യാപ്തമായതിനാൽ മറ്റ് വകുപ്പുകളുടെ ഭൂമി ഇതിനായി ഉപയോഗിക്കേണ്ട സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ സമ്മതത്തോടെ അതത് വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമെ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ കഴിയുകയുള്ളൂവെന്നും ടി വ്യവസ്ഥ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിൽ കാലതാമസത്തിന് കാരണമാകുന്നുവെന്നും സമിതി വിലയിരുത്തുന്നു. വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പുതിയ പദ്ധതികൾ ആരംഭിക്കുമ്പോൾ അവ നടപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും മറ്റ് വകുപ്പുകളുമായി നിയമപരമായും ഭരണപരമായുമുള്ള പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് മുൻപ് തന്നെ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ഏകോപനത്തോടെ തീരുമാനങ്ങൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

37. സംസ്ഥാനവികസനം ലക്ഷ്യമാക്കി ടൂറിസം പദ്ധതികൾ ആരംഭിക്കുമ്പോൾ പല കാരണങ്ങളാൽ പ്രസ്തുത പദ്ധതികൾ തടസ്സപ്പെടുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഒരു വകുപ്പിന്റെ ഭൂമി മറ്റൊരു വകുപ്പിന്റെ പദ്ധതികൾക്കായി ഉപയോഗിക്കുന്നതിനുള്ള അധികാരം ജില്ലാ ഓഫീസർമാർക്കില്ലായെന്നും ഇത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ സമ്മതത്തോടെ അതത് വകുപ്പുകൾ തന്നെ ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ എന്നതിനാൽ ചെറുകിട വിനോദസഞ്ചാര പദ്ധതികൾ പോലും പ്രവൃത്തിപഥത്തിലെത്തിക്കുന്നതിൽ ഈ വിഷയം തടസ്സം നിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതി തുടങ്ങുന്നതിനായി രണ്ടേക്കർ വരെയുള്ള സ്ഥലത്തിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാതല ഓഫീസർക്കോ ജില്ലാ കളക്ടർക്കോ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. കൂടാതെ അനുമതി നൽകുന്നതിനോടൊപ്പം ഇലക്ട്രിസിറ്റി/വാട്ടർ കണക്ഷനുകൾ എടുക്കുന്നതിന് വിനോദ സഞ്ചാരവകുപ്പിന് അധികാരമുണ്ടെന്നുള്ള അനുമതി പത്രവും അതത് വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

38. വിനോദ സഞ്ചാര വികസനത്തിന്റെ ഭാഗമായി എത്ര പദ്ധതികൾ നിലവിലുണ്ടെന്നും എത്ര പദ്ധതികൾ ഉപേക്ഷിച്ചുവെന്നും എത്ര പദ്ധതികളാണ് നടപ്പാക്കാൻ സാധിക്കാത്തതെന്നും ഇപ്രകാരം നടപ്പാക്കാൻ സാധിക്കാത്തതിന്റെ കാരണമെന്താണെന്നുമുള്ള വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

39. വിനോദസഞ്ചാര വികസനത്തിന് വലിയ മുതൽമുടക്കുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന വിനോദസഞ്ചാര വകുപ്പിന് പദ്ധതി മേൽനോട്ടത്തിനായി സ്വന്തമായി സൂപ്പർവൈസറി പവർ ഉള്ള ഒരു എഞ്ചിനീയറിംഗ് വിംഗോ ഡിസൈൻവിംഗോ ഇല്ലാത്തത് വളരെ ഖേദകരമായ അവസ്ഥയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പദ്ധതി നിർവ്വഹണത്തിന് ശരിയായ മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പ്രവൃത്തികളുടെ കൃത്യതയോടെയുള്ള പൂർത്തിയാക്കലിനും സഹായകമാകുന്നതിനായി സൂപ്പർവൈസറി പവറുള്ള ഒരു എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യുന്നു.

40. കിറ്റ്കോ ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ കൃത്യമായ മേൽനോട്ടമില്ലാത്തതുകൊണ്ട് വളരെയധികം അപാകതകളുണ്ടെന്ന് സമിതി മനസിലാക്കുന്നു. കോവളത്ത് കലാ-കരകൗശല ഗ്രാമം സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി 2008-ൽ M/s KITCO-യെ ഏൽപ്പിക്കുകയും M/s Habitat-നെ കൺസൽട്ടന്റായി നിയമിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2013-ൽ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി നൽകിയ ഭരണാനുമതിയിൽ നേരത്തേ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ രൂപരേഖയിൽ വ്യതിയാനങ്ങൾ വേണ്ടിവന്നു. കൺസൽട്ടന്റായ M/s Habitat മുന്നോട്ടുവച്ച രൂപരേഖയിൽ ഉണ്ടായ മാറ്റങ്ങൾ കാരണമാണ് വ്യതിയാനങ്ങൾ വേണ്ടി വന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആദ്യ പ്രവർത്തിയിൽ തന്നെ M/s Habitat യഥാസമയം ഇടപെട്ടിരുന്നെങ്കിൽ രൂപരേഖാ ഘടനയിലെ മാറ്റങ്ങൾ ഒഴിവാക്കാമായിരുന്നു എന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ഒരു ഏജൻസി ചെയ്ത പദ്ധതി അതേ ഏജൻസിയുടെ വീഴ്ച കാരണം പുനരുജ്ജീവനം ചെയ്യേണ്ടി വന്നതിൽ സമിതി അതൃപ്തിയും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ഇപ്രകാരം പ്രസ്തുത പുനരുജ്ജീവന പ്രവൃത്തിക്ക് അധിക തുക ചെലവഴിക്കാനിടയായ സാഹചര്യം, പദ്ധതിയുടെ നിലവിലെ അവസ്ഥ, ഹാബിറ്റാറ്റിന് തുക നൽകിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

41. മത്സ്യതൊഴിലാളി മേഖലയിൽ നിന്നുള്ള ശക്തമായ എതിർപ്പുണ്ടായതിനാലാണ് സമുദ്രവിമാന പദ്ധതി നടപ്പാക്കാതിരുന്നതെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ ഇത്തരമൊരു പദ്ധതി ആരംഭിക്കുമ്പോൾ അതിന്റെ സാമൂഹിക പ്രതിഫലനം സംബന്ധിച്ച്

വ്യക്തമായ ഒരു പഠനം നടത്തേണ്ടതായിരുന്നുവെന്നും അത്തരമൊരു പഠനം നടത്താതെ ഉപകരണങ്ങൾ വാങ്ങുകയും അതെല്ലാം തുരുമ്പെടുത്ത് നശിക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഒരു പദ്ധതി തയ്യാറാക്കി ടെൻഡർ ചെയ്ത് പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് തന്നെ പദ്ധതി പ്രായോഗികമാണോയെന്നും അതിന്റെ വിജയസാധ്യതയെകുറിച്ചും പരിശോധിക്കേണ്ടതുണ്ടെന്നും ഇത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. സമുദ്രവിമാന പദ്ധതി നടപ്പിലാക്കാത്തതിനാൽ ഈ പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ധനകാര്യവകുപ്പ് വ്യക്തമായി പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സൂചന

## വിനോദസഞ്ചാര വിവരപ്രചരണവും യാത്രാ ലഘൂകരണവും

വിവര വിന്യാസത്തിനും യാത്രാസൗകര്യങ്ങൾ സുഗമമാക്കാനുമായി വകുപ്പ് ₹152.10 കോടി അടങ്കലിൽ 90 പദ്ധതികൾക്ക് അനുമതി നൽകിയതിൽ ₹13.18 കോടിയുടെ 18 പദ്ധതികൾ പൂർത്തീകരിക്കുകയും ₹ 101.33 കോടിയുടെ 40 പദ്ധതികൾ പുരോഗമിക്കുകയും ₹ 37.59 കോടിയുടെ 32 പദ്ധതികൾ ഉപേക്ഷിക്കുകയോ ഇതുവരെയും ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഈ പദ്ധതികൾ പ്രധാനമായും രണ്ട് വിഭാഗങ്ങളിൽപ്പെടുന്നു; അതായത് ദിശാവിവരണ ബോർഡുകളും ഇൻഫർമേഷൻ കേന്ദ്രങ്ങളും വിപണനവും പ്രചരണവും.

## പ്രദർശനം നടത്തിയതിൽ സാമ്പത്തിക പരിധി മേൽ നിരീക്ഷിക്കുന്നതിലെ പരാജയം കേരള ട്രാവൽമാർട്ട് (കെ.ടി.എം.) ₹ 41.62 ലക്ഷം

ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജന്റുമാർ, വിമാനയാത്രാ കമ്പനികൾ, ഹോട്ടലുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടവരെ അംഗങ്ങളാക്കി 2000-ൽ രൂപം കൊണ്ട ഒരു സൊസൈറ്റിയാണ് കേരള ട്രാവൽമാർട്ട് (കെ.ടി.എം.). ഇത് ഒരു അന്തർദ്ദേശീയ വേദിയായി, വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും ഊർജ്ജസ്വലമായ ഒരു വേദിയിൽ വിനോദയാത്രാ കേന്ദ്രങ്ങൾ ചർച്ച ചെയ്യാനും ഇടപാടുകൾ അന്തിമമായി നിശ്ചയിക്കാനുമുള്ള സൗകര്യം നൽകുന്നു.

കെ.ടി.എം. 2010-ഉം 2012-ഉം സംഘടിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ജനുവരി 2011-ലും സെപ്തംബർ 2012-ലും യഥാക്രമം ഒരു കോടി വീതം ധനസഹായം കെ.ടി.എം.-ന് നൽകി. ഈ സംരംഭത്തിൽ നടന്ന ഇടപാടുകളുടെ എണ്ണം വകുപ്പിന് ലഭ്യമല്ലാത്തതിനാൽ വകുപ്പിന് ഇതിന്റെ ഫലം വിലയിരുത്താൻ കഴിഞ്ഞില്ല.

കെ.ടി.എം.-ന് അനുവദിച്ച ഫണ്ടിനെക്കാൾ ₹41.62 ലക്ഷം അധികം ക്രമവിരുദ്ധമായി വകുപ്പ് ചെലവഴിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. ഈ വിവരം ഡയറക്ടറുടെ ശ്രദ്ധയിൽകൊണ്ടുവരുകയും (2014 ഡിസംബർ) വകുപ്പിന്റെ പ്രതികരണത്തിന് കാത്തിരിക്കുകയും ചെയ്യുന്നു.

**കൊച്ചി ബിനാലെ നടത്താനുള്ള ഗ്രാന്റിൽ നിന്നുള്ള നീതീകരിക്കാനാവാത്ത ചെലവ്**

കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെ.ബി.എഫ്.) ഇന്ത്യയിലെ കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു ലാഭരഹിത ചാരിറ്റബിൾ ട്രസ്റ്റാം. അവരുടെ പ്രധാന സംരംഭം കൊച്ചി-മുസരീസ് ബിനാലെ സംഘടിപ്പിക്കലുമാണ്. രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന സമകാലീന കലാപ്രകടനങ്ങൾക്കായുള്ള ഒരു അന്തർദേശീയ വേദിയായ കൊച്ചി ബിനാലെ നടത്താൻ വേണ്ടി വിനോദസഞ്ചാര വകുപ്പ് ₹അഞ്ച് കോടി ആദ്യവട്ട ഗ്രാന്റായി കെ.ബി.എഫി.-ന് അനുവദിച്ചു (2010 ഡിസംബർ). ഈ സംരംഭം നടത്തുന്നതിലേക്കായി അധിക ഗ്രാന്റായി ₹നാല് കോടി വീണ്ടും അനുവദിച്ചു (2011 സെപ്റ്റംബർ). 2012 ഒക്ടോബർ മുതൽ 2013 ഫെബ്രുവരി വരെയുള്ള കാലയളവിൽ വന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതിനാൽ ഈ സംരംഭം ഒരു വിജയമായിരുന്നു.

ബിനാലെ നടത്തുന്നതുമായി ബന്ധമില്ലാതിരുന്ന കെ.ബി.എഫി.-ന്റെ മുംബൈ കാര്യാലയം പുതുക്കാനും അറ്റകുറ്റപ്പണികൾ നടത്താനുമായി കെ.ബി.എഫ്. ₹38.03 ലക്ഷം ഉപയോഗിച്ചതായി ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു. ഈ വിവരം ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ, വകുപ്പ് മറുപടിയായി പറഞ്ഞത്, ഈ ചെലവ്, കൊച്ചിയിലെ സംരംഭത്തിൽ പങ്കെടുക്കുന്ന കലാകാരന്മാരുടെ സൗകര്യത്തിനുവേണ്ടി കെ.ബി.എഫി.-ന്റെ മുംബൈ ഓഫീസിന്റെ പുതുക്കലിനും അറ്റകുറ്റപ്പണികൾക്കുമായി ചെലവായെന്നാണ്.

വിനോദസഞ്ചാരവകുപ്പ് ഫണ്ട് അനുവദിച്ചത് കൊച്ചി ബിനാലെ നടത്താൻ വേണ്ടി മാത്രമായതിനാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. മുംബൈയിലെ ശാഖാ കാര്യാലയത്തിന്റെ പുതുക്കലിനും അറ്റകുറ്റപ്പണികൾക്കുമായി പണം ചെലവാക്കിയതിനെ ന്യായീകരിക്കുന്ന കെ.ബി.എഫി.-ന്റെ നടപടി അനുചിതമാണ് കാരണം അതിനുവേണ്ടി സംസ്ഥാന ബജറ്റിൽ നിന്നും പണം ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. അതുകൊണ്ട് സർക്കാർ ധനസഹായത്തിൽ നിന്നും അനുമതിയില്ലാതെ ചെലവഴിച്ച (₹ 38.03 ലക്ഷം) തുക കെ.ബി.എഫി.-ൽ നിന്നും ഈടാക്കാനുള്ള സത്വര നടപടികൾ വകുപ്പ് കൈക്കൊള്ളേണ്ടതാണ്. കൂടാതെ, കേരള ഫിനാൻഷ്യൽകോഡ് (കെ.എഫ്.സി.) വ്യവസ്ഥകൾ പ്രകാരം, ഉദ്ഘാടനവുമായി ബന്ധപ്പെട്ട ചടങ്ങുകൾക്ക് സർക്കാർ ഫണ്ടിൽ നിന്നും പണം ചെലവാക്കുന്നത് അത്യാവശ്യങ്ങൾക്ക് വേണ്ടിമാത്രം വളരെ ചുരുക്കി വേണമെന്നുമാത്രമല്ല സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയും ആവശ്യമാണ്.

കൊച്ചി ബിനാലെ ഫൗണ്ടേഷൻ ഉദ്ഘാടന ചടങ്ങിനുവേണ്ടി ചെലവാക്കിയ ₹ 36.38 ലക്ഷത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടിയില്ല.

ഒരു സ്വകാര്യ ട്രസ്റ്റ് ആയതിനാൽ കോഡിന്റെ ഔപചാരികത കെ.ബി.എഫ്.-ന് ബാധകമല്ലെന്ന് സർക്കാർ നിർദ്ദേശിച്ചു. സർക്കാർ ഫണ്ടുപയോഗിച്ച് ഏത് പദ്ധതി/ പ്രവൃത്തിയുടേയും ഉത്ഘാടനവും തറക്കല്ലിടലും നടത്തിയതിനുവേണ്ട ചെലവുകൾക്ക് കെ.എഫ്.സി.-യിലെ വ്യവസ്ഥകൾ ബാധകമായതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല.

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ 2.8.2 മുതൽ 2.8.2.3 വരെയുള്ള ഖണ്ഡികകൾ]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

43. വിനോദ സഞ്ചാര വിവരപ്രചരണവും യാത്രാലഘൂകരണവും എന്ന ഖണ്ഡികയിലെ വിവരവിന്യാസത്തിനും യാത്രാസൗകര്യങ്ങൾ സുഗമമാക്കാനുമായി തയ്യാറാക്കിയ പദ്ധതി സംബന്ധിച്ച് വന്ന എ.ജി.-യുടെ പരാമർശത്തിന് സ്ഥലലഭ്യതയുടെ പ്രശ്നമുണ്ടായിരുന്നതു കൊണ്ട് 32 പദ്ധതികൾ ഉപേക്ഷിച്ചുവെന്നും ബാക്കിയുള്ള 40 പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

44. "പ്രദർശനം നടത്തിയതിൽ സാമ്പത്തിക പരിധി മേൽ നിരീക്ഷിക്കുന്നതിലെ പരാജയം- കേരള ട്രാവൽ മാർട്ട്" എന്ന ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ക്രമവിരുദ്ധമായി വകുപ്പ് ചെലവഴിച്ച 41.62 ലക്ഷം രൂപ വകുപ്പ് ക്രമീകരിച്ചതായി വിനോദ സഞ്ചാരവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

45. കൊച്ചി ബിനാലെയ്ക്കുവേണ്ടി ഓരോ വർഷവും എത്ര തുകയാണ് കൊടുക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് കൊച്ചി ബിനാലെ ഫൗണ്ടേഷന് കഴിഞ്ഞവർഷം 7 കോടി 10 ലക്ഷം രൂപ കൊടുത്തുവെന്നും അതിനുമുമ്പുള്ള വർഷം 5 കോടി രൂപയാണ് കൊടുത്തതെന്നും വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു.

46. 2010-ൽ ആദ്യ ഗ്രാന്റായി 5 കോടി രൂപ കൊടുത്തുവെന്നും 2011-ൽ 4 കോടി രൂപ അധിക തുക കൊടുത്തുവെന്ന് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതായും കൊടുത്ത തുകയിൽ അവ്യക്തതയുണ്ടെന്നും . അത് കൃത്യമായി പരിശോധിച്ച് വിശദമായ മറുപടി ലഭ്യമാക്കണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി.

47. കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ മുംബൈയിലെ ഓഫീസ് പുതുക്കലിനും അറ്റകുറ്റപ്പണികൾക്കുമായി സംസ്ഥാന സർക്കാർ ധനസഹായത്തിൽ നിന്നും അനുമതി യില്ലാതെ ചെലവഴിച്ച ₹ 38.03 ലക്ഷം സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞു.

48. 23-ഓളം രാജ്യങ്ങളിൽ നിന്നുള്ള കലാകാരൻമാർ പങ്കെടുക്കുന്ന കൊച്ചി ബിനാലെയുടെ ആദ്യകാലത്ത് കൊച്ചി നഗരത്തെ കുറിച്ച് കൂടുതൽ പേർക്കും അറിവില്ലാതിരുന്നതിനാൽ മുംബൈയിൽ ഒരു ഓഫീസുണ്ടാകണമെന്ന് അന്നത്തെ കെ.ബി.എഫ്. ട്രസ്റ്റ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചതെന്നും ഇപ്പോൾ ഓഫീസ് കൊച്ചിയിലേക്ക് മാറ്റിയിട്ടുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അറിയിച്ചു. ബിനാലെ ട്രസ്റ്റിലുള്ള ഒരു വ്യക്തിയുടെ സ്വകാര്യ ഓഫീസിനെ മുംബൈയിലെ ഓഫീസാക്കി മാറ്റി സർക്കാർ തുക ഉപയോഗിച്ച് നവീകരിച്ചതിനെ സമിതി നിശിതമായി വിമർശിച്ചു. ബിനാലെയുടെ ഉദ്ഘാടന പ്രവർത്തനങ്ങൾക്കായി 38 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ദേശീയ അന്തർദേശീയ തലത്തിലുള്ള ആളുകൾ പങ്കെടുക്കുന്ന ബിനാലെയുടെ പ്രഖ്യാപന ചടങ്ങാണ് അന്ന് നടന്നതെന്നും ആയതിന് 18 ലക്ഷം രൂപ മാത്രമെ ചെലവായിട്ടുള്ളൂവെന്നും ഡയറക്ടർ മറുപടി പറഞ്ഞു.

49. പ്രസ്തുത ട്രസ്റ്റിന് ബിനാലെ നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ലാഭമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ബിനാലെ ട്രസ്റ്റ് ഒരു പ്രൈവറ്റ് ട്രസ്റ്റാണെന്നും സർക്കാർ അവർക്ക് ധനസഹായം മാത്രമാണ് നൽകി വരുന്നതെന്നും ഡയറക്ടർ അറിയിച്ചു.

50. ബിനാലെയിൽ പ്രദർശിപ്പിക്കുന്ന പെയിന്റിംഗുകൾ/കലാരൂപങ്ങൾ വിൽക്കുമ്പോൾ ബിനാലെ ട്രസ്റ്റിന് എന്തെങ്കിലും ലാഭം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും അതിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ടെങ്കിൽ സർക്കാർ ഇത്രയും ഭീമമായ തുക ട്രസ്റ്റിന് നൽകേണ്ടതില്ലായെന്നും സമിതി അഭിപ്രായപ്പെട്ടു.

51. യാതൊരു നിയന്ത്രണവുമില്ലാതെ ബിനാലെയുടെ നടത്തിപ്പിനായി തുക നൽകിയതിനെ സമിതി രൂക്ഷമായി വിമർശിച്ചു. സർക്കാർ തുക ഉപയോഗിച്ച് ഓഫീസ് നവീകരിക്കുകയും യഥേഷ്ടം ചെലവഴിക്കുകയും ചെയ്തതിനുശേഷം കണക്കുകൾ സൂക്ഷ്മപരിശോധന നടത്താതെ മുഴുവൻ തുകയും അംഗീകരിച്ചു നൽകിയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. സർക്കാർ നൽകുന്ന തുക ഇത്തരത്തിലുള്ള സ്വകാര്യ ഏജൻസികൾ എപ്രകാരമാണ് ചെലവാക്കേണ്ടതെന്ന് കൃത്യമായി നിബന്ധനകൾ ഉണ്ടാകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

52. ബിനാലെ നടത്തിപ്പുമായി ബന്ധപ്പെട്ട് തുടർച്ചയായി പരാതി വന്നപ്പോൾ ബഹു.മുഖ്യമന്ത്രി ഒരു യോഗം വിളിക്കുകയും ട്രസ്റ്റിന്റെ നിയന്ത്രണത്തിനായി വിനോദ സഞ്ചാരം, സാംസ്കാരികകാര്യം എന്നീ വകുപ്പുകളുടെ ഡയറക്ടർമാരെയും ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറിയെയും ട്രസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തുവെന്നും വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഡൊണേഷനാണ് ട്രസ്റ്റിന്റെ വരുമാനമെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

53. ബിനാലെ നടത്തിപ്പിനായി പ്രൈവറ്റ് ഏജൻസികൾക്ക് സർക്കാർ ധനസഹായം നൽകുമ്പോൾ അവരുടെ ചെലവ് സംബന്ധിച്ച് ഒരു നിബന്ധന വേണമെന്നും വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വരുമ്പോൾ തന്നെ ചെലവഴിക്കുന്ന രീതി എന്താണെന്ന് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണമെന്നും സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു. കൂടാതെ സി & എ. ജി. യുടെ ആഡിറ്റിന് മുമ്പായി വകുപ്പ് തന്നെ ഇക്കാര്യത്തിൽ ഒരു ആഡിറ്റിംഗ് നടത്തണമെന്നും വകുപ്പിനോട് സമിതി നിർദ്ദേശിച്ചു. സർക്കാരിൽ നിന്നും ലഭിക്കുന്ന തുകയ്ക്ക് കൃത്യമായ വൗച്ചറുകൾ വേണമെന്നും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ഇടപെടണമെന്നും തുക അനുവദിക്കുമ്പോൾ ഏതൊക്കെ ആവശ്യത്തിനായി തുക ചെലവഴിക്കാൻ സാധിക്കുമെന്ന് നിബന്ധന വയ്ക്കണമെന്നും മറ്റ് ചെലവുകൾക്കുള്ള തുക അവരുടെ വരുമാനത്തിൽ നിന്നും കണ്ടെത്തണമെന്നും സമിതി ധനകാര്യ വകുപ്പിനോട് നിർദ്ദേശിച്ചു.

54. കൊച്ചി ബിനാലെ ഉദ്ഘാടന ചടങ്ങിന് വേണ്ടി സർക്കാരിന്റെ മുൻകൂർ അനുമതി തേടാതെ ഫൗണ്ടേഷൻ തുക ചെലവഴിച്ചത് സംബന്ധിച്ചുള്ള വിശദമായ വിവരം, ചെലവഴിച്ച തുക സംബന്ധിച്ചുള്ള കൃത്യമായ കണക്ക്, ഫൗണ്ടേഷന് ലഭിക്കുന്ന വരുമാനം, ഫൗണ്ടേഷനിലേക്ക് സർക്കാർ നൽകിയ ഗ്രാന്റുകളുടെ വ്യക്തമായ റിപ്പോർട്ട്, മുംബൈ ഓഫീസിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്ന വിവരം, ബിനാലെയിൽ വിൽക്കുന്ന ചിത്രങ്ങൾക്ക് ലഭിക്കുന്ന വരുമാനത്തിൽ നിന്നും കമ്മീഷൻ ഫൗണ്ടേഷന് നൽകുന്നുണ്ടോ എന്നിവ സംബന്ധിച്ചുള്ള വിവരം തുടങ്ങിയവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് സമർപ്പിക്കുവാൻ വിനോദസഞ്ചാര വകുപ്പിനോട് ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

55. ബിനാലെ സംഘടിപ്പിക്കുന്നതിനായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ പോലെയുള്ള സ്വകാര്യ ഏജൻസികൾക്ക് സർക്കാർ ധനസഹായം നൽകുന്നതിനാൽ ഇത്തരത്തിൽ ബിനാലെ നടത്തിപ്പിലൂടെ ഏജൻസികൾക്ക് ലഭിക്കുന്ന വരുമാനം കൂടി കണക്കിലെടുത്തുവേണം തുടർന്നുള്ള ധനസഹായം നൽകേണ്ടത് എന്ന് സമിതി കരുതുന്നു. ബിനാലെയിൽ പ്രദർശിപ്പിക്കുന്ന പെയിന്റിംഗുകൾ വിൽക്കുമ്പോൾ ബിനാലെ ഫൗണ്ടേഷന് വിൽപ്പനയിലൂടെ എന്തെങ്കിലും ലാഭം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അത്തരത്തിൽ ബിനാലെയിൽ പ്രദർശിപ്പിക്കുന്ന വസ്തുക്കൾ/ പെയിന്റിംഗുകൾ വിൽക്കുമ്പോൾ അവയിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ടെങ്കിൽ ബിനാലെ നടത്തിപ്പിനായി സർക്കാർ ഇത്രയും ഭീമമായ തുക ട്രസ്റ്റിന് നൽകേണ്ടതുണ്ടോയെന്നത് പുനഃപരിശോധിക്കണമെന്നും കണക്കുകളുടെ അടിസ്ഥാനത്തിൽ നൽകേണ്ട ധനസഹായം സംബന്ധിച്ച് കൃത്യമായ തീരുമാനമുണ്ടാകുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

56. കൊച്ചി ബിനാലെയുടെ നടത്തിപ്പിനായി സർക്കാർ യാതൊരു നിയന്ത്രണവുമില്ലാതെ തുക നൽകിയതിനെ സമിതി രൂക്ഷമായി വിമർശിക്കുന്നു. സർക്കാർ തുക ഉപയോഗിച്ച് KBF ഓഫീസ് നവീകരിക്കുകയും യഥേഷ്ടം ചെലവഴിക്കുകയും ചെയ്തതിനുശേഷം കണക്കുകൾ സൂക്ഷ്മപരിശോധന നടത്താതെ ചെലവാക്കിയ മുഴുവൻ തുകക്കും സാധൂകരണം നൽകി അനുവദിച്ചു നൽകിയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

57. കൊച്ചി ബിനാലെ ഫൗണ്ടേഷൻ പോലെയുള്ള സ്വകാര്യ ഏജൻസികൾക്ക് ബിനാലെ നടത്തിപ്പിനായി സർക്കാർ ധനസഹായം നൽകുമ്പോൾ ഏതൊക്കെ ചെലവിനങ്ങൾക്കാണ് തുക അനുവദിച്ചിരിക്കുന്നത് എന്നതിൽ നിബന്ധന വയ്ക്കണമെന്നും നിബന്ധനയിൽ ഉൾപ്പെടാത്ത ചെലവുകൾക്കുള്ള തുക ടി ഏജൻസി തന്നെ കണ്ടെത്തണമെന്നും കൃത്യമായ വൗച്ചറുകളുടെ അടിസ്ഥാനത്തിൽ മാത്രമേ തുക അനുവദിക്കാവൂ എന്നും വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ടി നിബന്ധനകളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധന നടത്തുവാൻ കൃത്യമായ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സർക്കാർ ഫണ്ടുകൂടി ഉപയോഗിച്ചാണ് ബിനാലെ നടത്തിപ്പിനായുള്ള പദ്ധതി/പ്രവൃത്തികൾ ചെയ്യുന്നതെന്നതിനാൽ വകുപ്പ് തന്നെ ഇത്തരം ഏജൻസികളുടെ വരവുചെലവു കണക്കുകൾ ഓഡിറ്റ് നടത്തണമെന്നും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

**സഹായി**

വകുപ്പ്, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ/ കടൽത്തീരങ്ങളിൽ ശുചിത്വം ഉറപ്പാക്കാൻ വേണ്ടി ₹ 17.23 കോടി അടങ്കലിൽ 22 പദ്ധതികൾ അനുവദിച്ചതിൽ, ₹ 1.68 കോടിയുടെ അഞ്ച് പദ്ധതികൾ പൂർത്തിയാകുകയും ₹ 6.97 കോടിയുടെ എട്ട് പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ₹ 8.58 കോടിയുടെ ഒമ്പത് പദ്ധതികൾ ഇതുവരെയും തുടങ്ങാതിരിക്കുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്തു.

ഈ പദ്ധതികൾ പ്രധാനമായും ശുചിയായ കേന്ദ്രങ്ങളുടെ പ്രചരണം, ഖരമാലിന്യ സംസ്കരണം, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത്, ഈ-ടോയിലറ്റുകൾ സ്ഥാപിക്കുന്നത് തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ്.

വീടുകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ വകുപ്പ് ആരംഭിച്ച ചില പദ്ധതികളുടെ അന്തിമ ഫലം താഴെ പറയുംവിധമാണ്.

## മലിനജല-ഖരമാലിന്യ സംസ്കരണ പദ്ധതികൾ നിർദ്ദിഷ്ട വിനോദസഞ്ചാരകേന്ദ്രങ്ങളിൽ സ്ഥാപിച്ചത്

- **പൊതുജന പങ്കാളിത്വത്തോടെയുള്ള കോവളത്തെ വികേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പദ്ധതി.**

കോവളത്തെത്തുന്ന വലിയ സംഖ്യയിലുള്ള വിനോദസഞ്ചാരികൾക്ക് വേണ്ടി ഹോട്ടലുകളും റെസ്റ്റാറന്റുകളും മറ്റു വാണിജ്യസ്ഥാപനങ്ങളുമടങ്ങിയ 500 സ്ഥാപനങ്ങൾ ഈ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്നു. വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ ആധിക്യം നിമിത്തം ഏകദേശം 5000 കിലോഗ്രാം ഖരമാലിന്യം ദിവസവും ഇവിടെയുണ്ടാവുന്നു. 'പൊതുജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതി വിനോദസഞ്ചാര വകുപ്പ് കോവളത്ത് ആരംഭിച്ചു. ₹36.80 ലക്ഷം ചെലവിൽ 5000 കിലോഗ്രാം ശേഷിയുള്ള രണ്ട് സംസ്കരണ പ്ലാന്റുകൾ കോവളത്ത് സ്ഥാപിക്കാനാണ് പദ്ധതി ലക്ഷ്യം വച്ചത്. വാസസ്ഥലങ്ങളുടെ സമീപമായതിനാൽ, പൊതുജനങ്ങളുടെ പ്രതിഷേധം നിമിത്തം പദ്ധതി തുടങ്ങാനായില്ല. അങ്ങനെ, ഖരമാലിന്യ സംസ്കരണ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വിനോദസഞ്ചാരവകുപ്പ് പരാജയപ്പെട്ടതുകാരണം പരിസ്ഥിതിയെയും വിനോദസഞ്ചാരികളുടെയും പരിസര നിവാസികളുടെയും ആരോഗ്യത്തെയും ബാധിച്ചു.

വൃത്തിയുള്ള കേന്ദ്രങ്ങളുടെ പദ്ധതിയും പൊതുജന പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണം പദ്ധതിയും കോവളത്ത് അനുവദിച്ചെങ്കിലും പുരോഗതി വളരെ കുറവായിരുന്നു. കോവളവും കമ്പളങ്ങിയുമൊഴികെ മറ്റൊരു പ്രധാന വിനോദസഞ്ചാരകേന്ദ്രത്തിനെയും (52 എണ്ണം) ഉൾപ്പെടുത്തിയ പദ്ധതിയൊന്നും ഉണ്ടായിരുന്നില്ല.

- ബയോഗ്യാസ് പ്ലാന്റിന്റെ സ്ഥാപനം

കോവളം വിനോദസഞ്ചാര കേന്ദ്രത്തിലെ രൂക്ഷമായ ഖരമാലിന്യത്തിന്റെ ഭീഷണി നേരിടാൻ വിനോദസഞ്ചാരവകുപ്പ് കിറ്റ്സ് നടത്തിയ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ "പൊതുജന പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതി" മുന്നോട്ടുവച്ചു. പദ്ധതിയുടെ ഘടകങ്ങൾ, വീടുകളിലും വിനോദസഞ്ചാര സ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കലും പ്ലാസ്റ്റിക്- വിഘടിക്കാത്ത മാലിന്യങ്ങൾക്കായി കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട ആൾക്കാരെ ബോധവൽക്കരിക്കുകയു മായിരുന്നു. ഇതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ₹ 1.38 കോടിയുടെ പ്രവൃത്തികൾ 12 മാസത്തിനകം പൂർത്തീകരിക്കത്തക്കവിധം ഭരണാനുമതി നൽകി (2012 ഓഗസ്റ്റ്). തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള കേരള ശുചിത്വമിഷനുമായി ചേർന്ന് പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചത്. ബയോഗ്യാസ് പ്ലാന്റിന്റെ 50 ശതമാനം ചെലവ് ശുചിത്വമിഷനും 40 ശതമാനം വിനോദസഞ്ചാരവകുപ്പും 10 ശതമാനം ഗുണഭോക്താക്കളും

വഹിക്കണം. വിനോദസഞ്ചാരവകുപ്പ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു മേൽനോട്ടസമിതി രൂപീകരിക്കാൻ തീരുമാനിച്ചു. ജില്ലാ വിനോദസഞ്ചാരവികസന സമിതി (ഡിടിപിസി) സെക്രട്ടറിയെ പദ്ധതിയുടെ നോഡൽ ഓഫീസറായി നിയോഗിച്ചു.

ഓഡിറ്റ് പരിശോധനയിൽ, പദ്ധതിയുടെ നടത്തിപ്പിനായി മൂന്ന് ഏജൻസികളെ തെരഞ്ഞെടുത്തതായും നേരത്തേ തീരുമാനിച്ച 1200 പ്ലാന്റുകളിൽ വെറും 90 പ്ലാന്റുകൾ മാത്രമേ 2014 ഡിസംബർവരെയും പൂർത്തിയാക്കിയുള്ളൂ എന്നും വെളിവായി. എന്നാൽ വകുപ്പ് ഡി.ടി.പി.സി.യ്ക്ക് അതിന്റെ പങ്കായ ₹ 70 ലക്ഷം നൽകിയതായി (2013 ഏപ്രിൽ) കണ്ടു. കൂടാതെ, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പ് ₹ 63 ലക്ഷം നൽകാനുള്ള ഭരണാനുമതി നൽകി (2014 ജനുവരി). എന്നാൽ സ്ഥാപിച്ച പ്ലാന്റുകളുടെ പ്രകടനം വിലയിരുത്തിയതിനുശേഷം മാത്രമേ ഫണ്ട് നൽകൂ എന്ന വാദത്തിൽ തുക ശുചിത്വമിഷന് കൈമാറിയില്ല (2014 ഡിസംബർ).

അങ്ങനെ, വിനോദസഞ്ചാരവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും (ശുചിത്വമിഷൻ) തമ്മിലുള്ള ഏകോപനമില്ലായ്മ കാരണം പദ്ധതിയ്ക്ക് ക്രമാതീതമായ കാലതാമസമുണ്ടാവുകയും അങ്ങനെ ജനങ്ങൾക്ക് ഗുണഭോക്താക്കൾക്ക് പ്രയോജനം നഷ്ടപ്പെടുകയും ചെയ്തു. കൂടാതെ, ചവറുകൾ കുന്നുകൂടുന്നത് വിനോദസഞ്ചാരികൾക്ക് അസൗകര്യവും മോശം അനുഭവം സൃഷ്ടിക്കുകയും ചെയ്തു.

- **വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഈ-ടോയിലറ്റ് സ്ഥാപിച്ചതിലെ വീഴ്ചകൾ**

വിവിധ രാജ്യങ്ങളിൽ നിലവിലുള്ള പണംകൊടുത്തുപയോഗിക്കുന്ന വിവിധ സൗകര്യങ്ങളോടുകൂടിയ ശൗചാലയം യൂറോപ്പിൽ വികസിപ്പിച്ച ഇലക്ട്രോണിക് ടോയിലറ്റ് (ഈ-ടോയിലറ്റ്) എന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഇലക്ട്രോണിക് ടോയിലറ്റ് പൂർണ്ണമായും യന്ത്രവൽകൃതമായ, മാറ്റിവയ്ക്കാവുന്ന, വൈദ്യുത മെക്കാനിക്കൽ സംവിധാനങ്ങളും വിവരസാങ്കേതികതയും ഉപയോഗിച്ച് പ്രവർത്തിക്കുന്നവയാണ്. ഓരോ ശൗചാലയത്തിനും യന്ത്രവത്കൃത പണം സ്വീകരിക്കൽ, വാതിൽ തുറക്കൽ, ജലം ഉപയോഗിച്ച് ശൗചാലയം രോഗാണുവിമുക്തമാക്കൽ, വൃത്തിയാക്കൽ സംവിധാനമുണ്ട്.

എട്ട് ഈ-ടോയിലറ്റുകൾ, വർക്കല, ആലപ്പുഴ, ഫോർട്ട് കൊച്ചി, കോവളം എന്നിവിടങ്ങളിൽ രണ്ടുവീതം ₹ 40 ലക്ഷം അടങ്കലിൽ വകുപ്പ് അനുവദിച്ചു. (ജൂലൈ 2012) ഈ പ്രവൃത്തി കെൽട്രോൺ മുഖാന്തരം നടപ്പാക്കേണ്ടതും മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുമായിരുന്നു. ഈ-ടോയിലറ്റുകൾക്ക് വേണ്ടിയുള്ള വൈദ്യുതിയും വെള്ളവും പ്രദാനം ചെയ്യേണ്ടതും അറ്റകുറ്റപ്പണികൾ നടത്തേണ്ടതും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവാദിത്തമായിരുന്നു. ഈ-ടോയിലറ്റ് സ്ഥാപിച്ചതിനും കമ്മീഷൻ ചെയ്തതിനും ശേഷം ആറുമാസമായിരുന്നു കെൽട്രോൺ നൽകിയ വാറന്റി കാലാവധി.

നാല്വ കേന്ദ്രങ്ങളിൽ ഈ-ടോയിലറ്റ് സ്ഥാപിക്കേണ്ടിയിരുന്നുവെങ്കിലും കോവളം, ആലപ്പുഴ, ഫോർട്ട് കൊച്ചി തുടങ്ങിയ മൂന്ന് സ്ഥലങ്ങളിൽ മാത്രമേ സ്ഥാപിച്ചുള്ളുവെന്ന് ഓഡിറ്റ് പരിശോധനയിൽ വെളിവായി (മാർച്ച് 2013). എന്നാൽ, തദ്ദേശസ്വയംഭരണ വകുപ്പുമായി ഏകോപിച്ച് നിർബന്ധിതമായും ലഭ്യമാക്കേണ്ട ജല/വൈദ്യുതി ബന്ധം നേടാനാവാത്തതിനാൽ പൂർത്തിയാക്കിയ ഈ-ടോയിലറ്റുകൾ ഇതുവരെയും ഉപയോഗിക്കാനായില്ല.

വർക്കലയിൽ ഈ-ടോയിലറ്റ് സ്ഥാപിക്കുന്നത് ഈ-ടോയിലറ്റ് സ്ഥാപിക്കാനുദ്ദേശിച്ച സ്ഥലത്തിന്റെ അടുത്തപുരയിടത്തിന്റെ ഉടമസ്ഥന്റെ എതിർപ്പുകാരണം നിർത്തിവയ്ക്കുകയും ഹൈക്കോടതി നിർദ്ദേശപ്രകാരം നിർമ്മാണം അനിശ്ചിതകാലത്തേക്ക് നിർത്തിവയ്ക്കുകയും ചെയ്തു.

ഈ-ടോയിലറ്റ് പദ്ധതിയുടെ നടപ്പാക്കലിൽ താഴെപ്പറയുന്ന പോരായ്മകൾ കണ്ടെത്തി:

- വിനോദസഞ്ചാര വകുപ്പ് ഈ-ടോയിലറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങളിൽ മതിയായ സാധ്യതാപഠനം നടത്തുന്നതിൽ പരാജയപ്പെട്ടു. അപ്രകാരം സാധ്യതാ പഠനം നടത്തിയിരുന്നെങ്കിൽ പരിസരപ്രദേശത്തെ ആൾക്കാരുടെ എതിർപ്പ് സാധ്യതാപഠനത്തിൽ വെളിവാകുമായിരുന്നു.
- തദ്ദേശസ്വയംഭരണ വകുപ്പിന്റെ സജീവമായ പ്രതിബദ്ധത ഉറപ്പാക്കുന്നതിൽ, പ്രത്യേകിച്ചും ഈ-ടോയിലറ്റ് പദ്ധതി തുടങ്ങുന്നതിനുമുമ്പുതന്നെ ജല-വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടു.

എക്സിറ്റ് കോൺഫറൻസിൽ, ഈ-ടോയിലറ്റുകൾ ഒരു പരാജയമാണെന്ന് വകുപ്പ് സമ്മതിച്ചു. കൂടാതെ ഇത് പൈലറ്റ് പദ്ധതിയായിരുന്നുവെന്നും വകുപ്പ് പറഞ്ഞു. ഇതൊരു പൈലറ്റ് പദ്ധതിയാണെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരാമർശം സമാനമായ പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട് എന്ന കാരണത്താൽ അംഗീകരിക്കത്തക്കതല്ല.

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ 2.8.3 മുതൽ 2.8.3.2 വരെയുള്ള ഖണ്ഡികകൾ]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

58. "മലിനജല-ഖരമാലിന്യ സംസ്കരണ പദ്ധതികൾ നിർദ്ദിഷ്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സ്ഥാപിച്ചത്" എന്ന ഖണ്ഡിക പരിഗണിച്ച സമിതി ഒട്ടും പ്രാവർത്തിക

മല്ലാത്ത മാലിന്യസംസ്കരണ പദ്ധതിയാണ് തദ്ദേശസ്വയംഭരണ വകുപ്പ് ചെയ്തിരിക്കുന്നതെന്ന് കുറ്റപ്പെടുത്തി. ഈ പദ്ധതിയ്ക്കായി എത്ര രൂപയാണ് നഷ്ടപ്പെട്ടത്, ബാക്കി തുക ഡി.ടി.പി.സി. തിരിച്ചടച്ചിട്ടുണ്ടോ, എന്തുകൊണ്ടാണ് ഈ പദ്ധതി നിർത്തലാക്കിയത്, പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് തുടങ്ങിയ വിവരങ്ങളടങ്ങിയ വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ ശിപാർശകൾ

59. വിനോദസഞ്ചാരകേന്ദ്രങ്ങളിൽ മലിന ജല- ഖരമാലിന്യ സംസ്കരണ പദ്ധതികൾ പ്രാവർത്തികമാകാത്തതിനാൽ ഈ ഇനത്തിൽ എത്ര തുക നഷ്ടമായിയെന്നും ബാക്കി തുക തിരിച്ചടച്ചിട്ടുണ്ടോയെന്നും പദ്ധതി നിർത്തലാക്കിയതിന്റെ കാരണമെന്തെന്നും പകരം എന്തു സംവിധാനമാണ് ഏർപ്പെടുത്തിയതെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സുവിധ

വിനോദസഞ്ചാരകേന്ദ്രങ്ങളിൽ സൗകര്യങ്ങൾ വികസിപ്പിക്കുന്നതുമായി സുവിധ ബന്ധപ്പെട്ടിരിക്കുന്നു. വിനോദസഞ്ചാര വകുപ്പ് ₹ 4.68 കോടി അടങ്കലിൽ കോവളത്ത് സൈലന്റ്‌വാലി സൂര്യസ്നാന പാർക്ക് സ്ഥാപിക്കാൻ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്സ്സിഎഡിസി) യെ നിർവഹണ ഏജൻസിയായി ഭരണാനുമതി നൽകി (2013 ജൂലൈ). ഈ പ്രവൃത്തിയിൽ സ്ഥലം വികസിപ്പിക്കുന്നത് ലാൻഡ്സ്കേപ്പിംഗ്, ചുറ്റുമതിൽ, കുളം, നിരീക്ഷണത്തട്ട് എന്നിവ പുനഃസ്ഥാപിക്കുന്നതും സ്വീകരണ ബ്ലോക്ക് നിർമ്മിക്കുന്നതും ഉൾപ്പെടുന്നു. 12 മാസത്തിനുള്ളിൽ ജോലി പൂർത്തിയാക്കാനായി കെ.എസ്സ്.സി.എ.ഡി.സി.-യുമായി കരാറിലുമേർപ്പെട്ടു (2013 ഒക്ടോബർ). വകുപ്പ് ഭരണാനുമതി നൽകിയ തുകയുടെ 50 ശതമാനം (₹ 2.34 കോടി) മുൻകൂറായി നൽകിയെങ്കിലും പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ (2014 ഒക്ടോബർ) പൂർത്തിയാക്കാൻ കഴിഞ്ഞില്ല. സ്വീകരണ ബ്ലോക്കിന്റേയും നിരീക്ഷണത്തട്ടിന്റെയും അടിസ്ഥാനം കെട്ടുന്നതിനുവേണ്ടി അസ്ഥിവാരം കുഴിക്കുന്നത് പൂർത്തിയാക്കിയതായും സ്വീകരണ ബ്ലോക്കിന്റെ അടിസ്ഥാനം നിർമ്മിക്കുന്നത് നടന്നുകൊണ്ടിരിക്കുന്നതായും നിലവിലുള്ള ചുറ്റുമതിലിന്റെയും കുളത്തിന്റെയും പുനരുദ്ധാരണവും ലാൻഡ് സ്കേപ്പിംഗും സ്ഥലത്തിന്റെ വികസനത്തിന്റെയും ടെൻഡർ നടപടികളായിട്ടില്ലെന്നും നിർവഹണ ഏജൻസി പ്രസ്താവിച്ചു (2015 ജനുവരി).

അങ്ങനെ, കരാറിൽ പറഞ്ഞിരുന്ന പ്രകാരം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കരാറിൽ പിഴയീടാക്കാനുള്ള വ്യവസ്ഥകളൊന്നും ഉൾപ്പെടുത്താത്തതിനാൽ വകുപ്പിന് നിർവഹണ ഏജൻസിക്ക് എതിരായി നടപടിയെടുക്കാൻ സാധിച്ചില്ല. മുകളിൽ പറഞ്ഞ സിവിൽ ജോലികൾ പൂർത്തിയാവുന്നതിനുശേഷം മാത്രമേ രണ്ടാംഘട്ട നിർമ്മാണം നടത്താൻ സാധിക്കുവെന്നതിനാൽ ഇതിലുണ്ടാവുന്ന താമസം പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിക്കും. വകുപ്പിന്റെ അഭിപ്രായം കാത്തിരിക്കുന്നു.

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ 2.8.4 ഖണ്ഡിക]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

60. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആരംഭിച്ച പദ്ധതിയാണ് സുവിധയെന്നും പദ്ധതിയുടെ ഭാഗമായി കോവളത്ത് സൈലന്റ്‌വാലി സൂര്യസ്നാന പാർക്ക് സ്ഥാപിക്കുവാൻ കേരളസ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്‌മെന്റ് കോർപ്പറേഷനാണ് കരാർ ഏറ്റെടുത്തിട്ടുള്ളതെന്നും ജോലി വളരെ സാവകാശമാണ് നീങ്ങുന്നതെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അറിയിച്ചു.

61. നല്ല എഞ്ചിനീയറിംഗ് വിംഗ് ഉണ്ടായിട്ടും 2013-14-ൽ തുടങ്ങിയ പ്രവൃത്തി ഇത്രയും വർഷമായിട്ടും തീരാത്തത് സംബന്ധിച്ച് സമിതി വിമർശിച്ചു. കേരള കോസ്റ്റൽ ഏരിയ ഡെവലപ്‌മെന്റ് കോർപ്പറേഷനുമായുള്ള കരാറിൽ പണി താമസിച്ചാൽ പിഴ ഈടാക്കാനുള്ള വ്യവസ്ഥകളൊന്നും നിർദ്ദേശിച്ചിട്ടില്ലെന്നും അങ്ങനെയുള്ള വ്യവസ്ഥകൾ വച്ചാൽ ഒരു സർക്കാർ സ്ഥാപനവും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകില്ലെന്നും വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

62. ഒരു കരാർ വ്യവസ്ഥ ചെയ്യുമ്പോൾ വസ്തു കൈമാറ്റം ചെയ്ത് ഒരു നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയായിട്ടില്ലെങ്കിൽ കരാർ റദ്ദാകുമെന്ന കാര്യം വ്യവസ്ഥ ചെയ്യണമെന്ന് സമിതി വകുപ്പിനോട് നിർദ്ദേശിച്ചു. ഒരു പ്രവൃത്തി ചെയ്യുന്നതിനായി കരാർ നൽകുന്ന സമയത്ത് പ്രവൃത്തി പൂർത്തീകരണത്തിന് സമയപരിധി നിശ്ചയിക്കുന്നതിനും നിശ്ചിത സമയപരിധിയിക്കുള്ളിൽ പ്രവൃത്തി പൂർത്തിയായിട്ടില്ലെങ്കിൽ നഷ്ടപരിഹാരം ഈടാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ തയ്യാറാക്കണമെന്ന് സർക്കാരിനോട് ശിപാർശ നൽകുന്നതിന് സമിതി തീരുമാനിച്ചു. കരാർ നൽകുന്ന സമയത്ത് സമയപരിധി നിശ്ചയിക്കുന്നതും നഷ്ടപരിഹാരം ഉൾപ്പെടെ സർക്കാരിന് പരിരക്ഷ ലഭിക്കുന്ന നടപടികൾ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച വകുപ്പിന്റെ നിർദ്ദേശം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

63. 'സുവിധ' യുമായി ബന്ധപ്പെട്ട് കോവളത്ത് സൈലന്റ്‌വാലി സൂര്യസ്നാന പാർക്ക് സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്‌മെന്റ് കോർപ്പറേഷൻ 2013-14-ൽ ആരംഭിച്ച പ്രവൃത്തി ഇത്രയും വർഷമായിട്ടും പൂർത്തിയാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഒരു പ്രവൃത്തി നിർവഹണവുമായി ബന്ധപ്പെട്ട് നിർവഹണ

ഏജൻസിയുമായി ഏർപ്പെടുന്ന കരാറിൽ പ്രവൃത്തിക്കാവശ്യമായ വസ്തു കൈമാറ്റം ചെയ്ത് ഒരു നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയായിട്ടില്ലെങ്കിൽ കരാർ റദ്ദാകും എന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തണമെന്ന് സമിതി വകുപ്പിനോട് ശിപാർശ ചെയ്യുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി, നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയായിട്ടില്ലെങ്കിൽ ഈടാക്കേണ്ട നഷ്ടപരിഹാരം എന്നീ വ്യവസ്ഥകൾ കൂടി കരാറിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് സമയപരിധി നിശ്ചയിക്കുന്നതും നഷ്ടപരിഹാരം ഉൾപ്പെടെ സർക്കാരിന് പരിരക്ഷ ലഭിക്കുന്ന നടപടികൾ കരാറിൽ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച നിർദ്ദേശം ലഭ്യമാക്കാൻ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

**സഹയോഗ്**

**വകുപ്പുകൾ/ഏജൻസികൾ തമ്മിലുള്ള ഏകോപനം**

ഡി.റ്റി.പി.സി. എന്നത് സംസ്ഥാനത്തിലെ അദ്വിതീയമായ ഒരു ആശയമായിരുന്നു. ഇതിൽ ചെറിയ പദ്ധതികളുടെ ആസൂത്രണം, തെരഞ്ഞെടുത്ത വിനോദസഞ്ചാര പദ്ധതികളുടെ സ്ഥാപിക്കലും പ്രവർത്തിപ്പിക്കലും എന്നിവ ഉൾപ്പെടുന്നു. വിനോദസഞ്ചാര വകുപ്പിന്റെ ഇത്തരം പദ്ധതികൾ ഡി.ടി.പി.സി.യുമായുള്ള ഏകോപനത്തിലൂടെ നടത്തുന്നതായതിനാൽ അവയെ സഹയോഗിനു കീഴിൽ കണക്കാക്കി ജില്ലാതലത്തിലുള്ള സൊസൈറ്റികളായാണ് ഡി.ടി.പി.സി. സംഘടിപ്പിച്ചിരിക്കുന്നത്. ഡി.റ്റി.പി.സി.യുടെ മേൽ സർക്കാരിന് നിയന്ത്രണമേർപ്പെടുത്താനും വിവിധ വകുപ്പുകളുമായി ഏകോപനത്തിനുമായി അതാതു ജില്ലകളിലെ ജില്ലാ കളക്ടർമാരെ ചെയർമാനായി നിയമിച്ചിരിക്കുന്നു. അവരുടെ പ്രധാന കർത്തവ്യങ്ങൾ (എ) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട ചെറിയ അടിസ്ഥാന സൗകര്യ വികസനപദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക (ബി) വിനോദസഞ്ചാര സ്ഥലങ്ങളിൽ പണം കൊടുത്തുള്ള വാഹന പാർക്കിംഗ്, പൊതുപാർക്കുകൾ, പണം കൊടുത്തുപയോഗിക്കാവുന്ന ശൗചാലയങ്ങൾ, കുട്ടികളുടെ പാർക്ക് തുടങ്ങിയവ നടപ്പിൽ വരുത്തുക.

ഡി.റ്റി.പി.സി.യെ ഏൽപ്പിച്ച 109 പദ്ധതികളിൽ 24 എണ്ണം മാത്രമേ (ഏൽപ്പിച്ച ജോലിയുടെ 22 ശതമാനം) പൂർത്തീകരിക്കാനായുള്ളുവെന്നും 45 എണ്ണം പുരോഗമിച്ച് കൊണ്ടിരിക്കുന്നുവെന്നും 40 എണ്ണം ഉപേക്ഷിക്കപ്പെടുകയോ/ഇതുവരെയും ആരംഭിച്ചിട്ടില്ല എന്നും നിരീക്ഷിക്കപ്പെട്ടു. പ്രവൃത്തിയുടെ മന്ദഗതിയിലുള്ള പുരോഗതി കാണിക്കുന്നത് വിനോദസഞ്ചാര വകുപ്പ് ഫണ്ട് നൽകുന്നുണ്ടെങ്കിലും ഡി.ടി.പി.സി.യുടെ നിർവഹണ പ്രവർത്തനങ്ങളിൽ മതിയായ നിയന്ത്രണം നടത്തുന്നില്ലെന്നാണ്.

ഡി.ടി.പി.സി.സി. നിർവഹണം നടത്തിയ പ്രവൃത്തികളിൽ താഴെ പറയുന്ന വീഴ്ചകൾ ഓഡിറ്റ് കണ്ടെത്തി.

- ജില്ലാ കളക്ടറെ ചെയർമാനായി നിയമിച്ചുവെങ്കിലും സർക്കാരിന് ഫലവത്തായ നിയന്ത്രണമോ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമോ ഉണ്ടായിരുന്നില്ല. ഡി.ടി.പി.സി.യുടെ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നത് സെക്രട്ടറിയാണെങ്കിലും സെക്രട്ടറിയുടെ പദവി വഹിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളൊന്നുമുണ്ടായിരുന്നില്ല.
- ഡി.ടി.പി.സി.യ്ക്ക് സാങ്കേതിക വിഭാഗമില്ലാതിരുന്നതിനാൽ, വിനോദസഞ്ചാര വകുപ്പ് ഡി.ടി.പി.സി.യെ ഏൽപ്പിക്കുന്ന എല്ലാ ജോലികളും കിറ്റ്കോ, കെ.എസ്.സി.എ.ഡി.സി. തുടങ്ങിയ ഏജൻസികളെ ഏൽപ്പിക്കുന്നു.
- ഡി.ടി.പി.സി.യുടെ അക്കൗണ്ട്സ് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റു ചെയ്യുന്നുവെങ്കിലും ഡി.ടി.പി.സി.യുടെ അക്കൗണ്ട്സ്, ഓഡിറ്റ് സംവിധാനങ്ങൾ വൈദഗ്ധ്യത്തോടെ പരിപാലിക്കപ്പെട്ടിരുന്നില്ല.

**മേൽനോട്ട സംവിധാനത്തിന്റെ അഭാവം**

വകുപ്പിന് സിവിൽ ജോലികൾ ചെയ്യാൻ സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമില്ലാത്തതിനാൽ, അതിന്റെ പദ്ധതികൾ പ്രധാനമായും മറ്റ് നിർവഹണ ഏജൻസികൾ മുഖാന്തരമാണ് ചെയ്യുന്നത്. പദ്ധതിയുടെ അനുമതി ഘട്ടം മുതൽ നിർവഹണഘട്ടവും തീർപ്പാക്കലും വരെ ശരിയായ നിയന്ത്രണത്തിന് പദ്ധതികളുടെ സ്ഥിതി ആനുകാലികമായി വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. വകുപ്പ് നിലവിലുള്ള പദ്ധതികളെ ഒരു ബാഹ്യ ഏജൻസി മുഖാന്തരം നിരീക്ഷിക്കാൻ പദ്ധതി അനുവദിച്ചതായി ഓഡിറ്റ് പരിശോധനയിൽ വെളിവായി. വകുപ്പും നിർവഹണ ഏജൻസികളുമായുള്ള (കിറ്റ്കോ തുടങ്ങിയ) ധാരണ പ്രകാരം, നിർവഹണം ഏജൻസികളുടെ ഉത്തരവാദിത്വത്തിൽ കാലാകാലങ്ങളിലെ പ്രവൃത്തിയുടെ പുരോഗതി കാണിക്കുന്ന സ്ഥിതിവിവര റിപ്പോർട്ടുകളും ഉൾപ്പെടുന്നു. നിർവഹണ ഏജൻസികൾക്ക് വകുപ്പ് കൺസൾട്ടിംഗ് ചാർജ്ജ് നൽകുന്നതിനും ബാദ്ധ്യസ്ഥരാണ്.

- വകുപ്പിന്റെ ആസൂത്രണ വിഭാഗത്തെയാണ് പദ്ധതിയുടെ പുരോഗതിയും കാലാകാലങ്ങളിൽ പുരോഗതി റിപ്പോർട്ടും അയയ്ക്കാനും ചുമതലപ്പെടുത്തിയിരിക്കുന്നത്. വിനോദസഞ്ചാര ഡയറക്ടറേറ്റ് അവരുടെ ജോലിയെ ബാധിക്കുമെന്ന കാരണത്താൽ ഈ പ്രവൃത്തി ജില്ലാ ഓഫീസുകളിലേക്ക് കൈമാറ്റം ചെയ്തു. പദ്ധതികൾ നിരീക്ഷിക്കുന്ന ജോലി ലാൽ ബഹദൂർ ശാസ്ത്രി (എൽബിഎസ്) സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയെ എട്ട് മാസത്തേയ്ക്ക് (2012 ഓഗസ്റ്റ് മുതൽ 2013 മാർച്ച് വരെ) ₹ 76.80 ലക്ഷത്തിന് ഏൽപ്പിക്കാനായി സർക്കാർ അനുമതി നൽകി (2012 ഓഗസ്റ്റ്). സർക്കാർ എൽബിഎസിന്റെ സേവനം തുടർന്നു ലഭിക്കുവാൻ വേണ്ടി 2013-14 ലേക്ക് ₹ 93.80 ലക്ഷത്തിനും 2014-15 ലേക്ക് ₹ 1.38 കോടിയ്ക്കും ഭരണാനുമതി നൽകി.

- പദ്ധതികൾ നിർവഹണ ഏജൻസികളെ ഡിപ്പോസിറ്റ് വ്യവസ്ഥയിൽ സെന്റേജ് ചാർജ്ജ് ലഭിക്കത്തക്കവണ്ണം ചുമതലപ്പെടുത്തിയിരുന്നതിനാൽ അവർ ദൈനംദിനാടിസ്ഥാനത്തിൽ മേൽനോട്ടം വഹിക്കുകയും നിരീക്ഷിക്കുകയും ചെയ്യേണ്ടതും പദ്ധതി ജോലികളുടെ പുരോഗതിയും തൽസമയ സ്ഥിതിയും മാസംതോറും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. വകുപ്പിൽ റിപ്പോർട്ടുകൾ യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും ഹെഡ്ക്വാർട്ടേഴ്സിൽ വിലയിരുത്തുകയും പദ്ധതികളുടെ പ്രാഥമികവും കാലികവുമായി റിപ്പോർട്ടുകൾ വകുപ്പിന് ലഭ്യമായെന്നുറപ്പാക്കേണ്ടതുമാണ്.

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ 2.8.5 മുതൽ 2.8.5.2 വരെയുള്ള ഖണ്ഡികകൾ]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

64. "വകുപ്പുകൾ/ഏജൻസികൾ തമ്മിലുള്ള ഏകോപനം" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി ഡി.ടി.പി.സി. ഒരു ചെറിയ ഓഫീസാണെന്നും നിർമ്മാണ ജോലികൾ ഏറ്റെടുക്കാനോ നടപ്പാക്കാനോ കഴിയില്ലെന്നും അഭിപ്രായപ്പെട്ടു.

65. വിനോദ സഞ്ചാര വകുപ്പിന്റെ നിർമ്മാണ ജോലികൾ ഏറ്റെടുക്കുന്ന കിറ്റ്കോ-യ്ക്ക് പരിചയസമ്പന്നരായ വിദഗ്ദ്ധർ ഇല്ലെന്നും കിറ്റ്കോയുടെ ശേഷിയെക്കാൾ പതിന്മടങ്ങ് പ്രവൃത്തികൾ വിവിധ വകുപ്പുകളിൽ നിന്നും ഏറ്റെടുത്തിട്ടുണ്ടെങ്കിലും അവ ചെയ്തു തീർക്കാൻ പര്യാപ്തമായ അവസ്ഥ കിറ്റ്കോ-യ്ക്ക് ഇല്ലായെന്നും ഒരു പ്രവൃത്തിപോലും അവർക്ക് പൂർണ്ണമായും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലായെന്നും സമിതി ചൂണ്ടിക്കാട്ടി ആയതിനാൽ കിറ്റ്കോ-യെ പോലുള്ള ഏജൻസികൾക്ക് സർക്കാർ പ്രവൃത്തികൾ ഏൽപ്പിക്കരുതെന്ന് സമിതി നിർദ്ദേശിച്ചു.

66. മേൽനോട്ട സംവിധാനത്തിന്റെ അഭാവം എന്ന ഓഡിറ്റ് ഖണ്ഡിക പരിശോധിച്ച സമിതി സംസ്ഥാനതല മേൽനോട്ട സംവിധാനം അല്ലാതെ വകുപ്പിന് വികേന്ദ്രീകൃത മേൽനോട്ട സംവിധാനം ഉണ്ടോയെന്ന് ആരാഞ്ഞു. കേരളത്തിലെ വിനോദസഞ്ചാര വകുപ്പിന് ഇപ്പോൾ പ്രോജക്ട് സോഫ്റ്റ്‌വെയർ ഉണ്ടെന്നും മുഴുവൻ പദ്ധതികളുടെയും സർക്കാർ ഉത്തരവുകൾ, നിലവിലെ അവസ്ഥ, അവയുടെ ചിത്രങ്ങൾ, സ്ഥാനം, ജി.ഐ.എസ്. ട്രാക്കിംഗ് എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കേരളത്തിന്റെ ഏതു ഭാഗത്തു നിന്നും സെർച്ച് ചെയ്താലും ടി വിവരങ്ങൾ പൂർണ്ണമായും ലഭിക്കുമെന്നും അതിന്റെ ലോഗിൻ എല്ലാ ജില്ലകളിലും നൽകിയിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

67. വിനോദസഞ്ചാര വകുപ്പിന്റെ ഭരണ നിർവഹണ സംവിധാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർക്ക് ഭരണ ചുമതലകൾക്ക് പുറമേ പദ്ധതി മേൽനോട്ടവുമായി എന്തെങ്കിലും ബന്ധമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വകുപ്പിൽ നിന്നുള്ള അനുമതി കൈമാറി ലഭിക്കാത്ത പദ്ധതികളുടെ നടത്തിപ്പ്, നിരീക്ഷണം, പരിപാലനം എന്നിവ നടത്തുന്നത് ഡി.ടി.പി.സി. സെക്രട്ടറിയാണെന്ന് വകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു. കൂടാതെ ചില പദ്ധതികൾ ഡയറക്ടർ നേരിട്ട് നടത്താറുണ്ടെന്നും എല്ലാ പദ്ധതികളുടെയും നിരീക്ഷണവും നടത്തിപ്പും വിലയിരുത്തേണ്ടത് അതത് ജില്ലകളുടെ ഡി.ഡി.യും ഡി.ടി.പി.സി സെക്രട്ടറിമാരും ആണെന്നും പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണവും അവയുടെ നടത്തിപ്പും അറ്റകുറ്റപ്പണികളും ചെയ്യേണ്ടത് ഡി.ടി.പി.സി.യാണെന്നും ഡയറക്ടർ കൂട്ടിചേർത്തു.

68. തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ സ്ഥലങ്ങളിൽ ജോയിന്റ് ഡയറക്ടർമാരാണ് ഡി.ഡി.യുടെ ജോലി ചെയ്യുന്നതെന്നും വകുപ്പ് മന്ത്രിയുടെ പുതിയ തീരുമാനമനുസരിച്ച് ജെ.ഡി.മാർക്കാണ് പദ്ധതിയുടെ മുഴുവൻ . മേൽനോട്ടവും കൊടുത്തിരിക്കുന്നതെന്നും വകുപ്പ് ഡയറക്ടർ തുടർന്നറിയിച്ചു.

69. വിനോദസഞ്ചാര പദ്ധതികളുമായി ബന്ധപ്പെട്ട് എല്ലാവർഷവും 400 കോടി രൂപയോളം ചെലവഴിക്കുന്നുണ്ടെങ്കിലും ഡി.ടി.പി.സി.ക്ക് മേൽനോട്ട നടത്തിപ്പിനുള്ള പ്രാപ്തിയില്ലായെന്നും ആയതിനാൽ പദ്ധതി മേൽനോട്ടത്തിനായി ഭരണസംവിധാനത്തിൽ നിന്നും വിഭജിച്ചുകൊണ്ടുള്ള ഒരു സംവിധാനം രൂപീകരിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

70. വിനോദസഞ്ചാര വകുപ്പിന്റെ നിർമ്മാണ ജോലികൾ ഏറ്റെടുക്കുന്ന കിറ്റ്കോയ്ക്ക് ഈ മേഖലയിൽ പരിചയസമ്പന്നരായ വിദഗ്ധർ ഇല്ലെന്നും വിവിധ വകുപ്പുകളിൽ നിന്നും അനേകം പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും അവ ചെയ്തു തീർക്കാൻ പര്യാപ്തമായ മികവ് കിറ്റ്കോ-യ്ക്ക് ഇല്ലായെന്നും സമിതി മനസ്സിലാക്കുന്നു. വിനോദസഞ്ചാര മേഖലയിലെ പ്രവൃത്തികൾ മികവുറ്റരീതിയിലും സമയബന്ധിതമായും പൂർത്തിയാക്കേണ്ടവയാണ്. പ്രവൃത്തികളിലുണ്ടാകുന്ന പോരായ്മകൾ ടൂറിസം വരുമാനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ വിനോദസഞ്ചാര മേഖലയിൽ പ്രവൃത്തിപരിചയവും പ്രാവീണ്യവും യോഗ്യതയും ഉള്ള ഏജൻസികളെ മാത്രമേ ഇത്തരം പ്രവൃത്തികൾ ഏൽപ്പിക്കാൻ പാടുള്ളൂ എന്ന് സമിതി നിർദ്ദേശിക്കുന്നു.

71. വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷണം, പരിപാലനം എന്നിവ നടത്തുന്നത് ഡി.ടി.പി.സി.യാണെന്നും എന്നാൽ

ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ഡി.ടി.പി.സി.യ്ക്ക് പ്രാപ്തിയില്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ മേൽനോട്ടത്തിനായി ഭരണസംവിധാനത്തിൽ നിന്നും വിഭജിച്ചുകൊണ്ടുള്ള ഒരു സംവിധാനം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സുരക്ഷ**

**സുരക്ഷയും സംരക്ഷണ സംവിധാനങ്ങളും**

സുരക്ഷക്കും സംരക്ഷണ സംവിധാനങ്ങൾക്കുമായി ₹ 2.55 കോടിയുടെ നാല് പദ്ധതികൾ അനുവദിച്ചതിൽ രണ്ടെണ്ണം പൂർത്തിയായി.

സുരക്ഷയും സംരക്ഷണ സംവിധാനങ്ങൾക്കും താഴെപ്പറയുംവിധമുള്ള പോരായ്മകളുണ്ടായിരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി.

- സുരക്ഷാ ഉപകരണങ്ങൾ യഥാസമയം നൽകുന്നതിൽ പരാജയപ്പെട്ടു.
- കടൽത്തീരങ്ങളിലും മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളിലും വിനോദസഞ്ചാരികളുടെ സംരക്ഷണത്തിനാവശ്യമായ സുരക്ഷാ നടപടികൾ എടുക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടു.

ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിലെ ക്രമാതീതമായ കാലതാമസം

പ്രധാനപ്പെട്ട കടൽത്തീരങ്ങളിൽ വകുപ്പ് പരിശീലനം ലഭിച്ച ലൈഫ്ഗാർഡുകളെ നിയോഗിച്ചു. ആവശ്യമായ ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകരെ അപകടത്തിൽ നിന്നും സംരക്ഷിക്കാനുള്ള മുന്നുപാധിയാണ്.

വകുപ്പിലെ ചീഫ് കോർഡിനേറ്റർ ആൻഡ് ട്രെയിനർ (ലൈഫ് ഗാർഡ് സേവനം) വിനോദസഞ്ചാര വകുപ്പ് ഡയറക്ടറോട് വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്താൻ വേണ്ട പതിനൊന്ന് ഉപകരണങ്ങൾക്കായി അഭ്യർത്ഥിച്ചു. എന്നാൽ എട്ടു മാസത്തെ കാലതാമസത്തിനുശേഷം വെറും അഞ്ച് ഉപകരണങ്ങൾ (45 ശതമാനം) മാത്രം ലഭിച്ചു (2011 ജനുവരി).

2013 സെപ്റ്റംബറിൽ ആവശ്യപ്പെട്ട കടൽത്തീരത്തെ കുട, സൂചനാബോർഡ്, സുരക്ഷാ ട്യൂബും ബോർഡും എന്നിവ വാങ്ങാനുള്ള ഓർഡറിനുള്ള വിതരണം കെ.എസ്.ഐ.ഇ.എൽ. 2014 ഓഗസ്റ്റിൽ നടത്തി (ഒരു വർഷത്തെ കാലതാമസത്തിന് ശേഷം).

ജീവൻ രക്ഷാ ഉപകരണങ്ങളുടെ വിതരണത്തിലുണ്ടായ കുറവും അനാവശ്യമായ കാലതാമസവും കാരണം ലൈഫ് ഗാർഡുകളുണ്ടായിട്ടും വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകരുടെ ജീവന് ഭീക്ഷണിയുണ്ടായി. കടൽത്തീരങ്ങളിൽ മാത്രമേ ജീവൻ രക്ഷാ ഉപകരണങ്ങൾ നൽകിയുള്ളൂ. 16 കായൽ തീരങ്ങളും ഒഴിവാക്കപ്പെട്ടു.

## വിനോദസഞ്ചാരികളോടുണ്ടായ മോശപ്പെട്ട പെരുമാറ്റവും റിപ്പോർട്ട് ചെയ്യപ്പെട്ട അപകടങ്ങളും വകുപ്പ് സ്വീകരിച്ച നടപടികളും

സഞ്ചാരികളുടെ സുരക്ഷയും ക്ഷേമവും സംബന്ധിച്ച കാര്യങ്ങളിൽ വളരെ സംവേദനക്ഷമമായ ഒരു മേഖലയാണ് വിനോദസഞ്ചാരം. 2012-ലെ വിനോദസഞ്ചാര നയമനുസരിച്ച് വിനോദസഞ്ചാരികളഭിമുഖീകരിക്കുന്ന ആപത്ഘട്ടങ്ങളെ നേരിടാൻ ഒരു കണ്ടിജൻസി റെസ്പോൺസ് സെൽ (സിആർസി) രൂപവൽക്കരിക്കാൻ ലക്ഷ്യമിടുന്നു.

വിനോദസഞ്ചാരവകുപ്പിന് സഞ്ചാരികളുടെ നേരെയുള്ള നിയമലംഘനങ്ങൾക്കും പീഡനങ്ങൾക്കുമെതിരെ നടപടിയെടുക്കാനുള്ള ഒരു ശരിയായ മാർഗ്ഗമോ അവ സംബന്ധിച്ച റിക്കോർഡുകളോ ഇല്ല. 2009-10 മുതൽ 2013-14 വരെ വിനോദസഞ്ചാരികൾക്കെതിരെ നിയമലംഘനങ്ങൾ/പീഢനങ്ങളുടെ 70 കേസ്സുകൾ (53 വിദേശ വിനോദസഞ്ചാരികളും 17 സ്വദേശി വിനോദസഞ്ചാരികളും) പോലീസ് രജിസ്റ്റർ ചെയ്തു. പോലീസ് രജിസ്റ്റർ ചെയ്ത എല്ലാ കേസ്സുകളും വിനോദസഞ്ചാരികൾ നേരിട്ട് പരാതിപ്പെട്ടതാണ്. വിനോദസഞ്ചാരവകുപ്പ് ഇത്തരം കേസ്സുകൾ തുടങ്ങുകയോ അവയുടെ തുടരന്വേഷണമോ ചെയ്തില്ല. ഇത് വകുപ്പിന്റെ ഭാഗത്തുള്ള ഉത്തരവാദിത്വമില്ലായ്മ സൂചിപ്പിക്കുന്നതിനാൽ ഇതിനെ ഗൗരവതരമായി കാണേണ്ടതാണ്.

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ 2.8.6 മുതൽ 2.8.6.3 വരെയുള്ള ഖണ്ഡികകൾ]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

72. "ജീവൻ രക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിലെ ക്രമാതീതമായ കാലതാമസം" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതിയോഗം ജീവൻരക്ഷാ ഉപകരണങ്ങളുടെ വിതരണവും അത് സംബന്ധിച്ച കാലതാമസത്തിന്റെ കാരണവും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോട് നിർദ്ദേശിച്ചു.

73. "വിനോദസഞ്ചാരികളോടുണ്ടായ മോശപ്പെട്ട പെരുമാറ്റവും റിപ്പോർട്ട് ചെയ്യപ്പെട്ട അപകടങ്ങളും വകുപ്പ് സ്വീകരിച്ച നടപടികളും" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി വിനോദസഞ്ചാരികൾ നൽകുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പോലീസ് എടുത്ത കേസ്സുകളിൽ വകുപ്പിന് എന്തെങ്കിലും നടപടിക്രമങ്ങൾ ഉണ്ടോയെന്ന ചോദ്യത്തിന് പ്രത്യേകിച്ച് നടപടികളൊന്നും ഇല്ലായെന്നും പുതിയ ടൂറിസം നയത്തിന്റെ ഭാഗമായി ടൂറിസം റെഗുലേറ്ററി അതോറിറ്റി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടെന്നും ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു. ഇപ്പോഴത്തെ തീർപ്പാക്കാത്ത കേസ്സുകളെല്ലാം ഗൗരവമായി പരിശോധിക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

### നിഗമനങ്ങൾ/ശിപാർശകൾ

74. വിനോദസഞ്ചാരികൾ നൽകുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പോലീസ് എടുത്ത കേസ്സുകളിൽ ഇപ്പോഴും തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകളെല്ലാം ഗൗരവമായി പരിശോധിക്കണമെന്നും ആയതിൽ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും വകുപ്പിനോട് നിർദ്ദേശിക്കുന്നു.

## അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ ഫിനാൻഷ്യൽ മാനേജ്മെന്റ്

### കേന്ദ്ര ഫണ്ട് ഉണ്ടായിട്ടും അടിസ്ഥാന സൗകര്യവികസന പദ്ധതികൾ യഥാസമയം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലെ പരാജയം

വകുപ്പിന്റെ അടിസ്ഥാനസൗകര്യ പദ്ധതികൾ വികസിപ്പിക്കുന്നതിനുള്ള ഫണ്ട് സി.എഫ്.എ.യുടെ കീഴിലാണ് അനുവദിക്കുന്നത്. സി.എഫ്.എ. വ്യവസ്ഥകളനുസരിച്ച് ജോലികൾ ആറുമാസത്തിനകം ആരംഭിക്കേണ്ടതും 24-30 മാസങ്ങൾക്കും പൂർത്തിയാക്കേണ്ടതുമാണ്. ഇതിൽ പരാജയപ്പെടുന്ന പക്ഷം ഭാരത സർക്കാർ സി.എഫ്.എ. പദ്ധതികളുടെ കാലാവധി നീട്ടുകയോ/മാറ്റം വരുത്തുകയോ ചെയ്തില്ലെങ്കിൽ ചെലവാകാത്ത മിച്ചം തുക തിരിച്ചടയ്ക്കേണ്ടതാണ്. വിനോദസഞ്ചാരകേന്ദ്രങ്ങളിൽ കേന്ദ്ര ഫണ്ടുപയോഗിച്ച് സംസ്ഥാനം പദ്ധതി നടപ്പാക്കുമ്പോൾ, ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം, പൂർത്തിയാക്കുന്നതിലെ കാലതാമസം നിമിത്തം അടങ്കൽ തുക പരിഷ്കരിക്കുന്നത്, നിർവഹണ ഏജൻസിയിലുണ്ടായ മാറ്റം എന്നിങ്ങനെ ഓഡിറ്റ് കണ്ടെത്തിയ കാരണങ്ങളാൽ വിനോദസഞ്ചാരവകുപ്പിന് ഉദ്ദേശിച്ച ഫലം നൽകാൻ കഴിയാത്തത് ചുവടെ പട്ടികയിൽ കാണിച്ചിരിക്കുന്നു:

(₹ലക്ഷത്തിൽ)

| ക്രമനമ്പർ | പദ്ധതി | ഭാരത സർക്കാരിൽ നിന്നും ഗ്രാന്റ് അനുമതി ലഭിച്ച തീയതി | കേരള സർക്കാരിന്റെ അനുമതി ലഭിച്ച തീയതി | അനുവദിച്ച തുക (₹ ലക്ഷത്തിൽ) | ഭാരത സർക്കാർ ഗ്രാന്റ് ലഭിച്ചത് (₹ലക്ഷത്തിൽ) | തിരിച്ചടച്ച തുക (₹ലക്ഷത്തിൽ) | തിരിച്ചടച്ച തീയതി | കേന്ദ്ര വിഹിതത്തിൽ നിന്നും ചെലവായത് (₹ലക്ഷത്തിൽ) | കേരള സർക്കാരിന്റെ ആകെ ബാധ്യത (₹ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | | ഭൂമി സംബന്ധമായ പ്രശ്നങ്ങൾ | | | | | |
| 1 | വയനാട്ടിലെ വിനോദ സഞ്ചാര കേന്ദ്ര വികസനം | 3-9-2007 | 10-11-2008 | 201.72 | 161.38 | 159.04 | 10-12-2012 | 2.34 | ഇല്ല |
| | | 2010 മാർച്ചിൽ മാത്രമാണ് എട്ട് ഏക്കർ ഭൂമി ഏറ്റെടുത്തത്. ആവശ്യമായ ഭൂമി ഏറ്റെടുക്കാൻ കാലതാമസം നേരിട്ടതിനാൽ (16 മാസം) ₹159.04 ലക്ഷം സിഎഫ്എ തിരിച്ചടയ്ക്കുകയും പദ്ധതിക്ക് ചെലവായ ₹2.34 ലക്ഷം പാഴാവുകയും ചെയ്തു. | | | | | | | |

<table>
<tr><th>1</th><th>2</th><th>3</th><th>4</th><th>5</th><th>6</th><th>7</th><th>8</th><th>9</th><th>10</th></tr>
<tr><td rowspan="2">2</td><td rowspan="2">കണ്ണൂർ, മുഴപ്പിലങ്ങാട് കടൽത്തീര വികസനം</td><td>26-3-2010</td><td>3-8-2010</td><td>339.08</td><td>271.26</td><td>126.42</td><td>16-6-2013</td><td>79.43</td><td>ഇല്ല</td></tr>
<tr><td colspan="8">ഭൂമി കണ്ടെത്താതെ പദ്ധതി ആരംഭിച്ചു. 28 മാസത്തെ കാലതാമസത്തിനുശേഷം 2012 ഓഗസ്റ്റിൽ ₹279.43 ലക്ഷം നൽകി കെറ്റിഡിസി ഭൂമി ഏറ്റെടുത്തു. പൂർത്തീകരണത്തിന് 24 മാസകാലാവധിയാണ് ഉണ്ടായിരുന്നത്. പദ്ധതി യഥാസമയം തുടങ്ങാത്തതുകൊണ്ട് കേന്ദ്രസഹായം തിരിച്ചടയ്ക്കേണ്ടി വന്നു.</td></tr>
<tr><td rowspan="2">3</td><td rowspan="2">നേരിയമംഗലത്തെ ഒരു വിനോദസഞ്ചാരകേന്ദ്രമായി വികസിപ്പിക്കുന്നത്</td><td>29-6-2011</td><td>1-3-2012</td><td>309.62</td><td>247.70</td><td>238.70</td><td>10-12-2013</td><td>9.00</td><td>230.00</td></tr>
<tr><td colspan="8">ഭൂമി ലഭ്യമാക്കാത്തതുകാരണം 24 മാസത്തിനകം പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ശരിയായ അക്കൗണ്ടിംഗ് നടത്താത്തതിനാൽ ₹53 ലക്ഷത്തിനുപകരം ₹238.70 ലക്ഷം രൂപ വകുപ്പ് തിരിച്ചടച്ചു. വിനോദസഞ്ചാരവകുപ്പ് പദ്ധതികൾക്ക് പ്രത്യേകം ഡാറ്റാബേസ് സൂക്ഷിക്കാത്തതുകൊണ്ട് ₹185.70 ലക്ഷം അധിക തിരിച്ചടവിനിടയാക്കി. പിന്നീട് ഈ ജോലി സംസ്ഥാന പദ്ധതിയുടെ കീഴിൽ ഏറ്റെടുത്തു.</td></tr>
<tr><td colspan="10">നിർവഹണത്തിലെ ക്രമാതീതമായ കാലതാമസം</td></tr>
<tr><td rowspan="2">4</td><td rowspan="2">അരുവിക്കര അണക്കെട്ട് പരിസരം ഒരു പ്രധാന വിനോദസഞ്ചാരകേന്ദ്രമായി വികസിപ്പിക്കുന്നത്</td><td>27-12-2010</td><td>24-2-2011</td><td>184.71</td><td>147.77</td><td>83.23</td><td>24-9-2013</td><td>64.54</td><td>56.00</td></tr>
<tr><td colspan="8">കേന്ദ്രസഹായത്തോടെയുള്ള പദ്ധതിയുടെ കീഴിൽ നിർവഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി (കെഡബ്ല്യുഎ)ക്ക് നിശ്ചിത 24 മാസത്തിനുള്ളിൽ പ്രവൃത്തി തുടങ്ങാനാവാത്തതിനാൽ തുക തിരിച്ചടയ്ക്കേണ്ടിവന്നു. പിന്നീട്, സംസ്ഥാന പദ്ധതിയായി ഏറ്റെടുത്തതിനാൽ സംസ്ഥാന ഖജനാവിന് 56.00 ലക്ഷത്തിന്റെ ബാധ്യതയുണ്ടായത് സപ്ലിമെന്ററി ഗ്രാന്റായി നൽകി. (2013 ജൂലൈ).</td></tr>
</table>

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| 5 | മൂന്നാറി നെ ഒരു വിനോദ സഞ്ചാര കേന്ദ്രമാ യി വികസി പ്പിക്കു ന്നത് | 29-6-2011 | 9-3-2012 | 488.51 | 390.81 | 390.81 | 10-12-2013 | 0.00 | 5.41 |
| | | വാസ്തുവിദ്യാ കൺസൾട്ടന്റ് (സി-എർത്ത്) യഥാസമയം വിശദരൂപരേഖ, രേഖാചിത്രം, ഡിപിആർ തുടങ്ങിയവ നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റിന് നൽകുന്നതിൽ പരാജയപ്പെട്ടതുകാരണം നിർദ്ദിഷ്ട കാലാവധിയായ 24 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയായില്ല. ഇതുകാരണം കിട്ടിയ മുഴുവൻ ഗ്രാന്റും തിരിച്ചടയ്ക്കുകയും സംസ്ഥാന ഫണ്ടിൽ നിന്ന് ഡിപിആർ തയ്യാറാക്കിയതിനും, സി-എർത്തിന് നൽകിയ കൺസൾട്ടൻസി തുകയും പാഴായി. | | | | | | | |
| 6 | പെരുവ ണ്ണാമുഴി, കക്കയം അണ ക്കെട്ടുക ളുടെ വികസ നം | 8-12-2011 | 8-3-2012 | 500.00 | 400.00 | 400 | 1-3-2014 | 0.00 | 190.00 |
| | | വാസ്തുവിദ്യാകൺസൾട്ടന്റ് (സി-എർത്ത്) രേഖാചിത്രം നിർവഹണ ഏജൻസിയ്ക്ക് (ജലസേചനവകുപ്പ്) സമർപ്പിക്കുന്നതിൽ 10 മാസത്തെ കാലതാമസമുണ്ടായി. ആറുമാസത്തിനകം ഭാരത സർക്കാർ ഗ്രാന്റ് ഉപയോഗമാരംഭിക്കാത്തതു കാരണം തിരിച്ചടയ്ക്കേണ്ടിവന്നു. പദ്ധതി ആരംഭിക്കാത്തതിനാൽ ഉപയോഗിക്കാത്ത ₹400 ലക്ഷത്തിന്റെ മുഴുവൻ സഹായധനവും തിരിച്ചടയ്ക്കേണ്ടിവന്നു. അതിനുശേഷം സംസ്ഥാന ഫണ്ടിൽ നിന്നും സപ്ലിമെന്ററി ഗ്രാന്റായി ₹190 ലക്ഷം നൽകി പദ്ധതി ചുരുക്കി നടപ്പാക്കേണ്ടിവന്നു. (ഡിസംബർ 2014) | | | | | | | |
| | | നിർവഹണ ഏജൻസിയുടെ മാറ്റം | | | | | | | |
| 7 | കാരാ പ്പുഴ അണ ക്കെട്ടും പരിസര പ്രദേശ ങ്ങളും കേരള ത്തിലെ ഒരു പ്രധാന സ്ഥല മായി വികസി പ്പിക്കു ന്നത് | 8-12-2011 | 9-3-2012 | 492.03 | 393.62 | 193.62 | 10-12-2013 | 200.00 | 292.00 |
| | | ജലസേചന വകുപ്പ് മുഖാന്തരം നടപ്പാക്കേണ്ടിയിരുന്ന പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് (കെഐഐഡിസി) 2013 മാർച്ചിൽ, 16 മാസത്തെ കാലതാമസത്തിന് ശേഷം കൈമാറ്റം ചെയ്തു. നിർവഹണ ഏജൻസിയെ തീർച്ചപ്പെടുത്തുന്നതിലുണ്ടായ കാലതാമസം കാരണം സർക്കാരിന് ₹193.62 ലക്ഷത്തിന്റെ കേന്ദ്രസഹായം നഷ്ടമായതിനുപുറമെ സംസ്ഥാന ഖജനാവിൽ നിന്ന് പദ്ധതി പൂർത്തിയാക്കാനാവശ്യമായ ₹292 ലക്ഷത്തിന്റെ ഒഴിവാക്കാനാവുമായിരുന്ന ചെലവുണ്ടായി. | | | | | | | |
| | ആകെ | | | | 2012.54 | 1591.82 | | 355.31 | 773.41 |

മുകളിൽ കാണിച്ചിരിക്കുന്ന പട്ടികയിൽ കാണുന്നതുപോലെ, ഏഴുപദ്ധതികൾക്ക് ലഭിച്ച ₹15.92 കോടി ധനസഹായം, യഥാസമയം അടിസ്ഥാന സൗകര്യവികസന പദ്ധതികൾ പൂർത്തിയാക്കാത്തതു കാരണം തിരിച്ചടച്ചു. കൂടാതെ സംസ്ഥാനത്ത്, സി.എഫ്.എ. തിരിച്ചടയ്ക്കേണ്ടി വന്നതുകാരണം ₹7.73 കോടി ചെലവായി.

കേന്ദ്ര സഹായത്തിൽ നിന്ന് ₹3.55 കോടി ചെലവുചെയ്ത് നടപ്പാക്കേണ്ട ഈ പദ്ധതികളിൽ, കൺസൾട്ടന്റിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളും വകുപ്പിന്റെ ശ്രദ്ധക്കുറവും നിമിത്തം രൂപരേഖകൾ പൂർത്തിയാവാത്തത് കേന്ദ്രസഹായം തിരിച്ചടയ്ക്കാൻ മാത്രമല്ല സംസ്ഥാന ഖജനാവിന് അധികഭാരവുമുണ്ടാക്കി. കൂടാതെ, രണ്ടുവർഷത്തിനുശേഷം പദ്ധതി ചുരുക്കി ₹ 1.90 കോടിയായി. വകുപ്പ് നൽകിയ ഭരണാനുമതിയ്ക്കനുസൃതമാക്കിയത് ശരിയായ ആസൂത്രണമില്ലാത്ത ഒരു ഗുരുതരമായ വീഴ്ചയാണ്. ജോലി പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന് കരാറിൽ ഒരു പിഴവ്യവസ്ഥയും ഉൾപ്പെടുത്തിയില്ല. ആയതിനാൽ, വാസ്തുവിദ്യ/നിർവഹണ ഏജൻസിക്കെതിരെ നടപടിയെടുക്കാൻ കഴിയില്ല.

എക്സിറ്റ് കോൺഫറൻസിൽ, പ്രധാനമായും ഭൂമി കണ്ടെത്തുന്നതിലുണ്ടായ കാലതാമസം കാരണമാണ് പണം തിരിച്ചടയ്ക്കേണ്ടിവന്നതെന്ന് പ്രസ്താവിച്ചു. അടുത്ത സാമ്പത്തിക വർഷം മുതൽ ഓഡിറ്റ് നിരീക്ഷണത്തെ ഗൗരവമായി കണക്കിലെടുക്കാമെന്ന് വകുപ്പ് പ്രസ്താവിച്ചു.

### ഫണ്ടിന്റെ വിനിയോഗം

വിവിധ പദ്ധതികൾക്കായി വിനോദസഞ്ചാരവകുപ്പിന് സംസ്ഥാന ബജറ്റിലൂടെയും വിവിധ നിർവഹണ ഏജൻസികൾക്ക് ഭാരത സർക്കാർ ധനസഹായത്തിലൂടെയും ഫണ്ട് നീക്കി വച്ചു. വകുപ്പിന്റെ പദ്ധതി, പദ്ധതിയേതര ചെലവുകൾ 2009-10-ൽ യഥാക്രമം ₹ 120.80 കോടിയും (പദ്ധതി) ₹ 27.84 കോടിയും (പദ്ധതിയേതരം) ആയിരുന്നത് 2013-14-ൽ യഥാക്രമം ₹ 212.67 കോടിയും (പദ്ധതി) ₹ 71.71 കോടിയും (പദ്ധതിയേതരം) ആയി വർദ്ധിച്ചു. സംസ്ഥാന സർക്കാർ തെറ്റായവിനിയോഗ സാക്ഷ്യപത്രങ്ങൾ നൽകിയതും പദ്ധതികൾ പൂർത്തിയാവാത്തതിനാൽ കേന്ദ്രവിഹിതം തിരിച്ചടച്ചതും തെറ്റായ സാമ്പത്തിക മാനേജ്മെന്റിന്റെ സൂചകങ്ങളാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചത് ചുവടെ പറയുന്ന ഖണ്ഡികകളിൽ വിശദമാക്കിയിരിക്കുന്നു:

### തെറ്റായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയത്- നിള ഹെറിറ്റേജ് ടൂറിസം സർക്യൂട്ട്- ₹ 6.02 കോടി

വിനിയോഗ സാക്ഷ്യപത്രത്തിൽ അതുവരെയും കൈവരിച്ച ഭൗതികവും സാമ്പത്തികവുമായ പുരോഗതിയുടെ പൂർണ്ണവിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. പ്രവൃത്തികളുടെ യഥാർത്ഥത്തിലുള്ള ഭൗതിക സാമ്പത്തിക പുരോഗതിയിൽ നിന്നുതന്നെയാണ് വിനിയോഗ സാക്ഷ്യപത്രങ്ങൾക്കാവശ്യമായ ഡേറ്റ ക്രോഡീകരിച്ചെന്നുറപ്പ് വരുത്താനായുള്ള റിപ്പോർട്ടുകളൊന്നും ഉണ്ടായിരുന്നില്ല.

ഫണ്ടിന്റെ യഥാർത്ഥ വിനിയോഗമില്ലാതെയും പദ്ധതിയുടെ യഥാർത്ഥ അവസ്ഥ കാണിക്കാതെയുമാണ് സി.എഫ്.എ.യുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രങ്ങൾ തയ്യാറാക്കിയെന്നത് ഓഡിറ്റ് കണ്ടെത്തി.

"കേരളത്തിൽ തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ഭാരതപ്പുഴ നദിയിൽ നിള ഹെറിറ്റേജ് ടൂറിസം സർക്യൂട്ട് വികസനം" എന്ന 2007-08-ൽ ഭാരതസർക്കാർ അനുമതി നൽകിയ പദ്ധതിയിൽ ₹6.06 കോടി ചെലവിൽ ബോട്ടുകളുടെയും പൈതൃകസ്ഥലങ്ങളുടെയും പുനരുദ്ധാരണവും നിർമ്മാണവും ഉൾപ്പെടുന്നു. പദ്ധതിചെലവിന്റെ 80 ശതമാനമായ ₹4.85 കോടി ഭാരതസർക്കാർ അനുവദിച്ചു (2008 മാർച്ച്). പദ്ധതി അനുവദിച്ച തീയതി മുതൽ 24 മാസത്തിനകം പൂർത്തിയാക്കേണ്ട പദ്ധതിയിൽ 15 ഘടകങ്ങളുണ്ടായിരുന്നു.

പ്രവൃത്തി സ്ഥലങ്ങളിലെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ആദ്യപദ്ധതിയിലെ മൂന്നുഘടകങ്ങൾ നിലനിർത്തിക്കൊണ്ട് 2010 ഏപ്രിലിൽ ആറ് ഘടകങ്ങളടങ്ങിയ പുതിയ പദ്ധതി സമർപ്പിച്ചു. പദ്ധതിയുടെ അടങ്കൽ നേരത്തേ ഭാരതസർക്കാർ അംഗീകരിച്ച പദ്ധതിയുടെ അടങ്കലിനെക്കാൾ വർദ്ധിക്കരുതെന്ന വ്യവസ്ഥയോടെ സംസ്ഥാന സർക്കാർ പദ്ധതി അംഗീകരിച്ചു (മേയ് 2010). വകുപ്പ് നിർവഹണ ഏജൻസിയായ കിറ്റ്കോ-ക്ക് ₹3.32 കോടി അനുവദിച്ചു. (2009 സെപ്റ്റംബറിലും 2011 ജനുവരിയിലും).

ഓഡിറ്റ് വിശകലനത്തിൽ, ഭാരതസർക്കാർ അനുവദിച്ച ആദ്യപദ്ധതിയിൽ നിലനിർത്തിയിരുന്ന മൂന്നുഘടകങ്ങളിലൊന്നായ "തിരൂർ ബോട്ട് ജട്ടി പുനരുദ്ധാരണം, മലപ്പുറം" എന്ന ഘടകം തുടങ്ങിയിട്ടില്ലെന്ന് വെളിവായി. എന്നാൽ ഭാരതസർക്കാർ അംഗീകരിച്ച പദ്ധതി നിർദ്ദേശത്തിലെ ചില ഘടകങ്ങൾ മാറ്റുകയും/ഉൾപ്പെടുത്താതിരിക്കുകയും ചെയ്തെങ്കിലും 2008 മാർച്ചിൽ അനുവദിച്ച 15 ഘടകങ്ങളും പൂർത്തിയായതായി ₹ 6.02 കോടിയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നൽകി (2012 നവംബർ). സ്ഥലത്തെ പ്രത്യേകതകൾ കാരണമാണ് പദ്ധതിയിൽ മാറ്റം വന്നതെന്ന് വകുപ്പ് പ്രസ്താവിച്ചു.

അങ്ങനെ, പൂർത്തിയാവാത്ത ഘടകങ്ങൾക്ക് തെറ്റായ വിനിയോഗസാക്ഷ്യപത്രം നൽകിയത് ഭാരതസർക്കാർ ധനസഹായത്തിലെ ധനസഹായം നൽകിയ കാര്യത്തിനുമാത്രമേ പണം ഉപയോഗിക്കാവൂ എന്ന വ്യവസ്ഥയുടെ വ്യക്തമായ ലംഘനമാണ്.

**അനുമാനം**

ഭൂമി ഏറ്റെടുക്കുന്നതിലെ പരാജയംമൂലം സി.എഫ്.എ. തിരിച്ചടയ്ക്കുകയും അങ്ങനെ വിവിധ വിനോദസഞ്ചാര അടിസ്ഥാന സൗകര്യപദ്ധതികൾ തുടങ്ങാൻ കഴിയാതെയുമായി. മോശമായ ആസൂത്രണം, രൂപരേഖ, നിർവഹണം എന്നിവയും കാരണം പദ്ധതികൾക്ക് വളരെയധികം കാലതാമസമുണ്ടാവുകയും ചില അവസരങ്ങളിൽ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. വിനോദസഞ്ചാര വകുപ്പിന്റെയും മറ്റ് നിർവഹണ ഏജൻസികളുടെയും ഏകോപനമില്ലായ്മ ഭാരത സർക്കാർ വിനോദ സഞ്ചാരനയത്തിൽ വിഭാവനം ചെയ്ത ഏഴ് 'എസ് '-ന് വേണ്ടത്ര ശ്രദ്ധ ഉറപ്പാക്കുന്നതിനെ ബാധിച്ചു.

**ശിപാർശകൾ**

- വിനോദസഞ്ചാര പദ്ധതികൾ പ്രഖ്യാപിക്കുന്നതിനും അവയ്ക്ക് അനുമതി നേടുന്നതിനും മുമ്പ് ഭൂമിയുടെ ലഭ്യത സർക്കാർ ഉറപ്പാക്കണം.
- പദ്ധതിയുടെ വിജയകരമായ നടപ്പാക്കലിനും പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും പരിപാലനത്തിനും വിവിധ വകുപ്പുകൾ/ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.
- പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മലിനീകരണ നിയന്ത്രണ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും സഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങൾ നൽകുന്നതിനും വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്.

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഇക്കണോമിക് സെക്ടർ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ 2.9 മുതൽ 2.11 വരെയുള്ള ഖണ്ഡികകൾ]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

75. "കേന്ദ്രഫണ്ട് ഉണ്ടായിട്ടും അടിസ്ഥാന സൗകര്യവികസന പദ്ധതികൾ യഥാസമയം ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലെ പരാജയം" എന്ന ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ കേന്ദ്രഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് തുക നൽകുന്നത് കേന്ദ്രസർക്കാർ നിർത്തിവച്ചിരിക്കുകയാണെന്നും 2014-ന് മുമ്പ് നൽകിയ ഭരണാനുമതികളെല്ലാം റദ്ദാക്കിയെന്നും 2014-ന് ശേഷമുള്ള പദ്ധതികൾക്ക് മറ്റ് രണ്ട് സ്കീമുകളിൽപ്പെടുത്തിയാണ് തുക അനുവദിക്കുന്നതെന്നും വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

76. അരുവിക്കര ഡാം വികസനം, മൂന്നാർ വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള പദ്ധതികൾ, പെരുവണ്ണാമൂഴി, കക്കയം അണക്കെട്ടുകളുടെ വികസനം, കാരാപ്പുഴ അണക്കെട്ടുകളുടെ വികസനം തുടങ്ങി അടിസ്ഥാന സൗകര്യവികസന പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം, കേന്ദ്രഫണ്ട് നഷ്ടപ്പെട്ടുവാനുണ്ടായ കാരണം, തന്മൂലം സർക്കാരിനുണ്ടായ നഷ്ടം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വിനോദസഞ്ചാര വകുപ്പിനോട് നിർദ്ദേശിച്ചു. മൂന്നാർ, അരുവിക്കര, പെരുവണ്ണാമൂഴി എന്നീ മൂന്ന് വിനോദസഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ M/s സി- എർത്ത്നെതിരെ എടുത്തിട്ടുള്ള നടപടി സംബന്ധിച്ച റിപ്പോർട്ടും കാരാപ്പുഴ ഡാം പരിസരത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏജൻസിയെ മാറ്റിയത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

77. "തെറ്റായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയത്- നിള ഹെറിറ്റേജ് ടൂറിസം സർക്യൂട്ട്" എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി തെറ്റായ വിനിയോഗ സാക്ഷ്യപത്രം കൊടുത്ത വിഷയത്തിൽ ഉത്തരവാദിത്തം ആർക്കാണെന്ന് ആരാഞ്ഞതിന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറാണ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതെന്ന് വിനോദ സഞ്ചാരവകുപ്പ് ഡയറക്ടർ അറിയിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

78. വിനോദസഞ്ചാര വകുപ്പിലെ വിവിധ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് വിനോദസഞ്ചാരം, വനം, റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടായിരിക്കണമെന്നും ആയതിന് കൃത്യമായ വ്യവസ്ഥ ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

79. അരുവിക്കര ഡാം വികസനം, മൂന്നാർ വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള പദ്ധതികൾ, പെരുവണ്ണാമൂഴി, കക്കയം അണക്കെട്ടുകളുടെ വികസനം, കാരാപ്പുഴ അണക്കെട്ടുകളുടെ വികസനം തുടങ്ങി അടിസ്ഥാന സൗകര്യവികസന പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം, കേന്ദ്രഫണ്ട് നഷ്ടപ്പെടുവാനുണ്ടായ കാരണം, തന്മൂലം സർക്കാരിനുണ്ടായ നഷ്ടം എന്നിവ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വിനോദസഞ്ചാര വകുപ്പിനോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. മൂന്നാർ, അരുവിക്കര, പെരുവണ്ണാമൂഴി എന്നീ മൂന്ന് വിനോദസഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ M/s സി-എർത്ത്നെതിരെ എടുത്തിട്ടുള്ള നടപടി സംബന്ധിച്ച റിപ്പോർട്ടും കാരാപ്പുഴ ഡാം പരിസരത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏജൻസിയെ മാറ്റിയത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചുവെങ്കിലും പ്രസ്തുത റിപ്പോർട്ടുകളും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലായെന്നതും സമിതി മനസ്സിലാക്കുന്നു. വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സമിതി മുമ്പാകെ സമർപ്പിക്കാത്തത് സമിതിയോടുള്ള അനാദരവാണെന്ന് സമിതി വിലയിരുത്തുന്നു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തു നിന്നും ജാഗ്രത ഉണ്ടായിരിക്കണമെന്നും ഇത്തരത്തിലുള്ള കാലതാമസം ഭാവിയിൽ ആവർത്തിക്കരുതെന്നും വകുപ്പിന് കർശന നിർദ്ദേശം നൽകുന്നു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 3.

## അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനം/ശിപാർശ |
|---|---|---|---|
| 1 | വിനോദ സഞ്ചാര വകുപ്പ് | 11 | ഫാം ടൂറിസത്തിന്റെ പേരിൽ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് റോഡുണ്ടാക്കി കൃഷിസ്ഥലം നികത്തുന്ന രീതി നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം കൃഷിഭൂമി ദുരുപയോഗം ചെയ്യാനുള്ള സാധ്യത മുന്നിൽ കണ്ട് വകുപ്പിന്റെ ഭാഗത്ത് ജാഗ്രതയുണ്ടായിരിക്കണമെന്നും, കൃഷിഭൂമി നിലനിർത്തുകയും സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതികൾ മാത്രമേ ഫാം ടൂറിസത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവൂ എന്നും സമിതി നിർദ്ദേശിക്കുന്നു. |
| 2 | വിനോദ സഞ്ചാര വകുപ്പ് | 12 | സാഹസിക വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായവും, പിന്തുണയും നൽകി വിനോദസഞ്ചാര വകുപ്പ് സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനങ്ങളിൽ വകുപ്പിന്റെ മേൽനോട്ടമുണ്ടായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 3 | വിനോദ സഞ്ചാര വകുപ്പ് | 13 | വിനോദസഞ്ചാര വികസനത്തിനായി ആരംഭിച്ച വൻ തുകകൾ മുടക്കമുതലുള്ള മിക്ക പദ്ധതികളും വർഷങ്ങളായി പ്രവർത്തനരഹിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി പൂർത്തീകരണത്തിന് തടസ്സമായുള്ള പ്രശ്നങ്ങൾ നിയമവിധേയമായി പരിഹരിക്കുന്നതിനും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ നവീകരിച്ച് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും നല്ലൊരു തുക ആവശ്യമായതിനാൽ വരും വർഷത്തെ എസ്റ്റിമേറ്റ് പ്ലാൻ തയ്യാറാക്കുമ്പോൾ ഇതിനായി തുക മാറ്റിവയ്ക്കണമെന്നും, എല്ലാ വർഷവും കടിശ്ശിക പദ്ധതി പൂർത്തീകരണത്തിനായി ഒരു നിശ്ചിത തുക വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 4 | വിനോദ സഞ്ചാര വകുപ്പ് | 14 | ടൂറിസം നയമനുസരിച്ച് ക്യാബിനറ്റ് കമ്മിറ്റിയും ഡെസ്റ്റിനേഷൻ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയത് ഏകോപനമില്ലാത്തതിനാൽ ശരിയായി പ്രവർത്തിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | വിനോദ സഞ്ചാര വകുപ്പ് | 15 | വിവിധ പദ്ധതികൾക്കായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കാത്തത് സംബന്ധിച്ച് 2013-14-ൽ ഓഡിറ്റ് പരാമർശം വന്ന്, വർഷങ്ങൾ കഴിഞ്ഞിട്ടും മാസ്റ്റർ പ്ലാനിന്റെ കരട് പോലും നാളിതുവരെ അംഗീകരിച്ചിട്ടില്ലായെന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. മാസ്റ്റർപ്ലാൻ അംഗീകരിക്കാത്തത് കാരണം പല പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും വികസന പദ്ധതിക്കായി അനുവദിച്ച തുകയുടെ 50% വരെ ഉപേക്ഷിച്ചിരിക്കുകയാണെന്ന വസ്തുത സമിതി ഗൗരവപൂർവ്വം കാണുന്നു. തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിലെ നഗരാസൂത്രണ, ഗ്രാമവികസന വിഭാഗങ്ങളുമായി ബന്ധപ്പെട്ടാണ് വിവിധ ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കുന്നത് എന്നതിനാൽ പദ്ധതികളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിൽ ടി വിഭാഗങ്ങളുടെ സഹകരണവും അനുമതിയും ആവശ്യമാണ് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പുമായി യോജിച്ച് ഓരോ ടൂറിസ്റ്റ് കേന്ദ്രത്തിനും അനുയോജ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അനുമതി ലഭ്യമാക്കുവാനും സമയബന്ധിതമായി ടൂറിസം വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനും വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | വിനോദ സഞ്ചാര വകുപ്പ് | 16 | നിലവിലെ ടൂറിസം നയത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനിലുള്ള പാളിച്ചകൾ അപഗ്രഥിച്ച്, ന്യൂനതകൾക്ക് പരിഹാരം കണ്ടെത്തിയ ശേഷം മാത്രമേ പുതിയ വിനോദസഞ്ചാര നയം രൂപീകരിക്കുവാൻ പാടുള്ളൂ എന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 7 | വിനോദ സഞ്ചാര വകുപ്പ് | 36 | പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന് കൈവശമുള്ള ഭൂമി അപര്യാപ്തമായതിനാൽ മറ്റ് വകുപ്പുകളുടെ ഭൂമി ഇതിനായി ഉപയോഗിക്കേണ്ട സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ സമ്മതത്തോടെ അതത് വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമെ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ കഴിയുകയുള്ളുവെന്നും ടി വ്യവസ്ഥ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിൽ കാലതാമസത്തിന് കാരണമാകുന്നുവെന്നും സമിതി വിലയിരുത്തുന്നു. വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പുതിയ പദ്ധതികൾ ആരംഭിക്കുമ്പോൾ അവ നടപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും മറ്റ് വകുപ്പുകളുമായി നിയമപരമായും ഭരണപരമായുമുള്ള പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനുമുൻപ് തന്നെ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ഏകോപനത്തോടെ തീരുമാനങ്ങൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 8 | വിനോദ സഞ്ചാര വകുപ്പ് | 37 | സംസ്ഥാനവികസനം ലക്ഷ്യമാക്കി ടൂറിസം പദ്ധതികൾ ആരംഭിക്കുമ്പോൾ പല കാരണങ്ങളാൽ പ്രസ്തുത പദ്ധതികൾ തടസ്സപ്പെടുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഒരു വകുപ്പിന്റെ ഭൂമി മറ്റൊരു വകുപ്പിന്റെ പദ്ധതികൾക്കായി ഉപയോഗിക്കുന്നതിനുള്ള അധികാരം ജില്ലാ ഓഫീസർമാർക്കില്ലായെന്നും ഇത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ സമ്മതത്തോടെ അതത് വകുപ്പുകൾ തന്നെ ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളു എന്നതിനാൽ ചെറുകിട വിനോദസഞ്ചാര പദ്ധതികൾ പോലും പ്രവൃത്തിപഥത്തിലെത്തിക്കുന്നതിൽ ഈ വിഷയം തടസ്സം നിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതി തുടങ്ങുന്നതിനായി രണ്ടേക്കർ വരെയുള്ള സ്ഥലത്തിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാതല ഓഫീസർക്കോ ജില്ലാ കളക്ടർക്കോ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. കൂടാതെ അനുമതി നൽകുന്നതിനോടൊപ്പം ഇലക്ട്രിസിറ്റി/വാട്ടർ കണക്ഷനുകൾ എടുക്കുന്നതിന് വിനോദ സഞ്ചാരവകുപ്പിന് അധികാരമുണ്ടെന്നുള്ള അനുമതി പത്രവും അതത് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 9 | വിനോദ സഞ്ചാര വകുപ്പ് | 38 | വിനോദ സഞ്ചാര വികസനത്തിന്റെ ഭാഗമായി എത്ര പദ്ധതികൾ നിലവിലുണ്ടെന്നും എത്ര പദ്ധതികൾ ഉപേക്ഷിച്ചുവെന്നും എത്ര പദ്ധതികളാണ് നടപ്പാക്കാൻ സാധിക്കാത്തതെന്നും ഇപ്രകാരം നടപ്പാക്കാൻ സാധിക്കാത്തതിന്റെ കാരണമെന്താണെന്നുമുള്ള വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 10 | വിനോദ സഞ്ചാര വകുപ്പ് | 39 | വിനോദസഞ്ചാര വികസനത്തിന് വലിയ മുതൽമുടക്കുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന വിനോദസഞ്ചാര വകുപ്പിന് പദ്ധതി മേൽനോട്ടത്തിനായി സ്വന്തമായി സൂപ്പർവൈസറി പവർ ഉള്ള ഒരു എഞ്ചിനീയറിംഗ് വിംഗോ ഡിസൈൻവിംഗോ ഇല്ലാത്തത് വളരെ ഖേദകരമായ അവസ്ഥയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പദ്ധതി നിർവഹണത്തിന് ശരിയായ മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പ്രവൃത്തികളുടെ കൃത്യതയോടെയുള്ള പൂർത്തിയാക്കലിനും സഹായക മാകുന്നതിനായി സൂപ്പർവൈസറി പവറുള്ള ഒരു എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യുന്നു. |
| 11 | വിനോദ സഞ്ചാര വകുപ്പ് | 40 | കിറ്റ്കോ ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ കൃത്യമായ മേൽനോട്ടമില്ലാത്തത് കൊണ്ട് വളരെയധികം അപാകതകളുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കോവളത്ത് കലാ-കരകൗശല ഗ്രാമം സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി 2008-ൽ M/s KITCO-യെ ഏൽപ്പിക്കുകയും M/s Habitat-നെ കൺസൽട്ടന്റായി നിയമിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2013-ൽ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി നൽകിയ ഭരണാനുമതിയിൽ നേരത്തേ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ രൂപരേഖയിൽ വ്യതിയാനങ്ങൾ വേണ്ടി വന്നു. കൺസൽട്ടന്റായ M/s Habitat മുന്നോട്ടുവച്ച രൂപരേഖയിൽ ഉണ്ടായ മാറ്റങ്ങൾ കാരണമാണ് |

| | | | |
|---|---|---|---|
| | | | വ്യതിയാനങ്ങൾ വേണ്ടി വന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആദ്യ പ്രവൃത്തിയിൽ തന്നെ M/s Habitat യഥാസമയം ഇടപെട്ടിരുന്നെങ്കിൽ രൂപരേഖാ ഘടനയിലെ മാറ്റങ്ങൾ ഒഴിവാക്കാമായിരുന്നു എന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ഒരു ഏജൻസി ചെയ്ത പദ്ധതി അതേ ഏജൻസിയുടെ വീഴ്ച കാരണം പുനഃരുജ്ജീവനം ചെയ്യേണ്ടി വന്നതിൽ സമിതി അതൃപ്തിയും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ഇപ്രകാരം പ്രസ്തുത പുനരുജ്ജീവന പ്രവൃത്തിക്ക് അധിക തുക ചെലവഴിക്കാനിടയായ സാഹചര്യം, പദ്ധതിയുടെ നിലവിലെ അവസ്ഥ, ഹാബിറ്റാറ്റിന് തുക നൽകിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 12 | വിനോദ സഞ്ചാര വകുപ്പ് | 41 | മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുള്ള ശക്തമായ എതിർപ്പുണ്ടായതിനാലാണ് സമുദ്രവിമാന പദ്ധതി നടപ്പാക്കാതിരുന്നതെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ ഇത്തരമൊരു പദ്ധതി ആരംഭിക്കുമ്പോൾ അതിന്റെ സാമൂഹിക പ്രതിഫലനം സംബന്ധിച്ച് വ്യക്തമായ ഒരു പഠനം നടത്തേണ്ടതായിരുന്നുവെന്നും അത്തരമൊരു പഠനം നടത്താതെ ഉപകരണങ്ങൾ വാങ്ങുകയും അതെല്ലാം തുരുമ്പെടുത്ത് നശിക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഒരു പദ്ധതി തയ്യാറാക്കി ടെൻഡർ ചെയ്ത് പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് തന്നെ പദ്ധതി പ്രായോഗികമാണോയെന്നും അതിന്റെ വിജയസാധ്യതയെകുറിച്ചും പരിശോധിക്കേണ്ടതുണ്ടെന്നും ഇത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 13 | ധനകാര്യ വകുപ്പ് | 42 | സമുദ്രവിമാന പദ്ധതി നടപ്പിലാക്കാത്തതിനാൽ ഈ പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ധനകാര്യവകുപ്പ് വ്യക്തമായി പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | വിനോദ സഞ്ചാര വകുപ്പ് | 55 | ബിനാലെ സംഘടിപ്പിക്കുന്നതിനായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ പോലെയുള്ള സ്വകാര്യ ഏജൻസികൾക്ക് സർക്കാർ ധനസഹായം നൽകുന്നതിനാൽ ഇത്തരത്തിൽ ബിനാലെ നടത്തിപ്പിലൂടെ ഏജൻസികൾക്ക് ലഭിക്കുന്ന വരുമാനം കൂടി കണക്കിലെടുത്തുവേണം തുടർന്നുള്ള ധനസഹായം നൽകേണ്ടത് എന്ന് സമിതി കരുതുന്നു. ബിനാലെയിൽ പ്രദർശിപ്പിക്കുന്ന പെയിന്റിംഗുകൾ വിൽക്കുമ്പോൾ ബിനാലെ ഫൗണ്ടേഷന് വിൽപ്പനയിലൂടെ എന്തെങ്കിലും ലാഭം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അത്തരത്തിൽ ബിനാലെയിൽ പ്രദർശിപ്പിക്കുന്ന വസ്തുക്കൾ/ പെയിന്റിംഗുകൾ വിൽക്കുമ്പോൾ അവയിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ടെങ്കിൽ ബിനാലെ നടത്തിപ്പിനായി സർക്കാർ ഇത്രയും ഭീമമായ തുക ട്രസ്റ്റിന് നൽകേണ്ടതുണ്ടോയെന്നത് പുനഃപരിശോധിക്കണമെന്നും കണക്കുകളുടെ അടിസ്ഥാനത്തിൽ നൽകേണ്ട ധനസഹായം സംബന്ധിച്ച് കൃത്യമായ തീരുമാനമുണ്ടാകുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 15 | വിനോദ സഞ്ചാര വകുപ്പ് | 56 | കൊച്ചി ബിനാലെയുടെ നടത്തിപ്പിനായി സർക്കാർ യാതൊരു നിയന്ത്രണവുമില്ലാതെ തുക നൽകിയതിനെ സമിതി രൂക്ഷമായി വിമർശിക്കുന്നു. സർക്കാർ തുക ഉപയോഗിച്ച് KBF ഓഫീസ് നവീകരിക്കുകയും യഥേഷ്ടം ചെലവഴിക്കുകയും ചെയ്തതിനുശേഷം കണക്കുകൾ സൂക്ഷ്മപരിശോധന നടത്താതെ ചെലവാക്കിയ മുഴുവൻ തുകക്കും സാധൂകരണം നൽകി അനുവദിച്ചു നൽകിയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| 16 | വിനോദ - സഞ്ചാര വകുപ്പ് | 57 | കൊച്ചി ബിനാലെ ഫൗണ്ടേഷൻ പോലെയുള്ള സ്വകാര്യ ഏജൻസികൾക്ക് ബിനാലെ നടത്തിപ്പിനായി സർക്കാർ ധനസഹായം നൽകുമ്പോൾ ഏതൊക്കെ ചെലവിനങ്ങൾക്കാണ് തുക അനുവദിച്ചിരിക്കുന്നത് എന്നതിൽ നിബന്ധന വയ്ക്കണമെന്നും നിബന്ധനയിൽ ഉൾപ്പെടാത്ത ചെലവുകൾക്കുള്ള തുക ടി ഏജൻസി തന്നെ കണ്ടെത്തണമെന്നും കൃത്യമായ വൗച്ചറുകളുടെ അടിസ്ഥാനത്തിൽ മാത്രമേ തുക അനുവദിക്കാവൂ എന്നും വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ടി നിബന്ധനകളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധന നടത്തുവാൻ കൃത്യമായ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സർക്കാർ ഫണ്ടുകൂടി ഉപയോഗിച്ചാണ് ബിനാലെ നടത്തിപ്പിനായുള്ള പദ്ധതി/പ്രവൃത്തികൾ ചെയ്യുന്നതെന്നതിനാൽ വകുപ്പ് തന്നെ ഇത്തരം ഏജൻസികളുടെ വരവുചെലവ് കണക്കുകൾ ഓഡിറ്റ് നടത്തണമെന്നും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 17 | വിനോദ സഞ്ചാര വകുപ്പ് | 59 | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മലിന ജല- ഖരമാലിന്യ സംസ്കരണ പദ്ധതികൾ പ്രാവർത്തികമാകാത്തതിനാൽ ഈ ഇനത്തിൽ എത്ര തുക നഷ്ടമായിയെന്നും ബാക്കി തുക തിരിച്ചടച്ചിട്ടുണ്ടോയെന്നും പദ്ധതി നിർത്തലാക്കിയതിന്റെ കാരണമെന്തെന്നും പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയതെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 18 | വിനോദ സഞ്ചാര വകുപ്പ് | 63 | 'സുവിധ' യുമായി ബന്ധപ്പെട്ട് കോവളത്ത് സൈലന്റ്‌വാലി സൂര്യസ്നാന പാർക്ക് സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ 2013-14-ൽ ആരംഭിച്ച പ്രവൃത്തി ഇത്രയും വർഷമായിട്ടും പൂർത്തിയാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഒരു പ്രവൃത്തി നിർവഹണവുമായി ബന്ധപ്പെട്ട് നിർവഹണ ഏജൻസിയുമായി ഏർപ്പെടുന്ന കരാറിൽ പ്രവൃത്തിക്കാവശ്യമായ വസ്തു കൈമാറ്റം ചെയ്ത് ഒരു നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയായിട്ടില്ലെങ്കിൽ കരാർ റദ്ദാകും എന്നുള്ള |

| | | | |
|---|---|---|---|
| | | | വ്യവസ്ഥ ഉൾപ്പെടുത്തണമെന്ന് സമിതി വകുപ്പിനോട് ശിപാർശ ചെയ്യുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി, നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയായിട്ടില്ലെങ്കിൽ ഈടാക്കേണ്ട നഷ്ടപരിഹാരം എന്നീ വ്യവസ്ഥകൾ കൂടി കരാറിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് സമയപരിധി നിശ്ചയിക്കുന്നതും നഷ്ടപരിഹാരം ഉൾപ്പെടെ സർക്കാരിന് പരിരക്ഷ ലഭിക്കുന്ന നടപടികൾ കരാറിൽ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച നിർദ്ദേശം ലഭ്യമാക്കാൻ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 19 | വിനോദ സഞ്ചാര വകുപ്പ് | 70 | വിനോദ സഞ്ചാര വകുപ്പിന്റെ നിർമ്മാണ ജോലികൾ ഏറ്റെടുക്കുന്ന കിറ്റ്കോ-ക്ക് ഈ മേഖലയിൽ പരിചയസമ്പന്നരായ വിദഗ്ധർ ഇല്ലെന്നും വിവിധ വകുപ്പുകളിൽ നിന്നും അനേകം പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും അവ ചെയ്തു തീർക്കാൻ പര്യാപ്തമായ മികവ് കിറ്റ്കോ-യ്ക്ക് ഇല്ലായെന്നും സമിതി മനസ്സിലാക്കുന്നു. വിനോദസഞ്ചാര മേഖലയിലെ പ്രവൃത്തികൾ മികവുറ്റരീതിയിലും സമയബന്ധിതമായും പൂർത്തിയാക്കേണ്ടവയാണ് . പ്രവൃത്തികളിലുണ്ടാകുന്ന പോരായ്മകൾ ടൂറിസം വരുമാനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ വിനോദസഞ്ചാര മേഖലയിൽ പ്രവൃത്തിപരിചയവും പ്രാവീണ്യവും യോഗ്യതയും ഉള്ള ഏജൻസികളെ മാത്രമേ ഇത്തരം പ്രവൃത്തികൾ ഏൽപ്പിക്കാൻ പാടുള്ളൂ എന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 20 | വിനോദ സഞ്ചാര വകുപ്പ് | 71 | വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷണം, പരിപാലനം എന്നിവ നടത്തുന്നത് ഡി.ടി.പി.സി.യാണെന്നും എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ഡി.ടി.പി.സി.യ്ക്ക് പ്രാപ്തിയില്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ മേൽനോട്ടത്തിനായി ഭരണസംവിധാനത്തിൽ നിന്നും വിഭജിച്ച് കൊണ്ടുള്ള ഒരു സംവിധാനം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 21 | വിനോദ-സഞ്ചാര വകുപ്പ് | 74 | വിനോദസഞ്ചാരികൾ നൽകുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പോലീസ് എടുത്ത കേസ്സുകളിൽ ഇപ്പോഴും തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകളെല്ലാം ഗൗരവമായി പരിശോധിക്കണമെന്നും ആയതിൽ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 22 | വിനോദ സഞ്ചാര വകുപ്പ് | 78 | വിനോദസഞ്ചാര വകുപ്പിലെ വിവിധ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് വിനോദസഞ്ചാരം, വനം, റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടായിരിക്കണമെന്നും ആയതിന് കൃത്യമായ വ്യവസ്ഥ ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 23 | വിനോദ സഞ്ചാര വകുപ്പ് | 79 | അരുവിക്കര ഡാം വികസനം, മൂന്നാർ വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള പദ്ധതികൾ, പെരുവണ്ണാമൂഴി, കക്കയം അണക്കെട്ടുകളുടെ വികസനം, കാരാപ്പുഴ അണക്കെട്ടുകളുടെ വികസനം തുടങ്ങി അടിസ്ഥാന സൗകര്യവികസന പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം, കേന്ദ്രഫണ്ട് നഷ്ടപ്പെടുവാനുണ്ടായ കാരണം, തന്മൂലം സർക്കാരിനുണ്ടായ നഷ്ടം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വിനോദസഞ്ചാര വകുപ്പിനോട് നിർദ്ദേശിച്ചിരുന്നു വെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. മൂന്നാർ, അരുവിക്കര, പെരുവണ്ണാമൂഴി എന്നീ മൂന്ന് വിനോദസഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ M/s സി- എർത്ത്നെതിരെ എടുത്തിട്ടുള്ള നടപടി സംബന്ധിച്ച റിപ്പോർട്ടും കാരാപ്പുഴ ഡാം പരിസരത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏജൻസിയെ മാറ്റിയത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചുവെങ്കിലും പ്രസ്തുത റിപ്പോർട്ടുകളും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലായെന്നതും സമിതി മനസ്സിലാക്കുന്നു. വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സമിതി മുമ്പാകെ സമർപ്പിക്കാത്തത് സമിതിയോടുള്ള അനാദരവാണെന്ന് സമിതി വിലയിരുത്തുന്നു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നും ജാഗ്രത ഉണ്ടായിരിക്കണമെന്നും ഇത്തരത്തിലുള്ള കാലതാമസം ഭാവിയിൽ ആവർത്തിക്കരുതെന്നും വകുപ്പിന് കർശന നിർദ്ദേശം നൽകുന്നു. |

THE REMEDIAL MEASURES TAKEN STATEMENT ON THE AUDIT PARAGRAPH CONTAINED IN THE C & AG REPORT ON ECONOMIC SECTOR FOR THE YEAR ENDED 31.03.2014 RELATED TO TOURISM DEPARTMENT

| Para No. | Recommendations | Action taken report |
|---|---|---|
| 2.1 | **INTRODUCTION** | No comments |
| 2.2 | **FUNCTION OF TOURISM DEPT** | No comments |
| 2.2.1 | Organizational set up | No comments |
| 02/02/02 | Agencies for implementation of tourism projects/schemes | No comments |
| 2.3 | **ACHIEVEMENTS AND RECOGNITION OF TOURISM EFFORTS OF KERALA** | No comments |
| 2.4 | **AUDIT OBJECTIVES** | No comments |
| 2.5 | **AUDIT CRITERIA** | No comments |
| 2.6 | **SCOPE AND METHODOLOGY OF AUDIT** | No comments |
| 2.7<br>2.7.1<br><br>2.7.1.1. | **AUDIT FINDINGS**<br><u>Deficiencies in Policy and Planning</u><br>Tourism Policy of the State | In the new Tourism policy of the state much care is taken to include the audit findings namely.<br>• There will be definite roles and responsibilities of each Department associating with Tourism projects for proper co-ordination for attaining the effective objectives.<br>• Department of Tourism have taken steps to formulate, a comprehensive Master plan focusing the developmental activities in nature and style to be carried out in various destination, which will be sustainable in nature with the immediate |

| | | |
|---|---|---|
| | | environment. Department of Tourism is already involving at vital areas of Tourism, such as Pilgrim Tourism, Adventure Tourism and Spice Tourism. However, more focus will be done in these areas in the coming years. |
| 2.7.1.2 | Non formation of Tourism Committees/Councils in Tourism promotion and Department<br><br>Cabinet Committee and Task Force<br><br>a. Cabinet Committee on Tourism &<br>b. Task Force on Infrastructure Development<br><br>c. Task Force for effective Kerala Waste Free Destination (KWFD) | Noted, this occurred due to some administrative inconvenience. Now department have taken full effort to implement new tourism policy.<br><br>At present, Department of Tourism is conducting two programmes for effectively managing waste and keeping destination clean namely, Clean Destination Campaign & Green Carpet Initiative in association with LSGD<br>Necessary proposals for constitution of the committee will be considered based on the New Tourism Policy 2017. |
| 2.7.1.3 | Failure in preparation of master plans for major destinations. | The master Plan for Fort Kochi In Ernakulum District is approved by Government. The Tourism activities in this area related to infrastructure development is now being executed in tandem with the Master Plan.<br>The draft Master Plan for the other 7 destinations mentioned in the audit Para is in the Directorate and the discussion at various levels with the stake holders are in the final stage. However the current tourism activities in these areas are cared to be executed in relation to the |

| | | |
|---|---|---|
| | | Master Plan under finalization. Hence this Para may kindly be dropped. |
| 2.8.<br><br>2.8.1<br>2.8.1.1<br><br>2.8.1.2<br><br>2.8.1.3. | **<u>DEFICIENCIES IN IMPLEMENTATION OF PROJECTS.</u>**<br>Sanrachana<br>Development of Infrastructure facilities:<br>&<br>Development of Road Infrastructure<br>&<br>Tourist Destination Development | It is noted for future guidance. More over,.the delay occurred in execution is mainly due to the non availability of land in time due to the lack of permissive sanction from related agencies. However, this Department is initiating efforts for the proper co-ordination with other agencies/ departments for the effective or timely completion of the work. Now, Government have constituted a committee for the effective monitoring of the projects and its timely completion. Moreover, the Department of Tourism have also arranged preliminary scrutiny about the viability of the projects including all the above said components,. Hence the Para may be dropped. |
| 2.8.1.4 | Development of Infrastructure for Culture and Heritage | Based on the audit observation, Department of Tourism have taken decision to abandon the projects which are not started even after two years which need formal sanction from various agencies in which administrative sanction obtained. Since the project is conceded as not viable. Steps have already been taken by Department of Tourism to drop the projects which Administrative Sanction is accorded and could not commence even after two years. Hence the Para may be dropped. |
| 2.8.1.5 | Failure to complete projects due to structural design changes. | Audit findings noted. Department of Tourism have taken full efforts to avoid such type of irregularities before sanctioning the tourism projects in future. More over, Department of Tourism have completed the Craft Village and the same has been inaugurated by the Hon'ble Chief Minister, Government of Kerala on 02.03.2016. Now Department of Tourism, have decided to lease out the property on lease basis for 15 years and the selection of the agency for Development and Professional Management & Co-ordination of activities of the Art and Craft Village at Vellar through a transparent bidding |

| | | |
|---|---|---|
| | | process. Consideriong the above facts the Para may kindly be dropped. |
| 2 . 8 . 2 | Soochna | |
| 2 .8 .2 .1 | Information dissimilation and travel facilitation | The projects which could not be commenced or abandoned is mainly due to the lack of availability of land as well as the necessary permissive sanction from the related agencies.<br>Based on the audit observations, at present Department is not issuing Administrative Sanction for projects unless and until the availability of land as well as necessary permissive sanction for the project is assured in advance in writing from the concerned agencies. |
| 2 .8. 2 .2 | Failure to monitor financial ceiling for conduct of exhibition - Kerala Travel Mart (KTM)- Rs.41.62 lakh | As per audit enquiry 49 dated 12.12.2014, the Senior audit officer has directed that the balance amount of Rs.4193862 towards Kerala Travel Mart 2014 has to be released after adjusting Rs.2879830 which is due to the Department.<br>Department of Tourism had sanctioned Rs.1 crore as financial assistance to Kerala Travel Mart 2010. The expenditure of Rs.900483 incurred in connection with Kerala Travel Mart 2010 had been paid by KTM society itself. KTM Society had clarified that the payment in connection with this expenditure was met by them. So only an amount of Rs.19,79,347 was to be adjusted from the payment of KTM 2014. As per the Office Order number M3-3801/14 dated 11.6.2015, Department of Tourism had withhold an amount of Rs.19,79,347/- and released the balance amount of Rs.22,14,515/- to the KTM society towards the finncial assistance for KTM 2014 as the event has been conducted successfully. (Copy enclosed)<br>In the light of the above facts, the audit query regarding the para 2.8.2.2 may be dropped |

| | | |
|---|---|---|
| 2.8.2.3 | Unjustified expenditure out of grant for conduct of Kochi-Biennale<br><br>Regarding the Renovation and Maintenance of Kochi Biennale Foundation Office at Mumbai at a cost of Rs.38.03 lakhs | Noted for future Guidelines. M/s. Kochi Biennale Foundation had informed that, in the meeting held on 3rd January, 2011 one of the decision was taken to operate an office at Mumbai, since most of the administrative personnel and team were located in Mumbai, this was the India's First Biennale – KMB 2012. Since the event has national prominence, it was deemed essential to maintain an office in a major metro outside Kerala Mumbai being the centre of India, art scene was selected due to its proximity to curator, writer, sponsors and other art professionals required to undertake such a large and ambitious cultural project of India. Considering the importance in all aspect, the Government has classified that the KBF may be permitted to use the funds released by Government prudently and for achieving the objectives of the Kochi Biennale vide Govt. letter No.4128/C2/11/Tsm dated 10.2.11 (copy enclosed). The Biennale was in fact a grand success with participation of 90 artists from 23 countries around the world. The volume of international as well as internal tourist has increased many fold which also increased the tourism revenue of the State. All these would not have happened without an office at Mumbai in those initial period of Kochi Biennale. |
| | Regarding the point that an amount of Rs.36.38 lakhs for inaugural function of the event. | Noted for future Guidelines. As mentioned above the Government permitted the KBF to use the funds released by Government prudently and for achieving the objectives of the Kochi Biennale. The actual expenditure for this function was Rs.18 lakhs and this function was not an inaugural function instead it was "Official Declaration Function" of the India's First Biennale. The expenditure for this grand function of Rs.18 lakhs is not at all on a higher side as far as an international event is concerned. More over an event in which, the eminent |

| | | |
|---|---|---|
| | | national and international artists participated in the event, the function should be arranged in international standard, in order to get attention at the international level and make its reputation. Even though the KBF have utilised minimum level expenditure in this regard. Considering the above facts the audit para may kindly be dropped. |
| 2. 8. 3 | Safai | |
